Reg. No. C. 101, M 2293

ഒറ്റപ്രതിക്ക് ഒരണ

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല"

പുസ്തകം 22 | ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നത് — എറണാകുളം 1124 കുംഭം 5 | ലക്കം 26

# കത്തോലിക്കാസർവ്വകലാശാല

(ജെ. കെ. വള്ളമററം, ബി. എ., എൽ എൽ. ബി.)

ഇൻഡ്യയിൽ ഒരു കത്തോലിക്കാസർവ്വകലാശാല സ്ഥാപിക്കുന്നതിനുള്ള ശ്രമങ്ങൾ ഇൻഡ്യൻ കത്തോലിക്കർ ആരംഭിച്ചിട്ട് കാലങ്ങൾ വളരെയായി. 1939 ഡിസംബർമാസത്തിൽ മംഗലാപുരത്തുവച്ചുകൂടിയ കത്തോലിക്കാകോൺഗ്രസ്സ് സമ്മേളനത്തിൽ ഫാദർ ഫ്‌റീമാൻ "കത്തോലിക്കാസർവ്വകലാശാല" എന്ന ഒരു പ്രബന്ധം വായിക്കുകയും, സർവ്വകലാശാല സ്ഥാപനം ത്വരിതപ്പെടുത്തുന്നതിനു് ചില പ്രായോഗിക നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവെങ്കിലും, ഇൻഡ്യയിൽ പിന്നീട് രാഷ്ട്രീയവും സാമുദായികവും ആയി ഉണ്ടായ പരിവർത്തനങ്ങൾകൊണ്ടോ എന്തൊ അക്കാര്യം വിസ്മരിക്കപ്പെടുകയാണ് ചെയ്തതു്. പിന്നീട് അണ്ണാമല സർവ്വകലാശാല വൈസ് ചാൻസലറായിരുന്ന ശ്രീ രത്നസ്വാമിയുടെ ശ്രമഫലമായി "കാത്തലിക് യൂണിയൻ ഒഫ് ഇൻഡ്യ" എന്ന ഒരു സംഘടന രൂപവൽക്കരിക്കുകയും, അതിൻെറ ആഭിമുഖ്യത്തിൽ ഒരു സർവ്വകലാശാല സ്ഥാപിക്കുന്നതിനു് ചില പ്രാരംഭശ്രമങ്ങൾ നടത്തുകയും ചെയ്തുവെങ്കിലും ഇൻഡ്യൻ കത്തോലിക്കരുടെ സഹകരണക്കുറവു കൊണ്ടു് ആ ശ്രമങ്ങൾ നിഷ്ഫലമാവുകയാണുണ്ടായതു്.

ഇൻഡ്യയിൽ, ബോംബെ, തൃശ്ശിനാപ്പള്ളി, മദ്രാസ് മുതലായ വലിയ കേന്ദ്രങ്ങളിൽ മാത്രമല്ല കേരളത്തിലും നിരവധി കത്തോലിക്കാ കോളെജുകൾ പ്രശസ്തമായ രീതിയിൽ നടത്തിവരുന്ന സ്ഥിതിക്കു്, ഒന്നോ രണ്ടോ കത്തോലിക്കാ സർവ്വകലാശാലകൾ സ്ഥാപിക്കുവാൻ ഇൻഡ്യൻ കത്തോലിക്കർ ശ്രമിച്ചാൽ സാധിക്കുമെന്നുള്ളതു് അമേരിക്കയിലെ കത്തോലിക്കാ സർവ്വകലാശാലകളുടെ പ്രാരംഭചരിത്രം നോക്കിയാൽ മനസ്സിലാക്കാം. കേവലം ഒരു കോളെജു കൊണ്ടുമാത്രം 1799-ൽ അമേരിക്കയിൽ മേരിലാൻറിലെ ജോർജ്ജ്ടൗണിൽ ഈശോസഭക്കാർ സ്ഥാപിച്ച കത്തോലിക്കാ സർവ്വകലാശാലയ്ക്കു് ഇന്നു നിരവധി കോളെജുകൾ ഉണ്ടെന്നു മാത്രമല്ല, അത്തരം എഴുപതോളം സർവ്വകലാശാലകൾ സ്ഥാപിക്കപ്പെടുകകൂടി ചെയ്തിട്ടുണ്ടു്. ഇന്നു സ്തുത്യർഹമാംവണ്ണം നടത്തിവരുന്ന The Catholic University of America, അമേരിക്കൻ കത്തോലിക്കരുടെ അഭിമാനസ്തംഭമായി പ്രശോഭിക്കുന്നുണ്ടല്ലോ. അമേരിക്കൻ കത്തോലിക്കർക്കുള്ള നില, ഇന്നു് ഇൻഡ്യൻ കത്തോലിക്കർക്കില്ലെന്നു് സമ്മതിച്ചാലും, ഒരു സർവ്വകലാശാലയെങ്കിലും സ്ഥാപിച്ചു് നടത്തുന്നതിനുള്ള കഴിവുകൾ തീർച്ചയായും ഉണ്ടു്.

കത്തോലിക്കാന്തരീക്ഷത്തിൽ, പ്രാഥമികവിദ്യാഭ്യാസവും സെക്കണ്ടറി വിദ്യാഭ്യാസവും മാത്രമല്ല, സർവ്വകലാശാല വിദ്യാഭ്യാസവും നടത്തണമെന്നു് കത്തോലിക്കാമതാദ്ധ്യക്ഷന്മാരും, നേതാക്കന്മാരും ഉപദേശിക്കുന്നുണ്ടു്. അടുത്ത കാലത്തു് വിദ്യാർത്ഥികളുടെയിടയിൽ, പ്രത്യേകിച്ചും കലാശാലാവിദ്യാർത്ഥികളിൽ, കണ്ടുവരുന്ന ശിക്ഷണരാഹിത്യവും ഈശ്വരവിശ്വാസമില്ലായ്മയും, നീക്കംചെയ്യുന്നതിനു്, ക്രൈസ്തവാദർശങ്ങൾ പ്രതിബിംബിക്കുന്ന പാഠക്രമങ്ങൾ നിർബന്ധമാക്കുക അത്യാവശ്യമാണു്. ഇതു ഒരു കത്തോലിക്കാ സർവ്വകലാശാലയുടെ സ്ഥാപനംമൂലമേ സാധിക്കയുള്ളു. ക്രൈസ്തവരുടെ, പ്രത്യേകിച്ചു് കത്തോലിക്കരുടെ വിദ്യാഭ്യാസസംരംഭങ്ങളെ മുക്തകണ്ഠം പ്രശംസിക്കുന്ന ഇൻഡ്യാഗവമ്മെൻറ്, അലിഗാറിലെ മുസ്ലിം സർവ്വകലാശാലയും, ബനാറിസിലെ ഹിന്ദു സർവ്വകലാശാലയും നിരുന്മേഷപ്പെടുത്താത്ത സ്ഥിതിക്കു്, ഒരു കത്തോലിക്കാസർവ്വകലാശാല സ്ഥാപനത്തെ പ്രതികൂലിക്കുകയില്ല. പൂനാ സർവ്വകലാശാല, കർണ്ണാടക സർവ്വകലാശാല, കാഷ്മീർ സർവ്വകലാശാല മുതലായ പുതിയ സർവ്വകലാശാലകൾ ഉദയം ചെയ്യുന്നതിനു് പ്രോത്സാഹനം നല്കിയ നമ്മുടെ ഗവമ്മെൻറ് വിദ്യാഭ്യാസരംഗത്തിൽ ഏററവും മുന്നിട്ടു് പ്രവർത്തിച്ചുവരുന്ന കത്തോലിക്കരുടെ കലാശാലവിദ്യാഭ്യാസപ്രചരണാർത്ഥമുള്ള ഏതൊരു ശ്രമത്തേയും പ്രോത്സാഹിപ്പിക്കുമെന്നു് നമുക്കു് ന്യായമായി പ്രതീക്ഷിക്കാം.

കത്തോലിക്കരുടെ കേന്ദ്രമായ തെക്കെ ഇൻഡ്യയിൽ, മദ്രാസ്, തിരുവിതാംകൂർ മുതലായ യൂണിവേർസിററികളോടു് അഫിലിയേററഡായിട്ടുള്ള ഇരുപതോളം കത്തോലിക്കാ ഒന്നാം ഗ്രേഡ് കോളെജുകൾ ഉള്ള സ്ഥിതിക്കു്, തെക്കെ ഇൻഡ്യക്കു മാത്രമായി ഒരു കത്തോലിക്കാ സർവ്വകലാശാല സ്ഥാപിക്കുവാൻ സാധിക്കുന്നതാണു്. ഇപ്രകാരം ചെയ്യുന്നപക്ഷം, കത്തോലിക്കർക്കു് നല്ല പ്രാബല്യമുള്ള തിരുവിതാംകൂറിൽ, പാലാ കോട്ടയം മുതലായ കേന്ദ്രങ്ങളിൽ പുതിയ കോളെജുകൾ സ്ഥാപിക്കുന്നതിനുള്ള തദ്ദേശനിവാസികളുടെ ശ്രമം സഫലമാവുകയും ചെയ്യും.

ഒരു ചെറിയ രാജ്യമായ കൊച്ചിയിൽ കത്തോലിക്കർക്കു് അഞ്ചു് ഒന്നാം ഗ്രേഡ് കോളെജുകൾ ഉള്ളപ്പോൾ, തിരുവിതാംകൂറിലെ ഇരുപതുലക്ഷം കത്തോലിക്കർക്കു് ഒരു കോളെജു മാത്രമാണുള്ളതു്. കേരള കത്തോലിക്കർ സംഘടിക്കുന്ന പക്ഷം ഒരു കത്തോലിക്കാസർവ്വകലാശാല സ്ഥാപിക്കുന്നതിനുള്ള കഴിവുകൾ ഉണ്ടു്. തൃശ്ശിനാപ്പള്ളി, മദ്രാസ് മുതലായ കേന്ദ്രങ്ങളിൽ പ്രശസ്തമായരീതിയിൽ കോളെജുകൾ നടത്തിവരുന്ന ഈശോസഭക്കാരുമായി സഹകരിച്ചു പ്രവർത്തിക്കുന്ന പക്ഷം ലക്ഷ്യപ്രാപ്തിയിൽ എത്താൻ പ്രയാസമില്ല.

അധികാരകൈമാററത്തെ തുടർന്നു് ഭാരതീയ കത്തോലിക്കരുടെ ചുമതലകൾ വളരെ വർദ്ധിച്ചിട്ടുണ്ടു്. സമുദായ സംഘടനകളും, സമുദായസ്ഥാപനങ്ങളും നശിപ്പിക്കണമെന്നു് ചില ദേശീയവാദികൾ വാദിക്കുന്നുണ്ടെങ്കിലും, അക്കൂട്ടർ തന്നെ അവരുടെ സമുദായങ്ങൾക്കു് പ്രത്യേകസ്ഥാപനങ്ങളും സംഘടനകളും ഉണ്ടാക്കുന്നതിനു് ശ്രമിക്കുന്നതു് ശ്രദ്ധേയമാണു്. ഭാരതീയകത്തോലിക്കർ യഥാർത്ഥത്തിൽ സംഘടിക്കേണ്ട കാലം ഇതാണു്. സ്വതന്ത്രഭാരതത്തിൻെറ കരുപ്പിടിച്ചുവരുന്ന ഭരണഘടനയിൽ മതസ്വാതന്ത്ര്യവും വിദ്യാഭ്യാസസ്വാതന്ത്ര്യവും നിക്ഷിപ്തമായിട്ടുണ്ടെങ്കിലും ചില പ്രാദേശികഗവമ്മെൻറുകൾ അവയെ വെല്ലുവിളിക്കുവാൻ മുതിരുന്നതു് കത്തോലിക്കർക്കു് സ്വതന്ത്രമായ ഒരു സ്ഥാപനത്തിൻെറ അഭാവംകൊണ്ടായിരിക്കാം. 1944 ലെ ബോംബെ സോഫിയാ കോളെജു് സംഭവം ആവർത്തിക്കപ്പെടാതിരിക്കാൻ നാം ആഗ്രഹിക്കുന്നുവെങ്കിൽ, സർ സി. പി. യുടെ വിദ്യാഭ്യാസമർദ്ദനം ഇനി തലപൊക്കാതിരിക്കുവാൻ നാം അഭിലഷിക്കുന്നുവെങ്കിൽ, നമ്മുടെ വിദ്യാഭ്യാസസ്ഥാപനങ്ങൾ സുരക്ഷിതമായി നിലനില്ക്കണമെന്നുള്ള നമ്മുടെ ആശ നിറവേറണമെങ്കിൽ, നാം ഉണർന്നു പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ഈയവസരത്തിൽ, കേരളീയ കത്തോലിക്കർക്കും, കേരളകത്തോലിക്കാ കോൺഗ്രസ്സിനും ഒരു പ്രത്യേകചുമതലയുണ്ടെന്നുള്ളതു് വിസ്മരിക്കരുതു്. നമ്മുടെ ഇരുപതു നൂററാണ്ടത്തെ പഴക്കമുള്ള സംസ്കാരവും സാമ്പത്തികകഴിവുകളും പരിഗണിക്കുമ്പോൾ ഒരു കത്തോലിക്കാസർവ്വകലാശാല സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗദർശനം നല്കേണ്ട ചുമതല പ്രധാനമായും നമ്മളിൽത്തന്നെയാണു് സ്ഥിതിചെയ്യുന്നതു്. നമ്മുടെ വൈദികമേലദ്ധ്യക്ഷന്മാരും, വിദ്യാഭ്യാസപ്രവർത്തകന്മാരും, പൊതുജനസംഘടനകളും, ഇക്കാര്യത്തിൽ സജ്ജീവമായി പ്രവർത്തിക്കുകയും, അങ്ങനെ ഭാരതീയകത്തോലിക്കരെ ഒന്നിച്ചു് സംഘടിപ്പിക്കുന്ന ആ പൊതുസ്ഥാപനം—കത്തോലിക്കാ സർവ്വകലാശാല—രൂപമെടുക്കുന്നതിനു് യത്നിക്കുകയും ചെയ്യുമെന്നു് പ്രത്യാശിക്കാം.



തേവര കോൺവെൻറിൻെറ അങ്കണത്തിൽവച്ചു് കൊച്ചി മഹാരാജാവു തിരുമേനിയും, നിയമസഭാപ്രസിഡണ്ടു്, മന്ത്രിമാർ, കർമ്മലീത്താ സുറിയാനി സഭാ പ്രിയോർ ജനറൽ, റവ. ഫാദർ കാർട്ടി എസ്. ജെ. മുതലായവരും തേവര കോൺവെൻറിലെ സന്യാസവൈദികരും ചേർന്നു് എടുത്ത ഫോട്ടോ.

## ചോദ്യോത്തരപംക്തി

ചോ: ബാപ്‌റിസ്‌റ്സഭ എപ്പോൾ എങ്ങനെ ഉണ്ടായി?

ഉ: അവരെ ആദ്യമായി കാണുന്നതു് 1521-ലാണു്. 1517-ൽ ആണു് മാർട്ടിൻ ലൂതർ കത്തോലിക്കാസഭയോടെതിർത്തതു്. അദ്ദേഹത്തിൻെറ അനുയായികളിൽ തോമസ് മുൺസർ (Thomas Munzer) എന്നൊരാൾ ഉണ്ടായിരുന്നു. ലൂതറിൽ കത്തോലിക്കാസഭയുടെ ഉപദേശത്തിൽ പലതും പിന്നെയും ശേഷിച്ചിരിക്കുന്നു എന്നും അതുകൂടെ കളയാതെ ശരിയായ നവീകരണമാകയില്ലെന്നും പറഞ്ഞു അദ്ദേഹം പ്രസംഗം തുടങ്ങി. ശിശുപ്രായത്തിലേററ മാമ്മോദീസാ ഒന്നും ശരിയല്ലെന്നും വിശ്വാസം ഏററുപറഞ്ഞു് എല്ലാവരും വീണ്ടും മാമ്മോദീസാ ഏൽക്കണമെന്നും അദ്ദേഹം പ്രസംഗിച്ചു. അങ്ങനെ വീണ്ടും സ്നാനമേററവർ ചേർന്നു് ഒരു സഭയായി. അവരെയാണു് വീണ്ടും സ്നാനക്കാർ അല്ലെങ്കിൽ ബാപ്‌റിസ്റ്റു് എന്നു വിളിച്ചുവരുന്നതു്. ഈ വിശ്വാസം ഇംഗ്ലണ്ടിൽ ഉണ്ടായിട്ടു് കുറച്ചുകൊല്ലങ്ങളേ ആയിട്ടുള്ളു. ജോൺ സ്മിത്തു്, തോമസ് ഹെൽവേസ് (Thomas Helways) എന്ന രണ്ടുപേരാണു് ഇംഗ്ലണ്ടിലെ ഇതിൻെറ ആദ്യപ്രവർത്തകർ. 1611-ലാണു് ലണ്ടനിലെ ഇവരുടെ ആദ്യത്തെ ചാപ്പൽ പണുതതു്. ജോൺസ്മിത്തു് ബാപ്‌റിസ്റ്റുകാ

(ശേഷം 12-ാം പേജിൽ)

പ്രഭാഷണം

# ബലഹീനതയിലെ ബലം

"നിങ്ങൾ ബുദ്ധിയുള്ളവരായിരിക്കകൊണ്ടു് ബുദ്ധിഹീനന്മാർ പറയുന്നതു് കേൾക്കുവാൻ ക്ഷമയുള്ളവരാണല്ലോ. ആരെങ്കിലും നിങ്ങളെ അടിമകളാക്കുകയൊ, നിങ്ങളെ തിന്നുകളയുകയൊ, നിങ്ങളിൽനിന്നു പിടിച്ചെടുക്കുകയൊ, നിങ്ങളെക്കാൾ ഉന്നതസ്ഥാനം പ്രാപിക്കുകയൊ, നിങ്ങളുടെ മുഖത്തു് അടിക്കുകയൊ ചെയ്യുമ്പോൾ നിങ്ങൾ അവയെല്ലാം സമ്മതിച്ചുകൊടുക്കുന്നു. ഞങ്ങൾ ബലഹീനന്മാരായിരുന്നാൽ എന്നപോലെ അവമാനത്തോടെ എന്ന മട്ടിൽ ഞാൻ പറയുന്നു. ആരെങ്കിലും ധൈര്യപ്പെടുന്ന ഏതു കാര്യത്തിനും—ബുദ്ധിഹീനതയിൽ ഞാൻ പറയുന്നു—ഞാനും ധൈര്യപ്പെടുന്നു. അവർ എബ്രായക്കാരാണെങ്കിൽ ഞാനും അങ്ങനെതന്നെ. അവർ ഇസ്രായേൽക്കാരാണെങ്കിൽ ഞാനും അങ്ങനെതന്നെ. അവർ അബ്രാഹത്തിന്റെ സന്തതികളാണെങ്കിൽ ഞാനും അങ്ങനെതന്നെ. അവർ മിശിഹായുടെ ശുശ്രൂഷകരാണെങ്കിൽ—ബുദ്ധിഹീനതയിൽ ഞാൻ പറയുന്നു—ഞാൻ അവരെക്കാൾ അധികം ആകുന്നു. അദ്ധ്വാനത്തിൽ അവരെക്കാൾ അധികം; അടികളിൽ അവരെക്കാൾ അധികം; കാരാഗൃഹങ്ങളിൽ അവരെക്കാൾ അധികം; മരണാപത്തുകളിൽ പല പ്രാവശ്യം. ഞാൻ യൂദന്മാരിൽനിന്നു അഞ്ചു പ്രാവശ്യം ഒന്നുകുറയെ നാല്പതു് അടിവീതം കൊണ്ടു. ഞാൻ വടികളാൽ മൂന്നു പ്രാവശ്യം അടിക്കപ്പെട്ടു; ഒരു പ്രാവശ്യം കല്ലെറിയപ്പെട്ടു; മൂന്നു പ്രാവശ്യം കപ്പലപകടത്തിൽപ്പെട്ടു് പടവു കൂടാതെ പകലും രാവും കടലിൽ കഴിച്ചുകൂട്ടി. പല യാത്രകളിലും നദികളിലെ അപകടത്തിലും, കള്ളന്മാരിൽനിന്നുള്ള അപകടത്തിലും എന്റെ കുടുംബക്കാരിൽനിന്നുള്ള അപകടത്തിലും, പുറജാതികളിൽനിന്നുള്ള അപകടത്തിലും ഞാൻ ജീവിതം നയിച്ചു. പട്ടണത്തിൽവെച്ചു ഞാൻ അപകടത്തിൽ ഉൾപ്പെട്ടു. വനത്തിലെ അപകടത്തിലും കടലിലെ അപകടത്തിലും വ്യാജസഹോദരന്മാരിൽനിന്നുള്ള അപകടത്തിലും ഞാൻ അകപ്പെട്ടിട്ടുണ്ടു്. അദ്ധ്വാനത്തിലും ക്ഷീണത്തിലും വളരെ ഉറക്കൊഴിവിലും വിശപ്പിലും ദാഹത്തിലും വലിയ ഉപവാസത്തിലും കുളിരിലും നഗ്നതയിലും ഞാൻ കഴിച്ചുകൂട്ടേണ്ടിവന്നു. ഇവയാകട്ടെ, മററു പലതിനും, എനിക്കു വിരോധമായി ദിവസേനയുള്ള കൂട്ടുകെട്ടിനും, സർവ്വസഭകളെയും കുറിച്ചു് എനിക്കുള്ള ചിന്താഭാരത്തിനും പുറമെയുള്ളവയാണു്. ആർ ബലഹീനനാകുമ്പോഴാണു് ഞാൻ ബലഹീനനാകാതിരിക്കുന്നതു്? ആർ ഇടറുമ്പോഴാണു് ഞാൻ ദഹിക്കാതിരിക്കുന്നതു്? പ്രശംസിക്കുന്നതു് യുക്തമാണെങ്കിൽ എന്റെ ബലഹീനതകളെപ്പററി ഞാൻ പ്രശംസിക്കും. ഞാൻ വ്യാജം പറയുന്നില്ല എന്നു് നമ്മുടെ കർത്താവീശോമിശിഹായുടെ പിതാവായി എന്നന്നേക്കും അനുഗൃഹീതനായിരിക്കുന്ന ദൈവം അറിയുന്നു. ദമസ്കോസിൽ വെച്ചു് അരേത്തോസ് രാജാവിന്റെ സൈന്യാധിപൻ എന്നെ പിടിക്കുവാൻ ദമസ്കോസുകാരുടെ പട്ടണത്തെ കാത്തുകൊണ്ടിരുന്നു. എന്നാൽ മതിലിൽനിന്നു കിളിവാതിലിൽക്കൂടി ഒരു കൊട്ടയിൽ അവർ എന്നെ ഇറക്കിവിട്ടു. ഇങ്ങനെ അവന്റെ കൈകളിൽ നിന്നു ഞാൻ രക്ഷപെട്ടു. പ്രശംസിക്കുന്നതു് യുക്തമാകുന്നു. എന്നാൽ അതുകൊണ്ടു് പ്രയോജനമില്ല. ഞാൻ നമ്മുടെ കർത്താവിന്റെ ദർശനങ്ങളിലേക്കും വെളിപാടുകളിലേക്കും കടക്കുന്നു. പതിനാലു വത്സരങ്ങൾക്കുമുമ്പു്—ശരീരത്തോടുകൂടിയൊ ശരീരം കൂടാതെയൊ എന്നു ഞാൻ അറിയുന്നില്ല; ദൈവമാകുന്നു അതറിയുന്നവൻ—സ്വർഗ്ഗത്തിന്റെ മൂന്നാം തട്ടുവരെ എടുക്കപ്പെട്ട ഒരു മനുഷ്യനെ മിശിഹായിൽ ഞാൻ അറിയുന്നു. ഈ മനുഷ്യൻ—ശരീരത്തോടുകൂടിയൊ ശരീരം കൂടാതെയൊ എന്നു ഞാനറിയുന്നില്ല; ദൈവമാകുന്നു അതറിയുന്നവൻ—പറുദീസായിലേക്കു എടുക്കപ്പെട്ടുവെന്നും മനുഷ്യനു സംസാരിപ്പാൻ പാടില്ലാത്തവയും മനുഷ്യനാൽ സംസാരിക്കപ്പെടാത്തവയുമായ വചനങ്ങൾ കേട്ടുവെന്നും ഞാനറിയുന്നു. ഇവനെക്കുറിച്ചു് ഞാൻ പ്രശംസിക്കും. എന്നെക്കുറിച്ചോ ബലഹീനതകളിലല്ലാതെ ഞാൻ പ്രശംസിക്കുകയില്ല. പ്രശംസിക്കുവാൻ ഇച്ഛിക്കുന്നെങ്കിൽ ഞാൻ ബുദ്ധിഹീനനായിരിക്കയില്ല. ഞാൻ പറയുന്നതു് സത്യമാകുന്നു. എന്നാൽ എന്നിൽ കാണുകയും എന്നിൽനിന്നു കേൾക്കുകയും ചെയ്യുന്നതിലധികമായിട്ടു് ആരും എന്നെ സംബന്ധിച്ചു് വിചാരിക്കാതിരിക്കേണ്ടതിനു് ഞാൻ അടങ്ങുന്നു. വെളിപാടുകളുടെ ആധിക്യത്താൽ ഞാൻ അഹങ്കരിക്കാതിരിക്കുവാൻ എന്റെ ശരീരത്തിനു് ഒരു മുള്ളു് നൽകപ്പെട്ടിരിക്കുന്നു—ഞാൻ അഹങ്കരിക്കാതിരിക്കേണ്ടതിനു് എന്നെ പീഡിപ്പിക്കുവാനുള്ള സാത്താന്റെ ദൂതൻ തന്നെ. എന്നിൽനിന്നു അകററിക്കളയണമെന്നു ഇതിനെപ്പററി മൂന്നു പ്രാവശ്യം എന്റെ കർത്താവിനോടു ഞാൻ പ്രാർത്ഥിച്ചു. അതിനു് അങ്ങുന്നു എന്നോടു: "നിനക്കു എന്റെ കൃപ മതിയാവോളം ഉണ്ടു്. എന്റെ ശക്തി ബലഹീനതയിലാണു് പൂർണ്ണമാകുന്നതു്" എന്നരുളിച്ചെയ്തു. അതിനാൽ മിശിഹായുടെ ശക്തി എന്നിൽ വസിക്കേണ്ടതിനു് എന്റെ ബലഹീനതകളിൽ ഞാൻ സന്തോഷത്തോടെ പ്രശംസിക്കും." (അറുപതാം ഞായർ ലേഖനം II Cor XI 19—33—XII 1—9)

സുദീർഘമായ ഇന്നത്തെ ലേഖനം വി. പൗലോസ് ശ്ലീഹായുടെ ത്യാഗോജ്ജ്വലമായ ജീവിതത്തിന്റെ ചില ഘട്ടങ്ങളെ നമുക്കു് വെളിപ്പെടുത്തിത്തരുന്നു. ക്രിസ്തുവിനെപ്രതി സകല ക്ലേശങ്ങളും പരന്മാരിൽനിന്നുള്ള കൈയേററങ്ങളും "ബലഹീനന്മാരായിരുന്നാൽ എന്നപോലെ" സഹിക്കുന്നതു് ക്രൈസ്തവധർമ്മമാണെന്നു വി. ശ്ലീഹാ പ്രസ്താവിക്കുന്നു. എന്നാൽ അതേ സമയം തന്നെ സകല കൃത്യങ്ങളും ചെയ്യുന്നതിനുള്ള ധൈര്യവും തനിക്കുണ്ടെന്നും അദ്ദേഹം വീരവാദം മുഴക്കുന്നു. തദനന്തരം ക്രിസ്തുവിനെ പ്രതിയും സുവിശേഷപ്രചരണാർത്ഥവും വി. ശ്ലീഹാ അനുഭവിക്കേണ്ടിവന്നിട്ടുള്ള നിരവധി ക്ലേശങ്ങളുടെ വിശദമായ ഒരു പട്ടികയാണു് ഹാജരാക്കപ്പെടുന്നതു്. അതിനുശേഷം സ്വർഗ്ഗത്തിന്റെ മൂന്നാം തട്ടുവരെ എടുക്കപ്പെട്ട നിസ്തുല സൗഭാഗ്യത്തെക്കുറിച്ചു ഒരു ഏകദേശ ദർശനം നമുക്കു് ലഭിക്കുന്നു. എന്നാൽ ഈ മഹാഭാഗ്യം മൂലം അഹങ്കരിക്കാതിരിപ്പാൻ വേണ്ടി സദാ തന്നെ പീഡിപ്പിച്ചുകൊണ്ടിരിക്കുന്നതിനായി തന്റെ "ശരീരത്തിൽ ഒരു മുള്ളു്" നൽകപ്പെട്ടുവെന്നും അതു നീങ്ങിക്കിട്ടുവാൻ കർത്താവിനോടു പ്രാർത്ഥിച്ചപ്പോൾ "നിനക്കു എന്റെ കൃപ മതിയാവോളം ഉണ്ടു്. എന്റെ ശക്തി ബലഹീനതയിലാണു് പൂർണ്ണമാകുന്നതു്" എന്നു കർത്താവു അരുളിച്ചെയ്തുവെന്നും വി. ശ്ലീഹാ പ്രസ്താവിക്കുന്നു.

ഉപരിപ്ലവബുദ്ധികളും ലൗകായതികരുമായ പലർക്കും കത്തോലിക്കാതത്വസംഹിതയിൽ പല വിരോധോക്തികളും (Paradoxes) അടങ്ങിയിട്ടില്ലേ എന്നു പ്രഥമവീക്ഷണത്തിൽ ഒരു പക്ഷേ സംശയം തോന്നിയേക്കാം. തോൽവിയിലാണു് വിജയം, ത്യാഗമാണു് നേട്ടം, താഴ്ചയാണു് ഉയർച്ച, മരണത്തിലാണു് ജീവൻ, ബലഹീനതയിലാണു് ബലം. എന്നിങ്ങനെ വൈരുദ്ധ്യപ്രദ്യോതകങ്ങളായ പ്രസ്താവനകളാണു് ഈ സംശയത്തിനു നിദാനമായിട്ടുള്ളതു്. എന്നാൽ ഈ വിരോധോക്തികളുടെ ശരിയായ അർത്ഥം മനസ്സിലാകുമ്പോൾ അവയുടെ മാഹാത്മ്യവും ഔൽകൃഷ്ട്യവും സുതരാം സ്പഷ്ടമാകുന്നതാണു്. കുരിശിൽ ക്രിസ്തു മരിച്ചപ്പോൾ അതു് ഒരു വലിയ പരാജയമായി യഹൂദന്മാർ പരിഗണിച്ചു; എന്നാൽ യഥാർത്ഥത്തിൽ അതു് പാപത്തിന്റെയും നരകസർപ്പത്തിന്റെയും അന്ധകാരശക്തികളുടെയും മേലുള്ള പരിപൂർണ്ണമായ വിജയമായിരുന്നു. പരസ്നേഹത്തെപ്രതി ആളും അർത്ഥവുംകൊണ്ടു സഹിക്കുന്ന ത്യാഗങ്ങൾ ഒരിക്കലും ഒരു നഷ്ടമല്ല; പ്രത്യുത നൂറിരട്ടി പ്രതിഫലം—ഒരു കോപ്പ പച്ചവെള്ളത്തിനുപോലും—ലഭിക്കുന്ന സമ്പാദനമാർഗ്ഗങ്ങളാണു് അവ. ഒരുവന്റെ മരണത്തോടുകൂടി എല്ലാം അവസാനിക്കുകയല്ല ചെയ്യുന്നതു്; പ്രത്യുത ശാശ്വതമായ ജീവൻ അതു വഴിയായി അവനു ലഭിക്കയാണു് ചെയ്യുന്നതു്. ലോകത്തിനു മരിച്ചവനെപ്പോലെ ജീവിക്കുന്നവൻ ആദ്ധ്യാത്മികമായി ജീവിക്കുന്നു. സ്വയം എളിമപ്പെടുന്നവൻ യഥാർത്ഥത്തിൽ അപകർഷം അനുഭവിക്കുന്നില്ല. മറിച്ചു്, ഔന്നത്യം പ്രാപിക്കയാണു് ചെയ്യുന്നതു്. "തന്നെത്താൻ താഴ്ത്തുന്നവൻ ആരോ അവൻ ഉയർത്തപ്പെടും." ഇന്നത്തെ ലേഖനത്തിൽ വി. ശ്ലീഹാ പറയുന്നു, ബലഹീനതയിലാണു് ബലം അടങ്ങിയിരിക്കുന്നതെന്നു്. "എന്റെ ബലഹീനതകളെപ്പററി ഞാൻ പ്രശംസിക്കും"; ദൈവത്തിന്റെ ശക്തി "ബലഹീനതയിലാണു് പൂർണ്ണമാകുന്നതു്." ഇന്നത്തെ ലേഖനത്തെത്തുടർന്നുള്ള വാക്യത്തിലും വി. ശ്ലീഹാ പറയുന്നു: "മിശിഹായെ പ്രതിയുള്ള ബലഹീനതകളിലും അവമാനങ്ങളിലും ഞെരുക്കങ്ങളിലും പീഡകളിലും കാരാഗൃഹങ്ങളിലും ഞാൻ ഇഷ്ടപ്പെടുന്നു. ഞാൻ എപ്പോൾ ബലഹീനനാകുന്നുവൊ അപ്പോഴാണു് ബലവാനാകുന്നതു്."

ഉൽഭവദോഷം നിമിത്തം നാമെല്ലാവരും ബലഹീനരും തിന്മയിലേക്കു ചാഞ്ഞവരുമായിത്തീർന്നിട്ടുണ്ടു്. എന്നാൽ, ഈ പരമാർത്ഥം നാം മനസ്സിലാക്കിക്കൊണ്ടും സ്വയം നിരാശ്രയരാണെന്നു ഏററുപറഞ്ഞുകൊണ്ടും ദൈവത്തിൽ കൂടുതലായി ആശ്രയിക്കുമ്പോൾ നാം ബലഹീനരെങ്കിലും ബലവാന്മാരായിത്തീരുന്നു. കാരണം, ദൈവം നമ്മെ താങ്ങിക്കൊള്ളും. നാം എത്രമാത്രം നമ്മുടെ ബലഹീനതയെ മനസ്സിലാക്കി ആത്മാർത്ഥമായും പരിപൂർണ്ണമായും ദൈവത്തിൽ ആശ്രയിക്കുന്നുവൊ അത്രമാത്രം നാം ശക്തിപ്രാപിക്കുന്നു. "എന്നെ ശക്തിപ്പെടുത്തുന്നവനായ ദൈവത്തിൽ എനിക്കു എല്ലാം ചെയ്വാൻ കഴിയും." വിശുദ്ധ പൗലോസിനെപ്പോലെതന്നെ നിരവധി രക്തസാക്ഷികളും മററു വിശുദ്ധാത്മാക്കളും കഠിനയാതനകൾക്കിടയിൽ വളരെ ശക്തരായിക്കാണപ്പെട്ടതിന്റെ രഹസ്യവും ഇതുതന്നെ "ദൈവം വിശ്വസ്തനാണു്; നിങ്ങൾക്കു കഴിവുള്ളതിലധികമായി പരീക്ഷിക്കപ്പെടുവാൻ ദൈവം നിങ്ങളെ കൈവിടുകയില്ല." ഗ്ലീലാ തടാകത്തിലെ കൊടുങ്കാററിൽപെട്ടു്, ദിവ്യരക്ഷകനും ശ്ലീഹന്മാരും കയറിയിരുന്ന വഞ്ചി മുങ്ങാറായപ്പോൾ ശ്ലീഹന്മാർ തങ്ങളുടെ നിരാശ്രയാവസ്ഥ മനസ്സിലാക്കിക്കൊണ്ടു ഉറങ്ങിക്കിടന്നിരുന്ന ഗുരുവിനെ വിളിച്ചുണർത്തി, "നാഥാ, ഞങ്ങളെ രക്ഷിക്കുക, ഞങ്ങൾ നശിക്കുവാൻ പോകുന്നു" എന്നു് പ്രാർത്ഥിച്ചു. ദൈവത്തോടുള്ള ഈ ഒരാശ്രയമനസ്ഥിതി നമുക്കു് എത്രമാത്രം ഉൽക്കടമായിയുണ്ടാകാൻ സാധിക്കുമൊ അത്രയും നാം ശക്തിപ്രാപിക്കും. ബലഹീനരായ പിഞ്ചുപൈതങ്ങൾക്കും സ്ത്രീകൾക്കും നിഷ്ഠുരപീഡനങ്ങളും ക്രൂരമരണവും സസന്തോഷം സഹിക്കുവാനുള്ള ശക്തി എവിടെനിന്നു കിട്ടി?... വിശുദ്ധ കൊച്ചുത്രേസ്യായുടെ "ആദ്ധ്യാത്മിക ശിശുത്വ"ത്തിന്റെ അടിസ്ഥാനതത്വവും ദൈവത്തിലുള്ള ശിശുസഹജമായ ആശ്രയമല്ലേ?...മനുഷ്യശക്തി കുറവായിരിക്കുമ്പോൾ ദൈവത്തിന്റെ പ്രകൃത്യതീതമായ ശക്തിക്കു പ്രത്യക്ഷപ്പെടുവാനും പ്രവർത്തിക്കുവാനും കൂടുതലായ അവസരമുണ്ടു്. മനുഷ്യനു നൽകപ്പെടുന്ന പ്രകൃത്യതീതമായ ശക്തി അപ്പോൾ ഏററം പൂർണ്ണമായി കാണപ്പെടുകയും ചെയ്യും. ദൈവാശ്രയത്തിൽ നാം പുരോഗമിച്ചുകൊണ്ടു് അതിന്റെ പാരമ്യത്തിൽ എത്തുമ്പോൾ "ഞാൻ ജീവിക്കുന്നു; എന്നാൽ ഞാനല്ല, ക്രിസ്തു എന്നിൽ ജീവിക്കുന്നു" എന്നു് പറയുവാൻ നമുക്കും സാധിക്കും. നമ്മിൽനിന്നു സ്വാർത്ഥത്തിന്റെയും സ്വാശ്രയത്തിന്റെയും അവസാനകണികകളും തുടച്ചുനീക്കി മുഴുവനും ദൈവമായ ക്രിസ്തുവിനാൽ സമ്പൂർണ്ണമാക്കപ്പെടുമ്പോൾ നമ്മുടെ ശക്തി വലിയതായിരിക്കും. പാപത്തിലേക്കുള്ള പ്രലോഭനങ്ങളിൽ കുടുങ്ങി വലയുന്നവരും തങ്ങളുടെ ബലഹീനതകളും അശുദ്ധതഴക്കങ്ങളുംമൂലം നിരാശയിൽ നിപതിച്ചിട്ടുള്ളവരും കൂടുതലായും ആത്മാർത്ഥമായും ദൈവത്തിൽ ആശ്രയിക്കട്ടെ. അപ്പോൾ അവർ ബലഹീനതയിലും ബലം കണ്ടെത്തും.

(ജെ. ചെമ്മണൂർ)

## രാജരാജവർമ്മരാജായുടെ അഭിപ്രായം

"സാഹിതീസർവ്വസ്വ" കർത്താവും സാഹിത്യകലാനിധിയുമായ മഹാമഹിമ ശ്രീ വടക്കുംകൂർ രാജാ തിരുമനസ്സുകൊണ്ടു്, 124 മകരം 18-ാംനു എഴുതുന്നു:—

"നിരൂപണകലയിലും കാവ്യവസ്തുവിന്റെ മർമ്മികാംശങ്ങൾ ഗ്രഹിച്ചു സഹൃദയമോഹനമായ ഭാഷയിൽ പ്രതിപാദിച്ചു ഫലിപ്പിക്കുന്ന കാര്യത്തിലും നമ്മുടെ ഗ്രന്ഥകാരനായ ശ്രീ സി. കെ. മററം അവർകൾ പണ്ടേതന്നെ പാടവം നേടിയിട്ടുണ്ടു്. ഈ ഗുണം ഗ്രന്ഥത്തിന്റെ മേന്മയ്ക്കു മാററു കൂട്ടുന്നു.

സഹൃദയാനന്ദജനകമായ ഒരു കൃതിയാണു് ചിത്രവേദി. ഗ്രന്ഥകാരൻ പല സന്ദർഭങ്ങളിലായി എഴുതിയിരിക്കുന്ന 18 ലേഖനങ്ങൾ ഇതിൽ അടങ്ങിയിരിക്കുന്നു. ഓരോ ലേഖനത്തിൽനിന്നും ബഹുമുഖങ്ങളായ ലോകസ്വഭാവഗതികളും തത്വങ്ങളും വായനക്കാർക്കു ഗ്രഹിക്കുവാൻ കഴിയും. ഒന്നാമത്തേതായ "അഭിസാരിക"തന്നെ ഉദാഹരണം...... രണ്ടാമത്തെ ഉപന്യാസം, "വട്ടകപ്പടയുടെ ഓട്ടം" ചരിത്ര പ്രണയികളുടെ ശ്രദ്ധയെ ആകർഷിക്കുന്ന ഒന്നാണു്. ഇന്നത്തെ നിരൂപകന്മാർ തീർച്ചയായും വായിച്ചുപഠിക്കേണ്ടതാണു്, "ഗ്രന്ഥപരിശോധനം".


ചുരുക്കത്തിൽ സാരവത്തുകളും സരസങ്ങളുമാണു "ചിത്രവേദി"യിലെ ഉപന്യാസങ്ങളെല്ലാം, എന്നു അഭിപ്രായപ്പെടാം. ഗ്രന്ഥകർത്താവിന്റെ ഭാഷയിൽ സഹജമായി കണ്ടുവരുന്ന മാധുര്യപ്രാസാദികളുടെ ഉൽകർഷം "ചിത്രവേദി"യിലെ എല്ലാ ഉപന്യാസങ്ങളിലും തിളങ്ങുന്നതായി അനുഭവപ്പെടുന്നു.

ഏതൽപ്രസ്ഥാനത്തിൽ നിർമ്മിതമായ ഗ്രന്ഥസമുദായത്തിൽ "ചിത്രവേദി"ക്കു് ഒരു മുഖ്യസ്ഥാനം തീർച്ചയായും കിട്ടുമെന്നു ഞാൻ വിശ്വസിക്കുന്നു."

കുർബ്ബാനക്കുപ്പായം, കാപ്പ മുതലായ വൈദിക വസ്ത്രങ്ങൾക്കു് കൊളംബോ സാരിവർക്കു്, ബ്രോഡ് വെ-എറണാകുളം.

## പൂനാ

അഖിലകേരളകത്തോലിക്കാകോൺഗ്രസ് പൂനാ ശാഖയുടെ 3-ാം വാർഷികം 949 ജാനുവരി 16-ാംനു രാവിലെ 10 മണിക്കു് സെന്റ് ഇഗ്നേഷ്യസ് സ്കൂൾഹാളിൽവച്ചു് പ്രസിഡണ്ടു മി. കെ. വി. ചാക്കൊ ബി. എ. യുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. തദവസരത്തിൽ തന്നെ, ഈ ശാഖയുടെ ആത്മീയോപദേഷ്ടാവായ റവ. ഫാ. ലാവുദർ എസ്. ജെ. സ്ഥലം പള്ളിവികാരിയെന്ന നിലയിൽ 25 കൊല്ലം പൂർത്തിയായതിനെ അനുസ്മരിച്ചു് അദ്ദേഹത്തിന്റെ രജതജൂബിലി ആഘോഷിക്കപ്പെടുകയും ചെയ്തു.




ക്രീം ചീസ്
(കുടുംബിനി)

ഒരുകുപ്പി പാൽ, ആഴക്കു തൈരു്, രണ്ടുകഴഞ്ചു ഉപ്പു്, ഒരു ചെറുനാരങ്ങ.

പാൽ നല്ലവണ്ണം കാച്ചി വേവിക്കുക. തണുത്തതിനുശേഷം ആഴക്കു തൈരും ഒരു ചെറുനാരങ്ങായുടെ നീരും ചേർത്തു് ഒരു രാത്രി മുഴുവൻ അനക്കാതെ വച്ചിരിക്കുക. രാവിലെ അതു ഒരു ഉണങ്ങിയ തുണിയിൽ കെട്ടി തൂക്കിയിടുക. പന്ത്രണ്ടുമണിക്കൂർ കഴിഞ്ഞു് അഴിച്ചെടുത്തു് ഒരു പാത്രത്തിലാക്കിയശേഷം ഉപ്പു ചേർക്കുക. പിന്നീടു് അതൊരു ടിൻപാത്രത്തിലാക്കി അടച്ചു് മീതെ ഐസ് വയ്ക്കുക. രണ്ടുമൂന്നു മണിക്കൂർ കഴിഞ്ഞു പാത്രം തുറന്നുനോക്കിയാൽ അതിലുണ്ടായിരുന്നതുമുഴുവൻ കൂടി ഒരു കട്ടയായി കാണപ്പെടും. അതാണു ക്രീം ചീസ്.

ബാലരംഗം

# കാററും കോളും മുറുകുന്നു

പ്രിയ കുഞ്ഞുങ്ങളേ.

ഇതാ വേറൊരു കൊടുങ്കാററു്! ജോൺബോസ്കോ അച്ചനു കോളു പിടിപെട്ടിരിക്കുന്നു എന്നൊരു ശ്രുതി ട്യൂറിൻ പട്ടണത്തിലെങ്ങും ഇതിനിടയ്ക്കു ചിലർ പറഞ്ഞു പരത്തിയിരിക്കുന്നു. അതും കൂടിയായപ്പോൾ വിഷമതകൾ മൂർദ്ധന്യത്തിലെത്തിയെന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. കാര്യത്തിന്റെ വാസ്തവമറിവാൻ ചിലരെല്ലാം വരുന്നു, പോകുന്നു, പരീക്ഷണങ്ങൾ നടത്തുന്നു. ആടിനെ പട്ടിയാക്കാനുണ്ടോ പ്രയാസമുള്ളൂ. പലരു കൂടി പട്ടി, പട്ടി എന്നു തട്ടിവിടണം. ആടു പട്ടിയാകയേ ഗതിയുള്ളൂ.

പ്രമുഖരായ രണ്ടു വൈദികന്മാർ പരീക്ഷണാർത്ഥം ഒരു ദിവസം ഫാദർ ബോസ്കോയെ സമീപിച്ചു.

"എന്താ ബോസ്കോ അച്ചാ! നമ്മുടെ ഓറട്ടറിക്കാര്യം ഇപ്പോഴും വിട്ടുകളഞ്ഞിട്ടില്ലയോ?"

"കൊള്ളാം. അതു വിട്ടുകളയാനാണോ? മുമ്പിലത്തേതിലും മുറുക്കിപ്പിടിച്ചിരിക്കയല്ലേ? വലിയ കാലതാമസം കൂടാതെതന്നെ, ഒരു നല്ല കെട്ടിടം, കളിസ്ഥലങ്ങൾ, ക്ലാസുമുറികൾ, വർക്ക്ഷാപ്പുകൾ, പത്തഞ്ഞൂറു കുട്ടികൾക്കിരിക്കത്തക്ക പള്ളി, ഇതെല്ലാം ഉണ്ടാകും. എന്നെ സഹായിക്കുന്നതിലേക്കു ധാരാളം വൈദികർ, ഉപദേശികൾ, അദ്ധ്യാപകന്മാർ, തൊഴിലാളികൾ മുതലായവരും ഉണ്ടാകാനിരിക്കുന്നു."

"ഓഹോ! എല്ലാംകൂടി ഒരു നല്ല സൈന്യംതന്നെ. അല്ലേ?"

"അതേ, അതുതന്നെപററിയപേരു്."

"അങ്ങനെ ഒരു സന്യാസസംഘടന ആരംഭിക്കാനാണുദ്ദേശം. അല്ലേ?"

"അങ്ങനെതന്നെ. നിങ്ങൾ എന്റെ ഉദ്ദേശം മനസ്സിലാക്കിക്കഴിഞ്ഞിരിക്കുന്നു."

"അപ്പോൾ നമ്മുടെ പുതിയ സന്യാസികൾക്കു് ഏതുതരം വസ്ത്രമാണു് കൊടുക്കാൻ നിശ്ചയിച്ചിരിക്കുന്നതു്?"

"അവർക്കു സുകൃതം എന്ന വസ്ത്രമാണു നൽകാൻ കരുതിയിരിക്കുന്നതു്."

"അതുമാത്രം മതിയോ? ഉടുക്കാൻ വല്ലതുമൊരു വസ്ത്രംകൂടി വേണ്ടേ?"

"എന്നാൽ സാധാരണവസ്ത്രം മാത്രം മതി. വേല ചെയ്യുമ്പോഴും മററും ഷർട്ടും ട്രൗസേഴ്സും മാത്രം."

സന്ദർശകർ അന്യോന്യം നോക്കി ചിരിച്ചു. "മതി മതി ഇനി സംശയിക്കാനൊന്നുമില്ല" എന്നു മന്ത്രിച്ചുകൊണ്ടു അവർ സ്ഥലംവിട്ടു. "സാധു! ആ ക്ലളിക്കുട്ടികളുടെ പുറകേ നടന്നു് തല കളഞ്ഞു. ഭ്രാന്താസ്പത്രിയിലാക്കാൻ ഏർപ്പാടുചെയ്യുകതന്നെ" എന്നു അവർ ആലോചിച്ചു തീരുമാനിക്കയും ചെയ്തു. അതിൻപ്രകാരം അവർ അടുത്തദിവസം വേറേ രണ്ടു വൈദികരെ അദ്ദേഹത്തിന്റെ പക്കലയച്ചു. ഉപായത്തിൽ ഫാദർ ബോസ്കോയെ കൂട്ടിക്കൊണ്ടു ചെന്നു് ഭ്രാന്താലയത്തിൽ ഏൽപ്പിച്ചു പോരണമെന്നായിരുന്നു അവർക്കു നൽകപ്പെട്ട നിർദ്ദേശം. തദനുസരണം ഒരു കുതിരവണ്ടിയുമായി അവർ അദ്ദേഹത്തിന്റെ വസതിയിലെത്തി.

അവർ—"എന്താ ഫാദർ ബോസ്കോ! ഒരു സവാരിചെയ്യാൻ സന്തോഷമല്ലേ? വണ്ടി തയാറുണ്ടു്."

ഫാദർ ബോസ്കോ—"വളരെ സന്തോഷംതന്നെ. എന്റെ തൊപ്പിയുമെടുത്തു വരുന്നതുവരെ അല്പം ക്ഷമിക്കണം." ഫാദർ ബോസ്കോയ്ക്കു അവരുടെ ഉദ്ദേശം മനസ്സിലായി. ഒരു നേരമ്പോക്കിനു വകയുണ്ടാക്കണമെന്നു് അദ്ദേഹവും തീർച്ചയാക്കി. അദ്ദേഹം ഒരുങ്ങി ഇറങ്ങിക്കഴിഞ്ഞു. മൂവരുംകൂടി വണ്ടിയുടെ സമീപത്തെത്തി. ബോസ്കോ ആദ്യം കയറാൻ അവർ ആവശ്യപ്പെട്ടു. "മുതിർന്നയാളുകൾക്കു മുൻസ്ഥാനം" എന്നു പറഞ്ഞുകൊണ്ടു ഫാദർ ബോസ്കോ മററവരെ ഇരുവരെയും വണ്ടിക്കകത്തു കയററി വാതിലടച്ചു. "വേഗം ഭ്രാന്താലയത്തിലേക്കു്" എന്നു വണ്ടിക്കാരനു ഓർഡറും കൊടുത്തു. കുതിരവണ്ടിയിൽ അവിടെ എത്തുന്ന വൈദികനെ ഭ്രാന്താലയത്തിൽ ബന്ധിപ്പാൻ തയാറായിനിന്നിരുന്ന ആസ്പത്രിസിൽബന്ധികൾ വണ്ടിയിൽനിന്നിറങ്ങിയ പുരോഹിതന്മാരെ പിടിയും വലിയുമായെന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. ആതുരശാലയുടെ മേലധികാരികൾ കലാശം ഇറങ്ങിവന്നു് ആ കുടുക്കിൽനിന്നു അവരെ വിട്ടുവിടേണ്ടതായി വന്നുകൂടി.

ട്യൂറിൻ പട്ടണത്തിലെല്ലാം ഈ നേരമ്പോക്കു സംസാരവിഷയമായി. ഫാദർ ജോൺബോസ്കോയെ ഒരു പരിശുദ്ധനായി കരുതിയിരുന്നവരെല്ലാം ഇതു കേട്ടു സന്തോഷിച്ചു. അദ്ദേഹത്തിന്റെ ശത്രുക്കൾ ഇതോടെ മൗനംഭജിച്ചുതുടങ്ങി. അദ്ദേഹത്തെ ഭ്രാന്തനാക്കി മുദ്രയടിക്കാനുള്ള ശ്രമങ്ങൾ പിന്നീടു അധികം തലപൊക്കിയില്ല. ദൈവാനുഗ്രഹത്താൽ അങ്ങനെ ഒരു വഴിക്കു അദ്ദേഹത്തിനും കുട്ടികൾക്കും അല്പം സമാശ്വാസമുണ്ടായെന്നു പറയാം. എങ്കിലും വേറൊ വഴിക്കു കാർമ്മേഘപടലങ്ങൾ പിന്നെയും ഇരച്ചുകയറിക്കൊണ്ടിരുന്നു. ട്യൂറിനടുത്തുള്ള വൽദൊക്കോയിലെ ഒരു വയലിലാണല്ലോ കുറേ നാളായി അവരുടെ സമ്മേളനം. എന്നാലിതാ വയലുടമസ്ഥന്റെ ഒരു നോട്ടീസു വന്നിരിക്കുന്നു, "നിവൃത്തിയില്ല; രണ്ടാഴ്ചയ്ക്കകം സ്ഥലം വിട്ടുകൊള്ളണം—"

പ്രിയ കുഞ്ഞുങ്ങളേ! ഭൂമിയിൽ മനുഷ്യന്റെ ജീവിതം ഒരു പരീക്ഷയാണെന്നത്രെ യോബുനിവ്യ അരുളിച്ചെയ്യുന്നതു്. ആ പരീക്ഷയിൽ ജയിക്കുന്നവർക്കു വലിയ സർട്ടിഫിക്കെററും നൽകപ്പെടുന്നു—നിത്യഭാഗ്യത്തിന്റെ തീറാധാരം. ക്ഷമകെട്ടു പിന്മാറുന്നവർക്കോ? നിത്യനാശം! അതിനാൽ കുരിശിന്റെ വഴിയിൽ സന്തോഷിക്കാൻ പഠിക്കുന്നവർ ഭാഗ്യവാന്മാർ.

## എഴുത്തുകളെപ്പററിത്തന്നെ

ഇത്തവണ നിങ്ങളുടെ കത്തുകളെപ്പററി വേറെ ചില കാര്യങ്ങൾ ഓർപ്പിക്കാനുണ്ടു്. ആദ്യംതന്നെ ഒരെഴുത്തെഴുതാൻ തുടങ്ങുമ്പോൾ എന്തെല്ലാം കാര്യങ്ങളാണു് അതിൽ പറയാനുള്ളതെന്നു് അല്പം ഇരുന്നു ചിന്തിക്കണം. മനസ്സിൽ അതിന്റെ ഒരു നക്കൽകോപ്പി ആദ്യം ഉണ്ടാക്കണം. അതിന്റെ പകർപ്പാണു് കടലാസിൽ എഴുതാനുള്ളതു്. ഇങ്ങനെ ചിന്തിക്കായ്ക കാരണം നിങ്ങളുടെ പല എഴുത്തുകളിലും ആവശ്യപ്പെട്ട കാര്യങ്ങൾ വിട്ടുപോകാനിടയായിട്ടുണ്ടു്. എന്തെല്ലാമാണു് ആ എഴുത്തിൽ എഴുതാൻ ആവശ്യപ്പെട്ടിരുന്നതു്? 1. ബോസ്കോ ചരിത്രം 12 ലക്കവും വായിച്ചിട്ടുണ്ടെന്നു്. 2. ബാലരംഗസമിതിയുടെ നിബന്ധനകൾ അനുസരിച്ചു പ്രവർത്തിപ്പാൻ സമ്മതിച്ചിരിക്കുന്നു എന്നും ലിസ്റ്റിൽ പേരു ചേർക്കണമെന്നും. 3. പേരും മേൽവിലാസവും. 4. ജനനത്തീയതി. 5. ഇത്രയും കാര്യങ്ങൾ എഴുതിക്കഴിഞ്ഞു സ്ഥലമുണ്ടെങ്കിൽ വേറെ വല്ലതും വല്യച്ചനെ അറിയിക്കാനുള്ളതു്.

ഇതു മനസ്സിൽ ഉറപ്പിച്ചുകൊണ്ടു എഴുതാൻ തുടങ്ങാഞ്ഞതുകൊണ്ടു എന്തു സംഭവിച്ചു? ചിലതിൽ ആദ്യത്തെ ആ പ്രതിജ്ഞാവാചകം വിട്ടുപോയി. നിങ്ങളുടെ ഒരു വിശ്വാസപ്രതിജ്ഞപോലെ, ഒരു ചുമതലബോധം വരുത്തുന്നതിനുള്ളതാണു് ആ വാചകം. ഞാൻ വാക്കു കൊടുത്തതാണു്, ഇനി അതു നടത്താതിരിക്കാൻ പാടില്ല, എന്നൊരു കൃത്യബോധമുണ്ടാകാൻ. മനഃപൂർവ്വമല്ല, അശ്രദ്ധനിമിത്തം ചിലർ അതു വിട്ടുകളഞ്ഞു. ചിലരുടെ മേൽവിലാസമില്ല. എന്തുചെയ്യും? ചിലരുടെ ജനനത്തീയതിയേ കിട്ടിയിട്ടില്ല. ചിലർ ആണ്ടു പറയാതെ മാസവും തീയതിയും മാത്രം—ഇംഗ്ലീഷ്മാസം തീയതി ആവശ്യപ്പെട്ടതിനു ചിലർ മലയാളമാസം തീയതി. കിട്ടായ്കകൊണ്ടായിരിക്കാം. ചിലർ ആ വിവരം എഴുതിയിട്ടുമുണ്ടു്. ഇനി എഴുതിയിരിക്കുന്ന വിധമോ? ചിലർ—അല്ല പലർ—ഒരു ക്രമീകരണവും കൂടാതെ അവിടെയും ഇവിടെയുമായിട്ടു്—എന്താണിതിന്റെ കാരണം? ശ്രദ്ധക്കുറവു്, പരിശീലനക്കുറവു്. ലിസ്റ്റെഴുതാനെടുത്തപ്പോഴാണു് ഇതിന്റെ അനുഭവം ബോധ്യപ്പെട്ടതു്. ശ്രദ്ധിച്ചെഴുതിയിരുന്നവയിൽനിന്നു ഒററ നോട്ടത്തിനു എല്ലാം കണ്ടുകിട്ടി. മഠത്തിലെ അമ്മമാരുടെയും മററും സഹായത്തോടെ എഴുതപ്പെട്ടവ എല്ലാംതന്നെ ഈ തരത്തിലുള്ളവയായിരുന്നു. അല്ലാത്തവ, മറിച്ചും തിരിച്ചും, തിരിച്ചും മറിച്ചും, നോക്കേണ്ടിവന്നു; എന്നിട്ടും വേണ്ടതു കിട്ടാതെയുംവന്നു. ക്ലാസിൽ പരീക്ഷയ്ക്കു ഉത്തരമെഴുതുമ്പോഴും ഇതുതന്നെയാണു് സംഭവിക്കുന്നതു്. ചോദ്യം ശ്രദ്ധിച്ചുവായിച്ചു നോക്കാതെയും ചിന്തിക്കാതെയും ക്രമീകരണമില്ലാതെയും എഴുതുകനിമിത്തം, ഉത്തരം ഒന്നിനു പകരം വേറൊന്നെഴുതുന്നു. നല്ലപോലെ പഠിക്കുന്ന കുട്ടികൾതന്നെയും ചിലപ്പോൾ തോല്ക്കാനിടയാകുന്നു.

പരീക്ഷകൾ അടുത്തിരിക്കയല്ലേ? വല്യച്ചൻ ഓർപ്പിച്ച ഈ സംഗതികളിൽ പ്രത്യേകം ശ്രദ്ധിക്കണം. മേലാൽ എഴുത്തുകൾ എഴുതുമ്പോഴും സൂക്ഷിക്കണം. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

എന്നു സ്വന്തം വല്യച്ചൻ.

## In Memoriam



Mrs. Kunjai Mathew
Born: 21—1—21
Died: 17—2—48
May her soul rest in peace

*Inserted by h r beloved son Joy*
*Thekkunath Pandaravalappil*
*Kandassankadavu*

## നിങ്ങൾക്കറിയാമോ?

1 പുതിയ വെളിപാടുകളെപ്പററി പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങളും ലഘുലേഖകളും മററും വായിക്കാമോ?

2 ദ്വന്ദയുദ്ധം, ആത്മഹത്യ, വിവാഹമോചനം ആദിയായവ അനുവദനീയങ്ങളാണെന്നു പ്രസ്താവിക്കുന്ന ഗ്രന്ഥങ്ങൾ വായിക്കാമോ?

3 ഒരു അകത്തോലിക്കൻ മതകാര്യങ്ങളെപ്പററി പ്രതിപാദിക്കുന്ന ഒരു ഗ്രന്ഥമെഴുതി. അതിൽ കത്തോലിക്കാമതതത്വങ്ങൾക്കു വിരുദ്ധമായ യാതൊന്നുമില്ലെന്നു തീർച്ചയാണു്. ആ ഗ്രന്ഥം വായിക്കാവുന്നതാണോ?

4 മന്ത്രവാദം, ശകുനം ആദിയായവയെപ്പററി പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങളെ തിരുസ്സഭ നിരോധിക്കുന്നുണ്ടോ?

5 ഏതെങ്കിലുമൊരു നിരോധിതഗ്രന്ഥം വായിക്കുന്നതിനു അനുമതിനല്കാൻ ഇടവകവികാരിക്കു അധികാരമുണ്ടോ?

(ഉത്തരങ്ങൾ 9-ാം പേജിൽ)

## ഞങ്ങളുടെ ഗായകസംഘം

(അന്നംകുട്ടി ഇ. ജെ., മുട്ടം)

"പാടും പുമാൻ ഇരുമടങ്ങു ജപിക്കയത്രെ." സംഗീതകല ദൈനംദിനം വളർച്ചപ്രാപിച്ചുകൊണ്ടുവരുന്ന ഈ കാലസന്ധിയിൽ ആ കലയിൽ യാതൊരു പരിജ്ഞാനവും സിദ്ധിച്ചിട്ടില്ലാത്ത ഈ കുഞ്ഞുങ്ങൾ എഴുതുന്ന "ഞങ്ങളുടെ ഗായകസംഘം" എന്ന ചെറുലേഖനം സംഗീതകുശലന്മാർക്കു് ഒരു വിനോദമായിരിക്കാം. എങ്കിലും ഞങ്ങളുടെ പ്രിയപ്പെട്ട വല്യച്ചന്റെ ആഗ്രഹാനുസരണം സംഘാംഗമായ ഈയുള്ളവൾ അതിനായി ഉദ്യമിക്കുന്നു.

ഞങ്ങളുടെ ഗായകസംഘം ആരംഭിച്ചിട്ടു് വർഷങ്ങൾ പലതു കഴിഞ്ഞെങ്കിലും നവീനമായരീതിയിൽ ഈ സംഘം രൂപവൽകൃതമായിട്ടു് അധികകാലമായിട്ടില്ല. ഈ സംഘത്തിൽ ഇപ്പോൾ 12 അംഗങ്ങൾ ഉണ്ടു്. ഞങ്ങളുടെ ഇടവകയിലെ പല ഭക്തസംഘടനകളിലെ അംഗങ്ങളുടെ പ്രതിനിധികൾ ഈ സംഘത്തിലുണ്ടു്. ഞങ്ങളുടെ ബ: അസിസ്റ്റേന്തി അച്ചന്റെയും മററു ചില ബ: വൈദികരുടെയും പരിശ്രമത്താലും, ബ: കന്യാസ്ത്രീ അമ്മമാരുടെ കീഴിലുള്ള അഭ്യസനത്താലും സംഘം കൂടുതൽ അഭിവൃദ്ധി പ്രാപിച്ചുവരുന്നു. അവരെല്ലാവരോടും ഞങ്ങൾ അതീവകൃതജ്ഞതയുള്ളവരാണു്.

ദൈവാലയത്തിലെ തിരുകർമ്മങ്ങൾ ഗാനാലാപംവഴി കൂടുതൽ ഭക്തിസംവർദ്ധകങ്ങളാക്കുക, പൊതുയോഗങ്ങൾ, മരിയാസഖ്യം, സി. ഈ. സി. എന്നിവയുടെ യോഗങ്ങൾ, വാർഷികമഹാമഹങ്ങൾ ഇവ കൂടുതൽ ആസ്വാദ്യകരമാക്കിത്തീർക്കുക എന്നിവയാണു് ഈ സംഘത്തിന്റെ ഉദ്ദേശങ്ങൾ.

"ഇമ്പമുള്ള നാദങ്ങളാൽ തന്നെ നിങ്ങൾ വാഴ്ത്തുവിൻ" എന്നുള്ള സങ്കീർത്തനവാക്യം ഞങ്ങളെ കൂടുതൽ പ്രബുദ്ധരാക്കുന്നു. വെള്ളിയാഴ്ചതോറും പള്ളിയിൽ തിരുമണിക്കൂർ ആരാധനയ്ക്കിടയിൽ ഗാനാലാപങ്ങളാൽ ഈശോയെ ഞങ്ങൾ ആരാധിക്കയും ആശ്വസിപ്പിക്കയും ചെയ്യുന്നു. മാത്രമല്ല, ഞായറാഴ്ചയും മററു തിരുനാളുകളിലും ദിവ്യപൂജയിൽ വൈദികനോടു ചേർന്നു് ഗാനരൂപത്തിൽ ദിവ്യബലിയെ നിത്യപിതാവിനു സമർപ്പിക്കുന്നു. ദൈവാലയത്തിൽ സന്നിഹിതരായിരിക്കുന്ന സകല ജനങ്ങളും ഞങ്ങളോടു സഹകരിച്ചുകൊണ്ടു് ദൈവാലയം മുഴുവൻ ഭക്തഗാനങ്ങളാൽ മുഖരിതമാക്കുന്നു. ദിവ്യകാരുണ്യാശീർവ്വാദത്തിനുശേഷം "സർവ്വദയാപരനെ" എന്നുള്ള പാട്ടു പാടുന്നതും ഞങ്ങൾതന്നെയാണു്.

ദുഃഖവെള്ളിയാഴ്ച ദിനം നടത്തുന്ന നമ്മുടെ കർത്താവിന്റെ കവറടക്കത്തിൽ ദുഃഖസൂചകമായരീതിയിൽ ഞങ്ങൾ ആലപിക്കുന്ന ഗാനങ്ങൾ ഭക്തജനങ്ങളുടെ കണ്ണും കരളും കുളിർപ്പിക്കയും അശ്രുധാര ഒഴുക്കുകയും ചെയ്യുന്നതിനു് പര്യാപ്തമത്രേ. ക്രിസ്തുരാജന്റെ തിരുനാൾ ദിവസം നടത്തുന്ന പട്ടണപ്രദക്ഷിണത്തിൽ ഞങ്ങൾ പല ഗ്രൂപ്പുകളായി തിരിഞ്ഞു് ഇരുവരിയായി പോകുന്ന ഇടവകജനങ്ങളുടെ ഇടയ്ക്കുനിന്നു് ഭക്തിരസപ്രധാനവും എന്നാൽ നവീനരീതിയിലുള്ളവയുമായ ക്രിസ്തുരാജകീർത്തനങ്ങൾ ആലപിച്ചുവരുന്നു. കൂടാതെ ഞങ്ങളുടെ മുട്ടത്തു് അത്ഭുതമാതാവിന്റെ തിരുനാൾ കൊണ്ടാടിയ ദിനങ്ങളിൽ ഉച്ചഭാഷിണിയിൽക്കൂടി ഞങ്ങൾ ദിവ്യമാതൃസ്തുതിപ്പുകൾ പ്രക്ഷേപണം ചെയ്തു. ഈയവസരങ്ങളിൽ പൊതുജനങ്ങളിൽനിന്നു് അഭിനന്ദനവും, പ്രോത്സാഹനവും ഞങ്ങൾക്കു് ലഭിച്ചിട്ടുണ്ടെന്നുള്ളതും പ്രസ്താവയോഗ്യമാണു്. ഞങ്ങളുടെ ഗായകസംഘത്തിന്റെ മദ്ധ്യസ്ഥ സംഗീതവിദുഷിയായ വി. സിസിലിയാമ്മയാണു്.

ഞങ്ങളുടെ ഗായകസംഘം ഉത്തരോത്തരം അഭിവൃദ്ധിപ്രാപിക്കുന്നതിനും ഞങ്ങളുടെ ഗാനങ്ങളാൽ ഈശോയെ കൂടുതൽ ആരാധിക്കുന്നതിനുമുള്ള ആശീസ്സു് സ്വർഗ്ഗീയഗായകനായ അവിടുന്നുതന്നെ നല്കട്ടെ എന്നുള്ള പ്രാർത്ഥനയോടുകൂടി നിറുത്തുന്നു.

എല്ലാവിധ എംബ്രോയിഡറി വേലകൾക്കും പ്രശസ്ത സ്ഥാപനം
കൊളംബോ സാരി വർക്സ്,
ബ്രോഡ്‌വെ-എറണാകുളം.

## കഥാപ്രസംഗം

എറണാകുളം സെൻറ് ട്രീസാസ് കോളെജിൽവച്ചു് കന്യാസ്ത്രീകൾക്കും കോളെജ് വിദ്യാർത്ഥിനികൾക്കുംവേണ്ടി പ്രസിദ്ധ കഥാപ്രാസംഗികനായ ശ്രീ ജോസഫ് കൈമാപറമ്പൻ മഗ്ദലനമറിയം കാവ്യത്തെ അധികരിച്ചു് ഒരു കഥാപ്രസംഗം നടത്തിയിരിക്കുന്നു. കന്യകാജീവിതത്തിന്റെ പരിശുദ്ധിയേയും ഗ്രാമസ്വരാജിന്റെ സമ്പാദനത്തിൽ വിദ്യാർത്ഥിനികളുടെ കർത്തവ്യത്തേയും കാഥികൻ സന്ദർഭോചിതമായി ഉദ്ബോധിപ്പിക്കുകയുണ്ടായി.

ജീവചരിത്രപംക്തി

# മദർ പൊലിക്കാർപ്പ്

## 42 കൊല്ലം പോസ്റ്റ് മിസ്ട്രസ്സ് ഉദ്യോഗം വഹിച്ച കന്യാസ്ത്രീ

(സിസ്റ്റർ അലെക്സിസ് സി. ഡി. ബി. എസ്സ്സി)

ഒരു കന്യാസ്ത്രീ പോസ്റ്റ്മിസ്ട്രസ്സായി എന്നു കേൾക്കുമ്പോൾ നമ്മിൽ പലർക്കും ആശ്ചര്യം തോന്നിയേക്കാം. എന്നാൽ അമേരിക്കൻ ഐക്യനാടുകളിൽ കന്യാസ്ത്രീകൾ പൊതുക്കാര്യങ്ങളിൽ മുന്നിട്ടിറങ്ങി പ്രവർത്തിക്കുക സർവ്വസാധാരണമാണ്. അങ്ങനെ പൊതുജനസേവനം അനുഷ്ഠിച്ചിട്ടുള്ള ഒരു സന്യാസശ്രേഷ്ഠയാണ് മദർ പൊലിക്കാർപ്പ്. അമേരിക്കൻ നാട്ടുകാരിയായിരുന്ന മദർപൊലിക്കാർപ്പ് അവിടെയുള്ള "സെൻറ് ജോസഫ്സ് പോസ്റ്റാഫീസിൽ" 42 കൊല്ലത്തോളം പോസ്റ്റ് മിസ്ട്രസ്സിൻെറ ജോലി നോക്കി എല്ലാവരുടേയും പ്രശംസയ്ക്കു വിഷയമായിത്തീർന്നു. ബാഹ്യവ്യാപാരങ്ങളുടെ ഇടയിൽക്കൂടി ആദ്ധ്യാത്മികജീവന് യാതൊരു കോട്ടവും തട്ടാതെ പരിപോഷിപ്പിക്കേണ്ടതെങ്ങനെയെന്ന് മദർ പൊലിക്കാർപ്പിൻെറ ജീവചരിത്രത്തിൽ നിന്നു നമുക്കു പഠിക്കാം.

മദർ പൊലിക്കാർപ്പ്. 1870 ജനുവരി 1-ാം നു "ബ്രൂക്ക്ലിൻ" എന്ന സ്ഥലത്ത് ജനിച്ചു. ജയിംസ് എന്ന കത്തോലിക്കാ ദമ്പതികളുടെ അഞ്ചാമസന്താനമായി ഭൂജാതയായി ഭക്തരായ മാതാപിതാക്കന്മാരുടെ സംരക്ഷണയിൽ അവൾ അനുദിനം ദൈവസ്നേഹത്തിൽ വളർന്നുവന്നു. മറ്റു കുട്ടികളെപ്പോലെ ലൗകികാഡംബരങ്ങളിലും കളിവിനോദങ്ങളിലും അവൾക്ക് യാതൊരാസക്തിയും ഉണ്ടായിരുന്നില്ല. പതിനാറു വയസ്സു പൂർത്തിയാകുന്നതിനു മുൻപു തന്നെ അവൾ സ്വദേശത്തുള്ള 'ഡൊമിനിക്കൻ' സഹോദരികളുടെ വകയായ "ഹോളിക്രോസ്സ്" കന്യകാമഠത്തിൽ ചേർന്നു. 1889 മാർച്ച് 19-ാം നു ആ നവസന്യാസിനി ആദ്യവ്രതവാഗ്ദാനം ചെയ്തു. സഭാപ്രവേശനത്തിനു ശേഷം കുറെ കൊല്ലത്തേക്ക് അനാഥരെ സംരക്ഷിക്കുന്ന ജോലിയിൽ പൊലിക്കാർപ്പ് സഹോദരി നിയുക്തയായി. ഒരു നല്ല മാതാവിനെപ്പോലെ അവർ, അനാഥരും ദരിദ്രരുമായ സാധുജനങ്ങളോടു പെരുമാറിയതിനാൽ ഏതെങ്കിലും യാതൊരു അതൃപ്തിയും കൂടാതെ, അവർ അവരുടെ എല്ലാവരുടേയും സ്നേഹാദരങ്ങൾക്കു പാത്രീഭൂതയായി.

സിസ്റ്റർ പൊലിക്കാർപ്പിൻെറ സാമർത്ഥ്യവും കർമ്മകുശലതയും ശരിയായി ഗ്രഹിച്ച മേലധികാരികൾ അവരെ വലിയ സ്ഥാനത്തിലേക്കുയർത്തുകതന്നെ ചെയ്തു. വളരെക്കാലം അനാഥരെ സംരക്ഷിച്ച ശേഷം അവർ ആ ജോലിയിൽനിന്നു പിന്മാറി. പിന്നീട്, പതിനേഴു കൊല്ലത്തേക്ക് ഒരു വൃദ്ധമന്ദിരത്തിൻെറ ഭരണഭാരം ഏററം സ്തുത്യർഹമായവിധം വഹിക്കുകയുണ്ടായി.

രാഷ്ട്രീയ രംഗങ്ങളിലും സിസ്റ്റർ പൊലിക്കാർപ്പ് പൊതുജനസേവനം ചെയ്തുവന്നു. അന്നത്തെ പ്രസിഡണ്ടായിരുന്ന "വില്യം മിഗ്ളി" 1898-ൽ മദർ പൊലിക്കാർപ്പിനെ പോസ്റ്റ് മിസ്ട്രസ്സിൻെറ ജോലിയിൽ നിയമിച്ചു. കന്യാസ്ത്രീകളിൽ ആദ്യമായി പോസ്റ്റ് മിസ്ട്രസ്സ്സ്ഥാനം ഏറെറടുത്തത് സിസ്റ്റർ പൊലിക്കാർപ്പായിരുന്നുവെന്നുള്ള വസ്തുത പ്രത്യേകം പ്രസ്താവ്യമത്രെ. ഏകദേശം 42 കൊല്ലത്തോളം അവർ ഈ ജോലി പ്രശസ്തമാംവിധം നിർവ്വഹിച്ചു. ദിവസേന ശരാശരി 1,000 എഴുത്തുകളോളം വന്നുകൊണ്ടിരുന്ന ആ പോസ്റ്റാഫീസിലെ ജോലികൾ കൃത്യമായി നടത്തുവാൻ നമ്മുടെ പോസ്റ്റ് മിസ്ട്രസ്സ് എത്രയധികം ക്ലേശിച്ചിരുന്നുവെന്ന് ഊഹിക്കുകയാണുത്തമം. "ഇത്ര കൃത്യനിഷ്ഠയുള്ള ഒരു പോസ്റ്റ് മിസ്ട്രസ്സിനെ ഇതിനു മുൻപ് ഒരിക്കലും കണ്ടിട്ടില്ലെന്നു" സിസ്റ്റർ പൊലിക്കാർപ്പിനെപ്പററി അധികാരസ്ഥാനത്തുനിന്നും പ്രസ്താവിക്കയുണ്ടായി.

സന്യാസസഭയുടെ ഭരണസ്ഥാനങ്ങളിലും നമ്മുടെ കഥാനായിക അവരോധിക്കപ്പെട്ടു. അവർ സഭയുടെ ശ്രേഷ്ഠത്തി, ആലോചനക്കാരി, എന്നീ ഉന്നതസ്ഥാനങ്ങൾ വഹിച്ചുകൊണ്ടു സാധിച്ചിട്ടുള്ള മഹാകാര്യങ്ങൾ നിരവധിയത്രെ. തന്നിൽത്തന്നെ ഒട്ടും ആശ്രയിക്കാതെ, ദൈവതിരുമനസ്സിനു തന്നെത്തന്നെ കയ്യാളിച്ചുകൊണ്ടും വിശുദ്ധ യൗസേപ്പ് പിതാവിൻെറ സംരക്ഷണത്തിൽ അഭയം ഗമിച്ചുകൊണ്ടും മദർ പൊലിക്കാർപ്പ് ഈ ഉദ്യോഗങ്ങളെല്ലാം ഏററം ഭംഗിയായി വഹിച്ചുപോന്നു. മേലധികാരികളുടെ ആജ്ഞാനുസരണം ആത്മപാലകരുടെ നിയന്ത്രണത്തോടുകൂടി അവർ ഭരണസംബന്ധമായതെല്ലാം ക്രമീകരിച്ചിരുന്നു. തൻെറ കീഴിലുള്ളവരുടെ ആദ്ധ്യാത്മികവും ശാരീരികവുമായ ആവശ്യങ്ങളെ മുൻകൂട്ടി കണ്ടുകൊണ്ട് അവർ ഓരോന്നും യഥാസമയം ചെയ്തുകൊടുത്തിരുന്നു. ബാലികാബാലന്മാർക്കായി കരകൗശലശാലകളും ഉന്നതവിദ്യാഭ്യാസാർത്ഥം സ്കൂളുകളും കോളേജുകളും, അനാഥർക്കായി അഭയസങ്കേതങ്ങളും അവർ സ്ഥാപിച്ചു.

ഇപ്രകാരം, ദീർഘകാലം മഠത്തിനകത്തും പുറമേയും പൊതുജനസേവനം ചെയ്തുവന്ന മദർ പൊലിക്കാർപ്പ് രോഗശയ്യയെ അഭയം പ്രാപിക്കേണ്ടിവന്നു. അവരുടെ എഴുപതാമത്തെ വയസ്സിൽ അവർ ഒരു കഠിനരോഗത്താൽ പിടിപ്പിക്കപ്പെട്ടു. അതിൽ നിന്ന് അവർ രക്ഷപെട്ടുവെങ്കിലും പൂർണ്ണസുഖം പ്രാപിക്കയുണ്ടായില്ല. 1946 മാർച്ച് 7-ാം നു മാലാഖവെള്ളിയാഴ്ച—അവർ ഏററവും ഇഷ്ടപ്പെട്ടിരുന്ന ദിവസം — അവർക്ക് പെട്ടെന്ന് ഏയ്സ്റ്റംഭനമുണ്ടായി അന്ത്യകൂദാശകളെല്ലാം കൈക്കൊണ്ടു അവർ 1946 മാർച്ച് 3-ാം നു 76-ാമത്തെ വയസ്സിൽ മാഗ്യമരണം പ്രാപിച്ചു. 15-ാം നു മൃതദേഹം അനേകം വൈദികരുടേയും ജനാവലിയുടേയും സാന്നിദ്ധ്യത്തിൽ മഠംവക കല്ലറയിൽ സംസ്കരിക്കയും ചെയ്തു.

മദർ പൊലിക്കാർപ്പിൻെറ ജീവിതവിജയരഹസ്യം എന്തായിരുന്നു? ഏററം ഗൗരവാവഹമായ കൃത്യാന്തരബഹുലതകൾക്കിടയിൽ അവരുടെ ആദ്ധ്യാത്മികജീവിതത്തിന് യാതൊരു കോട്ടവും തട്ടാതെ കൊണ്ടുപോകുവാനുള്ള ശക്തി അവർക്കെവിടെനിന്നു കരഗതമായി? അതും അവളുടെ ദിവ്യമണവാളനിൽനിന്നും അവർക്കു ലഭിച്ചു മറൊരു വാക്കിൽ പറഞ്ഞാൽ മദർ പൊലിക്കാർപ്പ് മർത്തായുടേയും മറിയയുടേയും ജോലി നിർവഹിച്ചു. അതെ, മറിയയെപ്പോലെ കർത്താവിൻെറ പാദങ്ങളിലിരുന്നുകൊണ്ട് ആത്മശക്തി സമ്പാദിക്കുകയും മർത്തായെപ്പോലെ ഉത്സാഹഭരിതയായി ബാഹ്യകാര്യങ്ങളിലേർപ്പെടുകയും ചെയ്തിരുന്നു. അവളുടെ ജീവനാഡി പ്രാർത്ഥനയായിരുന്നുവെന്നുതന്നെ പറയാം. വിശ്വാസം, ശരണം, സ്നേഹം എന്നിവയാൽ മരണം ചെയ്യപ്പെട്ടിരുന്നു അവരുടെ ഏതൊരു കൃത്യവും ഏററം വിഷമകരമായ ജോലികളിൽ കൂടി വന്നേക്കാവുന്ന നാനാവിധ പ്രതിബന്ധങ്ങളെ തരണംചെയ്യുന്നതിനു ദിവ്യനാഥൻെറ ശക്തി തന്നിൽ കരുതൽ അവളെ സഹായിക്കുമെന്നുള്ള പൂർണ്ണമായ മനോവിശ്വാസവും ഒരുതരം വ്യാപാരവുമായിരുന്നു അവരുടെ ജീവിതവിജയരഹസ്യം എന്നു പറയാം.

## എത്രയും ദയയുള്ള മാതാവേ!

(ജ്ഞാനസുന്ദരിയിലെ, "കന്നിയേ മാമരിയാളേ' എന്ന രീതി)

എത്രയും അൻപുള്ളമ്മായ
എപ്പോഴും നിൻ പാദതാരിൽ...എത്രയും
താവകദയക്കായ് കേഴും
പാപികളെ കൈവിടാതെ,
കാത്തുരക്ഷിച്ചെന്നു ഞാനും
നന്നായറിഞ്ഞിരിക്കുന്നു.... എത്രയും
കന്യാവ്രതക്കാർക്കു റാണി
എന്നും ദയയുള്ളതായേ
നീ കൈവിടാതെ കാത്തിടും
എന്നു മനസ്സിലുറച്ച്
നിൻ തിരു സന്നിധിയിങ്കൽ
പാപിയാം ഞാനണഞ്ഞ്
കണ്ണീരു ചിന്തിക്കരഞ്ഞ്
നിന്നനുകമ്പ യാചിക്കുന്നു...എത്രയും
ഉത്ഭവിച്ചവചനത്തിൽ
മാതാവേ കൈവിട്ടിടാതെ
പാപിയെൻ പ്രാർത്ഥനകേട്ട്
വേണ്ടും വരം നൽകിടേണമേ ...എത്രയും

(ജോസഫ് നെല്ലിപ്പുരയ്ക്കൽ)

## ക. കോൺഗ്രസിൻെറ പ്രതിഷേധം

ഹംഗേറിയൻ ഗവമ്മെണ്ടു അറസ്റ്റ് ചെയ്തു ശിക്ഷിച്ച കർദ്ദിനാൾ തിരുമനസ്സിനോടു സഹതാപം പ്രകടിപ്പിച്ചുകൊണ്ടു കേരളത്തിലെ കത്തോലിക്കർക്കുവേണ്ടി അഖിലകേരള കത്തോലിക്കാ കോൺഗ്രസ് പ്രസിഡണ്ട് പരിശുദ്ധ മാർപ്പാപ്പാ തിരുമനസ്സിലേക്കു ഒരു കേബിൾ സന്ദേശം അയച്ചിരിക്കുന്നു. പ്രസ്തുത സന്ദേശത്തിൽ ഇപ്രകാരം പ്രസ്താവിക്കുന്നു:

"കർദ്ദിനാൾ മിൻഡ്സെൻറിയുടെ ദ്രോഹപരമായ അറസ്ററും, ന്യായാഭാസമായ വിചാരണയും നിഷ്ഠുരമായ വിധിയും മൂലം മൗലികാവകാശങ്ങളെ നിർദ്ദയം അപഹരിച്ചതിൽ തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നീ സ്ഥലങ്ങളിലെ കത്തോലിക്കർ സ്തബ്ധചിത്തരായിരിക്കുന്നു.

തിരുമേനിയോടു ഞങ്ങൾക്കുള്ള അകൈതവമായ അനുഭാവത്തേയും സ്നേഹാദരവുകളേയും പ്രകാശിപ്പിക്കുന്നു കർദ്ദിനാൾ തിരുമേനി അവലംബിച്ച ധീരനയത്തെ അഭിനന്ദിക്കുന്നു"

അഖിലകേരള കത്തോലിക്കാ കോൺഗ്രസ് ഹംഗേറിയൻ പ്രധാനമന്ത്രിക്കയച്ച പ്രതിഷേധസന്ദേശത്തിൽ ഇപ്രകാരം പ്രസ്താവിക്കുന്നു:

"മൗലികാവകാശങ്ങൾക്കും മതസ്വാതന്ത്ര്യത്തിനും വിരുദ്ധമായി കർദ്ദിനാൾ മിൻഡ്സെൻറിയെ അറസ്റ്റു ചെയ്തു അന്യായമായി വിധിച്ചതിൽ ഉത്കണ്ഠയുള്ളവരായിരിക്കുന്ന തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നീ പ്രദേശങ്ങളിലെ കത്തോലിക്കർ സംഭീതരായിരിക്കുന്നു. ആധുനിക കാലത്തെ ഏററം നിഷ്ഠുരമായ കാര്യം ചെയ്തുകൂടി ദൈവത്തിൻെറയും മാനവസമുദായത്തിൻെറയും മുമ്പാകെ നിങ്ങളുടെ ഗവമ്മെണ്ട് കുററക്കാരാണ്. മതവിശ്വാസത്തിൻെറയും സ്വാതന്ത്ര്യത്തിൻെറയും സംരക്ഷകനായ കർദ്ദിനാൾ മിൻഡ്സെൻറി നീണാൾവാഴട്ടെ!"

## വിൻസെൻഷ്യൻ സഭ

പ്രസ്തുത സഭയിൽ ചേർന്നു വൈദികരായി മിശിഹായുടെ മുന്തിരിത്തോട്ടത്തിൽ വേലചെയ്യുവാൻ ആഗ്രഹിക്കുന്ന യുവാക്കന്മാർ ടി സഭവക പെററിസെമ്മിനാരിയിൽ ചേരുവാനുള്ള അപേക്ഷകൾ താഴെക്കാണുന്ന മേൽവിലാസത്തിൽ അയക്കുവിൻ. സ്കൂൾ ഫൈനൽ പരീക്ഷായോഗ്യതയെങ്കിലും ഉള്ളവർക്കു പ്രവേശനമുള്ളു. എന്നാൽ ടി പരീക്ഷക്കു ഒരുങ്ങിക്കൊണ്ടിരിക്കുന്നവർക്കും നേരത്തേതന്നെ അപേക്ഷകൾ അയക്കാവുന്നതാണ്.

സുപ്പീരിയർ ജനറൽ,

വിൻസെൻഷ്യൻ കോൺഗ്രിഗേഷൻ

തോട്ടകം, വൈക്കം




ഷോപ്പുകാരൻ: സ്വാമിക്ക് ഒരു സൈക്കിൾ വാങ്ങിക്കൂടേ? 100 ക. യല്ലേ വിലയുള്ളു.

ബ്രാഹ്മണൻ: ആ പണത്തിനു എനിക്കൊരു പശുവിനെ വാങ്ങാമല്ലോ.

"പശുവിൻെറ പുറത്തു കയറി യാത്ര ചെയ്യാമെന്നു വിചാരിക്കുന്നതു മണ്ടത്തരമല്ലേ?"

"പാലു കറന്നെടുക്കാൻ സൈക്കിൾ വാങ്ങുന്നതല്ലേ അതിലും മണ്ടത്തരം?"

* * *

"നോക്കൂ: ആ പെൺകുട്ടി പുരുഷന്മാരുടെ വേഷത്തിൽ നടക്കുന്നതു. അവൾക്കു നാണമില്ലേ?"

"അതെൻെറ മകളാണ്."

"ക്ഷമിക്കണം; നിങ്ങളാണ് അവളുടെ പിതാവെന്നു ഞാൻ മനസ്സിലാക്കിയില്ല."

"പിതാവല്ല, ഞാനവളുടെ മാതാവാണ്."

* * *

ഡോക്ടർ: നിങ്ങൾ ഓർമ്മക്കുറവിനുള്ള ചികിത്സയ്ക്കുവേണ്ടി വന്നതാണോ?

"അതെ."

"എന്നാൽ ചാർജ്ജ് ആദ്യമേ തരണം."

* * *

മുതലാളികളുടെ മർദ്ദനത്തിൻ കീഴിൽ തൊഴിലാളികൾ അനുഭവിക്കുന്ന ദുരിതങ്ങളെ ഹൃദയസ്പൃക്കായ വിധത്തിൽ വിവരിക്കുകയാണ് സഖാവു ശിവൻപിള്ള. പ്രസംഗത്തിനിടയിൽ ശ്രോതാക്കളുടെ മദ്ധ്യത്തിൽനിന്നും ഒരു രോദനശബ്ദം ഉയർന്നു കേൾക്കാറായി. സഖാവ് തൻെറ പ്രസംഗത്തിൻെറ ഫലപ്രാപ്തിയെപ്പററി സ്വയം സംതൃപ്തനായി കരയുന്ന ആളാരാണെന്നു തിരക്കി. അപ്പോൾ ഒരു വൃദ്ധൻ എഴുന്നേററുനിന്നു കൊണ്ടു വിങ്ങിവിങ്ങി പറയുകയാണ്: സാറിൻെറ കൊമ്പൻമീശ പ്രസംഗത്തിനിടയ്ക്കു അനങ്ങുന്നതു കണ്ടപ്പോൾ കഴിഞ്ഞ ആഴ്ചയിൽ ചത്തുപോയ എൻെറ ആടിൻെറ കാര്യം ഓർമ്മവന്നു. അതിനെ കുറിച്ച് ആലോചിക്കുമ്പോൾ സഹിക്കവയ്യാ.

## അനുദിനചിന്തകൾ

വി. കർദ്ദിനാൾ യോഹന്നാൻ

(1.1.)

ഫെബ്രുവരി

21 ഭിന്നിലും അന്യരിലും ദൈവം വിലമതിക്കുന്നതിനെ നീയും വിലമതിക്കുക.

22 ദൈവം തരുന്നതിനനുസരിച്ചു നമ്മുടെ അനുഗ്രഹത്തെ താൻ വർദ്ധിപ്പിക്കയുള്ളു.

23 നമ്മെ നന്മകൊണ്ടു നിറയ്ക്കുന്നതിനായി ദൈവം തിന്മയെ നമ്മിൽ നിന്നും ബഹിഷ്കരിക്കുന്നു

24 പാപഭാരം നിമിത്തം ദൈവത്തോട് രമ്യപ്പെടുവാൻ ചിന്തിക്കാതിരിക്കരുതേ.

25 വ്യർത്ഥമായ സന്തോഷങ്ങളിൽ നീ മതിമറന്നു പോകരുതേ!

26 ദൈവഭയത്തിൽ സദാ നീ ജീവിച്ചുകൊള്ളുക.

27 ഭൗതികാഭ്യുദയങ്ങളിൽ നീ ആനന്ദിക്കരുതേ.

28 ലൗകികാനന്ദം നിത്യരക്ഷയെ സുനിശ്ചിതമാക്കുകയില്ല.

29 വ്യർത്ഥമായ വചനങ്ങൾക്കും വിചാരങ്ങൾക്കും നീ കണക്കുകൊടുക്കേണ്ട ദിവസം വരും.

## കൊരട്ടി

കൊരട്ടി എം. എ. എം. ഹൈസ്കൂൾ ദിനം ഫെബ്രുവരി 13-ാം നു ബൈബിൾ റവ. മോൺ. മാത്യു പോത്തനാമുഴി പി എച്ച് ഡി. ഡി. ഡി അവർകളുടെ അദ്ധ്യക്ഷതയിൽ നടന്നു. ശ്രീ എ. കെ. ജോർജ്ജ് ബി എ. ബി. എൽ. എം. എൽ. എ., ശ്രീ വി. ഒ. പോൾ ബി. എ. എൽ. ടി. എന്നിവർ പ്രസംഗിച്ചു.

ചെറുകഥ

# കൊടുങ്കാററ്

(ജോസ്)

താരങ്ങളേയും തരംഗങ്ങളേയും വെല്ലുവിളിച്ചുകൊണ്ട് അയാൾ മുന്നോട്ടു കുതിച്ചു. ജീവിതത്തിൻറ യാഥാർത്ഥ്യങ്ങളെ വിളിച്ചറിയിച്ചുകൊണ്ട് ചില തിരകൾ ഭീകരാരവം പുറപ്പെടുവിച്ചു കുതിച്ചുയർന്നു പാറക്കെട്ടുകളിൽ തല്ലിത്തകർന്നു. ആശ്ചര്യകരമായ ധൈര്യത്തോടുകൂടിയാണ് തോമസ് വഞ്ചിയെ നയിക്കുന്നത്. ആ പടവ് സമുദ്രത്തിലേക്കു ഓരോ പ്രാവശ്യവും കുതിക്കുമ്പോൾ കൃതാർത്ഥതയുടെ വെള്ളിക്കതിർ അയാളുടെ വദനം പ്രസന്നമാക്കും. ജിജ്ഞാസസൃഷ്ടിച്ച പാടവത്തോടുകൂടിയാണു അയാൾ തണ്ടുവലിക്കുന്നത്. അല്പം അകലെയായി സാഗരമദ്ധ്യത്തിൽ തിരകൾക്കിടയിൽ ഒളിച്ചുകളിക്കുന്ന ആ ദീപം വീണ്ടും അയാൾക്കു പ്രത്യക്ഷമായി.

കാററിൻറ ശക്തി വർദ്ധിച്ചു. ഉജ്ജ്വലമായ സഹോദരസ്നേഹത്താൽ പ്രേരിതനായി അയാൾ മുന്നോട്ടുപാഞ്ഞു. പർവ്വതാകാരങ്ങളായ തിരകൾക്കു മുകളിൽ നൃത്തംവെയ്ക്കുന്ന ആ ദീപം അണയുവാൻ പോകുന്നതായി തോന്നി. ഹൃദയം അതിവേഗം തുടിച്ചു. അഹോ! അയാളുടെ ആശാങ്കുരം അതിവേഗം ഓടിമറയുവാൻ ശ്രമിക്കുന്നു. തോമസ് അത്യുച്ചത്തിൽ വിളിച്ചറിയിച്ചു. അത്യാസന്നമായ ആപത്തിനെക്കുറിച്ചു ആ നാവികനു മുന്നറിവു നൽകി. പക്ഷേ രൂക്ഷമായ പ്രഗത്ഭമാരുതൻറ ആക്രന്ദനത്തിൽ, ആഴിയലകളുടെ ഭീകരാരവത്തിൽ ആ ശബ്ദം ലയിച്ചുപോയി. ആ അർദ്ധരാത്രിയിൽ അയാൾ ഏകനായി വഞ്ചിയെ മുന്നോട്ടു നയിച്ചു. പാറക്കെട്ടുകളുടെ ഇടയിലൂടെ സമർത്ഥനായ ഒരു നാവികൻറ പാടവത്തോടുകൂടി തോമസ് തൻറ പടവിനെ നയിച്ചു.

ആ മനുഷ്യസ്നേഹിയുടെ ലക്ഷ്യം നശിച്ചു. ആ ദീപം പൊലിഞ്ഞു. ആ കപ്പൽ സാഗരത്തിൻറ അഗാധതയിലേക്കു താണെന്നു അയാൾക്കു മനസ്സിലായി.

“കൊടുങ്കാററ്! നിഷ്ഠുരമായ കൊടുങ്കാററ്!” തോമസ് പല്ലുകൾ കൂട്ടിഞെരിച്ചു. ആ കരുത്തേറിയകരങ്ങൾ വിശ്രമം തേടാതെ പ്രയത്നിച്ചു. സാഹോദര്യത്തിൻറ മേദുരാകാരംപോലെ അദ്ദേഹം മുന്നോട്ടുകുതിച്ചു. അലകളുടെ ആനന്ദപ്രകടനത്തിൽപ്പെട്ടു ആ വഞ്ചി നൃത്തംചെയ്തു. തോമസു കണ്ടു ഒരു സഹോദരൻ സമുദ്രത്തിൽക്കിടന്നു പിടയുന്നത്. ആദരണീയമായ സഹോദരസ്നേഹം അയാളുടെ സകല വികാരങ്ങളുടെയും മീതെ പ്രബലപ്പെട്ടു. അടുത്തക്ഷണത്തിൽ ആ യുവധീരൻ സാഗരത്തിൽ പതിച്ചു. മരണത്തിൻറ വിരിമാറിൽനിന്നും ഒരു സഹോദരൻറ ജീവനെ അയാൾ രക്ഷിച്ചു.

* * *

ബാലാർക്കൻ ചെങ്കതിർവീശി പൂർവ്വാംബരത്തിൽ കസവുചാർത്തി. ആ പുലരിയിലും മന്ദമാരുതൻ തൻറ പ്രഭാതസന്ദേശവുമായി ഓടിനടന്നു. വിഹഗവൃന്ദങ്ങൾ മനുഷ്യനെ കർമ്മോന്മുഖനാക്കുന്ന സമരഗാനമുയർത്തി. തോമസിൻറ വഞ്ചി കരയ്ക്കടുത്തു. വികസിതസൂനങ്ങൾ ആ ത്യാഗമൂർത്തിക്കു സ്വാഗതമരുളി.

“സഹോദരാ, നിങ്ങളുടെ ഹൃദയം വികാരാധീനമാണെന്നു തോന്നുന്നുവല്ലോ. നിങ്ങളുടെ യാത്ര എവിടേക്കായിരുന്നു?” തോമസിൻറ വദനത്തിൽനിന്നും ഒരു പുഞ്ചിരിയുടെ പിൻഗാമിയായി ആ ചോദ്യമുയർന്നു.

“വിധി!!!” ആ ഉത്തരം പതിഞ്ഞ സ്വരത്തിലായിരുന്നു. തോമസ് ആ പുതിയ സ്നേഹിതൻറ വിളറിയ മുഖത്തേക്കു സൂക്ഷിച്ചുനോക്കി. “ഞങ്ങൾ പതിനഞ്ചുപേരുണ്ടായിരുന്നു ആ കപ്പലിൽ. ബോംബെയിൽനിന്നും തിരിച്ചു പശ്ചിമദിക്കിലേക്കുള്ള ഞങ്ങളുടെ യാത്രാമദ്ധ്യേയായിരുന്നു ഈ അത്യാഹിതമുണ്ടായത്.” ഒരു നെടുനിശ്വാസം ആ വാക്കുകളെ പിൻതുടർന്നു.

കുറച്ചുസമയംമുൻപു സംഹാരരുദ്രനെപ്പോലെ ഭീകരാരവത്തോടുകൂടി അലറിയലച്ചു കുതിച്ചുയർന്ന ആഴിയലകൾ സംഗീതാത്മകമായ സ്വരത്തിൽ ഈശ്വരസ്തോത്രങ്ങൾ പാടി.

“സുഹൃത്തേ, നിങ്ങളുടെ പൂർണ്ണവിവരം മനസ്സിലാക്കുവാൻ എനിക്കത്യധികം ആകാംക്ഷയുണ്ട്. നിങ്ങളുടെ പേരെന്താണ്? വിരോധമില്ലെങ്കിൽ……”

തോമസ് ജിജ്ഞാസനിറഞ്ഞ നേത്രങ്ങളോടുകൂടി സ്നേഹിതനെ നോക്കി.

“സഹോദരാ, എൻറ പേരു ജോണെന്നാണ്.” അയാളുടെ കണ്ണുകളിൽ ഒരു ശോകച്ഛായ നിറഞ്ഞുനിറഞ്ഞു. “എനിക്കു നാലുവയസ്സു പ്രായമുണ്ടായിരുന്നപ്പോൾത്തന്നെ പിതാവു മരിച്ചു. എങ്കിലും എൻറ മാതാവിൻറ ആഹ്ലാദത്തിനും അഭിമാനത്തിനും നിദാനമായിരുന്നു ഞാൻ. ജീവിതത്തിൻറ ആനന്ദം പരിപൂർണ്ണമായും ഞാൻ അനുഭവിച്ചു. യുവത്വത്തിൻറ തികവിൽ സ്വാതന്ത്ര്യത്തിനായി ഞാൻ ആഗ്രഹിച്ചു. എൻറ മാതാവുകാരണം പാരതന്ത്ര്യത്തിൽ കുടുങ്ങിയിരുന്നതായി ഞാൻ വിശ്വസിച്ചു. അവരുടെ സാമീപ്യത്തെ ഞാൻ അത്യധികം വെറുത്തു. അങ്ങനെ ഞാൻ ഇരുപത്തിനാലു വയസ്സുവരെ ജീവിച്ചു. സമാധാനം എന്നന്നേക്കുമായി എന്നെ വിട്ടുപിരിഞ്ഞു.” അയാൾ അല്പം നിറുത്തി. നെടുതായൊന്നു നിശ്വസിച്ചു.

“ഞാൻ അമ്മയറിയാതെതന്നെ എൻറ കുടുംബസ്വത്തുക്കൾ സകലതും, വീടും ഒരു ചെറിയ പുരയിടവും നീക്കി, വിററു പണവുമായി നാടുവിട്ടു.” അയാൾ തുടർന്നു. “ബോംബെയിൽ താമസിച്ച് ഞാൻ വളരെയധികം പണം സമ്പാദിച്ചു. അന്നും ജീവിതത്തിൻറ ആനന്ദം ആസ്വദിക്കുവാൻ ഞാൻ അശക്തനായിരുന്നു. മാതാവിനോടു ചെയ്ത കഠോരകൃത്യം സ്മരിക്കുമ്പോൾ എൻറ ഹൃദയത്തിൽ യാതന നിറയും. ആ വാത്സല്യമൂർത്തിയെ കാണുവാനുള്ള ആഗ്രഹത്തോടുകൂടി ഞാൻ തിരിച്ചെത്തി. പക്ഷേ എൻറ കൃത്യത്തിൻറ ഫലം ഞാനനുഭവിച്ചു. എൻറ പ്രിയപ്പെട്ട അമ്മയെക്കാണുവാൻ എനിക്കു കഴിഞ്ഞില്ല. ധനതൃഷ്ണ ചുമക്കുന്ന യാതനകൾ!” ആ നേത്രങ്ങളിൽ രണ്ടശ്രുകണങ്ങൾ ഉയർന്നുവന്നു. ഇടറുന്ന കണ്ഠത്തോടുകൂടി വീണ്ടും അയാൾ കഥ തുടർന്നു. “സഹോദരാ, എൻറ ധനം മുഴുവൻ കടലിൽ നശിച്ചു. എൻറ അവശേഷിച്ച ആശയും ആ കൊടുങ്കാററിൽ അമർന്നുപോയി. പ്രകൃതി എന്നോടു പ്രതികാരം ചെയ്തു കഴിഞ്ഞു. ധനത്തിൻറ പിൻപേ ഓടിയോടി കാൽ കുഴഞ്ഞു നിലംപതിച്ച് ഒരു ബാലനെപ്പോലെ ഞാൻ കരയുകയാണ്.” അയാൾ നിറുത്തി. നേത്രങ്ങളിൽനിന്നും കണ്ണീർക്കണങ്ങൾ അടർന്നു വീണു.

തോമസ് സ്നേഹിതൻറ മുഖത്തേക്കു സൂക്ഷിച്ചുനോക്കി. നൈരാശ്യത്തിൻറ നേരിയ നിഴലാട്ടം ആ മുഖത്തു ഒരു മ്ലാനത പകർന്നുവച്ചു. ജീവിതത്തിലനുഭവപ്പെട്ട മഹത്തായ പരാജയത്താൽ പരിതപ്തമായ ഒരു ഹൃദയത്തിൻറ വ്യഗ്രതയേറിയ തുടിപ്പുകളാണു തൻറ കണ്ണുകളിൽ വന്നലയ്ക്കുന്നതെന്നു തോമസിനു മനസ്സിലായി.

“സ്നേഹിതാ, ധനം നശിച്ചതിൽ ദുഃഖിക്കരുത്”, തോമസ് പറഞ്ഞു, “അതു നിങ്ങളുടെ ഭാവിശ്രേയസ്സിനു അടിത്തറപാകി. ‘ധനവാൻ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതു ഒട്ടകം സൂചിക്കുഴയിൽക്കൂടി കടക്കുന്നതിലും’ വിഷമമേറിയതാണ്. സുഹൃത്തേ, കേൾക്കുക ഒരു കാലത്തു ഞാനും ധനത്തിൻറ തികവിൽ, ആനന്ദത്തിൻറ പൂർണ്ണതയിൽ ജീവിതം നയിച്ചിരുന്നവനാണ്. അന്നെനിക്കു സഹോദരങ്ങളെക്കുറിച്ചുള്ള ചിന്തയില്ലായിരുന്നു. ലോകം മുഴുവനും എൻറ അധീനത്തിലാക്കണമെന്നുമാത്രമേ ആശയുണ്ടായിരുന്നുള്ളു. ധനം എന്നെ ഒരിക്കലും വിട്ടുപിരിയുകയില്ലെന്നു ഞാൻ വിശ്വസിച്ചിരുന്നു. അതോർത്തു ഞാൻ അഹങ്കരിച്ചു. പക്ഷേ ദൗർഭാഗ്യം എന്നെയും അകററി നിറുത്തിയില്ല. എൻറ ധനം മുഴുവനും നശിച്ചു. സ്നേഹിതന്മാരെല്ലാം എന്നെ വെറുത്തു. അതിൻറ ഫലമായി എനിക്കു ലോകത്തെ നന്നായി മനസ്സിലാക്കുവാൻ കഴിഞ്ഞു. ധനവാൻ നിരാശ്രയരായ അവൻറ സഹോദരങ്ങളെക്കുറിച്ചു ചിന്തിക്കാറില്ല. ലോകം അവരുടെ മുന്നിൽ നൃത്തംവെയ്ക്കും, അതിൻറ പ്രതാപങ്ങളുമായി. അതിൽ അവർ ലയിച്ചുചേരും. എന്നാൽ നിർധനനോ, മഹാഭാഗ്യവാൻ. ദാരിദ്ര്യം അവനെ ഈശ്വരനിലേക്കു നയിക്കും. ദീനാനുകമ്പ അവനിൽ സൗന്ദര്യം ചാർത്തും. സഹോദരസ്നേഹത്തിൽ അടിയുറച്ച ആ സാധു സമാധാനം തികവൊത്തവിധം ആസ്വദിച്ചാഹ്ലാദിക്കും. അവർക്കു ധനതൃഷ്ണയില്ല. അതുതന്നെയാണു ലോകത്തിലെ ഏററവും വലിയ ആനന്ദം. അവരിലാണു സംതൃപ്തി അതിൻറ പൂർണ്ണരൂപത്തിൽ പ്രത്യക്ഷമാകുന്നതു്. ധനവാനും മനുഷ്യരെ സ്നേഹിക്കും. എന്നാൽ ആ സ്നേഹത്തിൻറ മറവിൽനിന്നുകൊണ്ടു ധനതൃഷ്ണ കരിപുരട്ടും. ആകയാൽ അവരുടെ സ്നേഹം ക്ഷണഭംഗുരമായിരിക്കും. അവരുടെ ആനന്ദം അസമാധാനത്തിൻറ നാന്ദിയായിരിക്കും. എന്നാൽ ദരിദ്രനോ? ലോകത്തിൽ സകലരും അവൻറ സഹോദരർ. ദാരിദ്ര്യത്തിൻറ നിറകുടമായി ലോകത്തിൽ പ്രത്യക്ഷനാകുന്ന മനുഷ്യൻ തികവൊത്ത സുകൃതത്തിൻറ ഉടലെടുത്തരൂപമായി വാഴും. ആ വിധമുള്ള ജീവിതമല്ലേ സ്നേഹിതാ, നമുക്കഭികാമ്യം?”

സശിരഃകമ്പം ജോണി അതു സമ്മതിച്ചു. മനുഷ്യജീവിതത്തിൻറ പരമോദ്ദേശത്തെ അയാൾ മനസ്സിലാക്കി. തോമസിൻറ ആദർശമാഹാത്മ്യമോർത്തു അയാൾ ആശ്ചര്യപ്പെട്ടു. പ്രഭാതസൂര്യൻറ ബാലകിരണങ്ങളേററു വിലസുന്ന വികസിതസൂനത്തിലും, സൂര്യാസ്തമനത്തിനുശേഷം പ്രകാശിച്ചുയരുന്ന ആ ഗോളവിശേഷത്തിൽനിന്നും നിർഗ്ഗമിക്കുന്ന ശീതളസുന്ദരമായ ചന്ദ്രികയിലും, കീറത്തുണിയും പുതച്ചു തെരുവുകൾതോറും തെണ്ടിത്തിരിയുന്ന ആ യാചകസഹോദരനിലും ഒരുപോലെ സൗന്ദര്യം ദർശിക്കുന്ന ആ ധീരസഹോദരൻറ വിശ്വവിസ്തൃതമായ ചിന്താസരണിയെ അത്ഭുതത്തോടുകൂടിയല്ലാതെ വീക്ഷിക്കുവാൻ അയാൾക്കു കഴിഞ്ഞില്ല.

അവർ കടൽത്തീരത്തിലെ മണൽവിരിപ്പിൽക്കൂടി സാവധാനം നടന്നു സമീപത്തിലുണ്ടായിരുന്ന ഒരു ചെറുകുടിലിലെത്തി. ഏതൊരുജീവിയേയും സ്വാഗതംചെയ്യുവാൻ സന്നദ്ധയായ ഒരു വൃദ്ധസ്ത്രീ ജിജ്ഞാസയോടുകൂടി അവരെ നോക്കിക്കൊണ്ടുനിന്നിരുന്നു.

“അമ്മേ, ഇന്നു നമുക്കൊരതിഥിയുണ്ട്.” തോമസ് പറഞ്ഞു. ഒരു മന്ദഹാസം ആ വൃദ്ധമുഖത്തു വികൃതമായ ചില രേഖകൾ നിർമ്മിച്ചു ആ നീണ്ടുമുരുണ്ട ധവളമുടി അവരുടെ നശിച്ചുപോയ സൗന്ദര്യത്തിനു സാക്ഷിയായിനിന്നു. കാരുണ്യം തുളുമ്പുന്ന ആ കടാക്ഷങ്ങൾ ഇന്നും നശിക്കാത്ത അവരുടെ മനോനൈർമ്മല്യത്തെ പ്രത്യക്ഷപ്പെടുത്തുന്നു.

അല്പമായി കാഴ്ചനശിച്ച ആ വൃദ്ധനേത്രങ്ങൾ ജോണിയുടെ മുഖത്തു പതിഞ്ഞു. അയാളുടെ ദർശനത്താൽ ഹൃദയാന്തർഭാഗത്തുകൂടി ഒരു മിന്നൽപ്പിണർ കുതിച്ചുപാഞ്ഞു. ജോണി ആ വൃദ്ധയുടെ കാൽക്കൽ പതിച്ചു. പുത്രനെ പിടിച്ചാശ്ലേഷിച്ചുകൊണ്ടു അവർ പറഞ്ഞു. “മോനേ! ഇന്നേലും നിന്നെ കാണാൻ കഴിഞ്ഞല്ലോ.!”

ആശ്ചര്യകരമായ ആ മാതൃപുത്രസമാഗമത്തിനു സാക്ഷിയായി തോമസു അങ്ങനെ തുറിച്ചുനിന്നു. മന്ദമാരുതൻ അവരുടെ ആനന്ദബാഷ്പങ്ങളെ തുടച്ചുമാററി. കിളികൾ അവയുടെ കളാരവത്താൽ അവർക്കു ഭാവുകങ്ങൾ നേർന്നു.

“അമ്മേ, അമ്മയെ കാണുവാൻ ഞാൻ എത്രമാത്രം ആഗ്രഹിച്ചിരുന്നു.” ഗദ്ഗദത്തോടുകൂടി ജോണി പറഞ്ഞു. “എൻറ നിഷ്ഠുരപ്രവൃത്തിക്കു ഞാൻ മാപ്പിരക്കുന്നു.” അയാൾ ആ മാതാവിൻറ കാൽക്കൽ മുട്ടുകുത്തിനിന്നു.

“മോനേ! നിന്നെയെനിക്കു കാണാൻ കഴിഞ്ഞല്ലോ.” അവർ അയാളെ കെട്ടിപ്പുണർന്നു. “എൻറ അപേക്ഷ ദൈവം കേട്ടു മോനേ.” അവരുടെ കണ്ണുകൾ നിറഞ്ഞൊഴുകി.

“മോനേ! എൻറ ആപത്തുനേരത്തു തോമാച്ചനെന്നെ സഹായിച്ചു. മററുവല്ലോരുമാണേൽ ഇതൊക്കെ ചെയ്യുമോ മോനേ?” ആ വൃദ്ധയുടെ കൃതജ്ഞത കവിഞ്ഞൊഴുകി.

“അമ്മേ, അദ്ദേഹമൊരു മാലാഖയാണ്.” ജോണി തോമസിൻറ മുഖത്തേക്കു നോക്കി. “ചാകാൻപോയ എന്നെ കരകയററിയതിദ്ദേഹമാണ്. ഇദ്ദേഹത്തോടു നാം എത്രമാത്രം കടപ്പെട്ടവരാണ്!”

ആ വൃദ്ധ ഒന്നു പുഞ്ചിരിതൂകി.

“സഹോദരാ, ഞാൻ കർത്തവ്യം നിർവഹിച്ചു എന്നു മാത്രമേയുള്ളു.” തോമസ് പറഞ്ഞു. “അതിൽ നിങ്ങൾക്കെന്നോടു യാതൊരു കടപ്പാടുമില്ല.”

ജോണി ആ ആദർശസമ്പന്നൻറ മുഖത്തു സൂക്ഷിച്ചു നോക്കിനിന്നു.

“സഹോദരാ,” അയാൾ പറഞ്ഞു. “എൻറ ശരീരം കൊടുങ്കാററിൽപ്പെട്ടു അലകളിൽക്കിടന്നു ഉലഞ്ഞപ്പോൾ എൻറ ആത്മാവു പൊരിയുന്ന ചിന്തകളുമായി യാതനയുടെ മദ്ധ്യത്തിൽ കിടന്നു പിടയുകയായിരുന്നു. അവയിൽനിന്നും എനിക്കു മുക്തിലഭിച്ചതു അങ്ങയുടെ സഹായത്താൽ മാത്രമാണ്.”

ആ വൃദ്ധ വാത്സല്യപൂർവ്വം തോമസിൻറ മുഖത്തേക്കു നോക്കി. ജോണി കൃതജ്ഞതാഭാരവുമായി ആ ത്യാഗസമ്പന്നൻറ മുന്നിൽ നിലകൊണ്ടു. അവർക്കു പരസ്പരം പലതും പറയുവാനുണ്ടായിരുന്നു. എന്നാൽ വാക്കുകൾ ആ കണ്ഠങ്ങളിൽ തടഞ്ഞു. ശുഷ്കമായ നിശ്വാസങ്ങളായി ബഹിർഗമിച്ചു. അപ്പോൾ ആഴിയലകൾ അത്യുച്ചത്തിൽ വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു, “ത്യാഗം! ത്യാഗം!” എന്നു്.

കൊടുങ്കാററ്! മനുഷ്യാത്മാവിൻറ മഹത്വം വെളിപ്പെടുത്തിയ കൊടുങ്കാററ്!! ആ കുടിലിൽ കയറിയിറങ്ങിയ മന്ദമാരുതൻ മന്ത്രിച്ചു. കുസുമങ്ങൾ അതു ശ്രവിച്ചു തുറിച്ചുനിന്നു.

## കുന്നംകുളം

നാല്പതുമണിയാരാധന ഫെബ്രുവരി 25, 26, 27, എന്നീ തീയതികളിൽ നടത്തുന്നതാണ്.


FREE INDIA BANK LIMITED

H. O. Kottayam, Travancore

(Incorporated under Travancore Companies Act— Liability of Members Limited.)

Branches:—

| | | |
|---|---|---|
| Changanacherry | Kidangoor | Kothamangalam |
| Kottayam | Nedumkunnam | Palai |
| Ponkunnam. | Ramapuram. | Ullala. |

FIXED DEPOSITS received at rates varying from 4%—6% interest per annum.

6% CASH CERTIFICATES issued.

CHEQUES, DRAFTS & BILLS accepted

All interests payable Half Yearly.

BANKING BUSINESS OF ALL KINDS UNDERTAKEN.

| Chairman | Managing Director | Secretary |
|---|---|---|
| Mr. V. C. George B. A. L. T. | Vakil Mr. Mathew J. Mattom. | Mr. Mathew J. Kaithakary |

# സത്യദീപം

പത്രാധിപന്മാർ

[illegible] റവ. മോൺ. ജോസഫ് നടുവത്തുശ്ശേരി

[illegible] റവ. മോൺ. കെ. സി. [illegible]

എം. ഏ., പി എച്ച്. ഡി., ഡി ഡി, ഡി. സി. എൽ.

റവ. ഫാദർ ജോസഫ് പാറേക്കാട്ടിൽ ബി. ഏ., ഡി ഡി.

വരിസംഖ്യ കൊല്ലത്തിന് 6 രൂപ ([illegible]), 6 രൂപ 8 ണ. (തപാലിൽ)

Vol. 22 | ERNAKULAM, FEBRUARY 16, 1949 | No 26


# ഭരണഘടന അംഗീകരിച്ച പൗരന്മാരുടെ സ്വാതന്ത്ര്യങ്ങൾ

ഇൻഡ്യാ ഗവമ്മെൻറിലെ നിയമവകുപ്പുമന്ത്രിയായ ഡാക്ടർ അമ്പദ്കറുടെ അദ്ധ്യക്ഷതയിൽ ഇൻഡ്യൻ കൊൺസാംബ്ളി ഏർപ്പെടുത്തിയിരുന്ന ഡ്റാഫ്റ്റിംഗ് കമ്മിററി ഇൻഡ്യയിലെ ഭാവിഭരണഘടനയുടെ ഒരു നക്കൽ തയ്യാറാക്കുകയും, അതു പൊതുജനങ്ങളുടെ അറിവിനും വിമർശനത്തിനുമായി പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നല്ലോ. ഈ നക്കൽ ഭരണഘടനയിലെ വകുപ്പുകൾ ഓരോന്നായി ഇക്കഴിഞ്ഞ കൊൺസാംബ്ളി സമ്മേളനത്തിൽ ചർച്ചചെയ്യപ്പെടുകയും, ആവശ്യകമെന്നു ബോദ്ധ്യമായ ഭേദഗതികളോടുകൂടി പാസാക്കപ്പെടുകയുമുണ്ടായി. പ്രസ്തുത വകുപ്പുകളിൽ പ്രത്യേക പ്രാധാന്യം അർഹിക്കുന്നതു് ഓരോ പൗരനുമുള്ള ജന്മസിദ്ധമായ സ്വാതന്ത്ര്യങ്ങളെ നിർണ്ണയിക്കുന്നതാണെന്നു സംശയമില്ല. ഈ വകുപ്പിനെപ്പററിയുള്ള രണ്ടുമൂന്നു ദിവസത്തെ ചർച്ചകൾ ഇക്കഴിഞ്ഞ ഡിസംബർ ആദ്യത്തിൽ നടത്തപ്പെട്ടു. തദനന്തരം, ഡ്റാഫ്റ്റിംഗ് കമ്മിററിയിൽ കൊള്ളിച്ചിരുന്ന പൗരസ്വാതന്ത്ര്യങ്ങൾ ചുരുക്കം ചില ഭേദഗതികളോടുകൂടി പാസാക്കപ്പെടുകയും ചെയ്തു.

## പാസാക്കപ്പെട്ട പൗരസ്വാതന്ത്ര്യങ്ങൾ

താഴെപ്പറയുന്ന ഏഴുതരം സ്വാതന്ത്ര്യങ്ങളാണു് കൊൺസാംബ്ളിയിൽ പാസാക്കപ്പെടുകയും ഭാവിഭരണഘടനയിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുള്ളതു്.

(1) സംസാരത്തിൻേറയും അഭിപ്രായപ്രകടനത്തിൻേറയും സ്വാതന്ത്ര്യം.

(2) സമാധാനപരമായും ആയുധങ്ങൾ ധരിക്കാതെയും യോഗം ചേരുവാനുള്ള സ്വാതന്ത്ര്യം.

(3) സംഘങ്ങളോ യൂണിയനുകളോ രൂപീകരിക്കുവാനുള്ള സ്വാതന്ത്ര്യം.

(4) ഇൻഡ്യയിൽ സകല സ്ഥലങ്ങളിലും നിർബാധം ഗതാഗതം ചെയ്യുവാനുള്ള സ്വാതന്ത്ര്യം.

(5) ഇൻഡ്യയിൽ ഏതു സ്ഥലത്തും പാക്കുവാനും പാർപ്പിടമുറപ്പിക്കുവാനുമുള്ള സ്വാതന്ത്ര്യം.

(6) സ്വകാര്യസ്വത്തു സമ്പാദിക്കുവാനും കൈവശം വയ്ക്കുവാനും കൈകാര്യം ചെയ്യുവാനുമുള്ള സ്വാതന്ത്ര്യം.

(7) ഏതു ജീവിതവൃത്തിയും അഭ്യസിക്കുവാൻ, അഥവാ ഏതു ജോലിയോ വ്യാപാരമോ ബിസിനസ്സോ നടത്തുവാൻ ഉള്ള സ്വാതന്ത്ര്യം.

## കൊൺസാംബ്ളിയിൽ അവതരിപ്പിച്ച ഭേദഗതികൾ

ഈ സ്വാതന്ത്ര്യങ്ങൾ കൊൺസാംബ്ളി അംഗങ്ങൾ എല്ലാവരും സാമാന്യേന സ്വാഗതം ചെയ്തു. എന്നുവരികിലും അവകൾക്കു ഭേദഗതികൾ അവതരിപ്പിക്കപ്പെടാതിരുന്നില്ല. നൂറില്പരം ഭേദഗതികൾ അജൻറായിൽ കൊള്ളിച്ചിരുന്നു. അവയിലധികവും അവതരിപ്പിക്കപ്പെട്ടില്ല. അവതരിപ്പിക്കപ്പെട്ടവയിൽത്തന്നെ മൂന്നെണ്ണം മാത്രമേ അസംബ്ളിയിൽ പാസായുള്ളു. ബാക്കിമുഴുവനും തിരസ്കരിക്കപ്പെടുകയാണുണ്ടായതു്. ഭേദഗതികൾക്കും തൽസംബന്ധമായ വിമർശനങ്ങൾക്കും പ്രധാനമായി വിഷയീഭവിച്ചതു് പ്രസ്തുത സ്വാതന്ത്ര്യങ്ങളോടുകൂടിത്തന്നെ ഭരണഘടനയിൽ കൊള്ളിച്ചിട്ടുള്ള ചില വ്യവസ്ഥകളായിരുന്നു. സ്വാതന്ത്ര്യങ്ങളുടെ പ്രയോഗത്തെ ചില സാഹചര്യങ്ങളിൽ പൊതുജനതാത്പര്യത്തെ മുൻനിർത്തി നിയന്ത്രിക്കുവാൻ രാഷ്ട്രത്തിനുള്ള അധികാരത്തെ സമ്മതിക്കുന്ന വ്യവസ്ഥകളായിരുന്നു അവ. പ്രസ്തുത ഭേദഗതികൾ അവതരിപ്പിച്ചുകൊണ്ടു് പ്രസംഗിച്ചവരുടെ ആശയങ്ങൾ ഇങ്ങനെ സംക്ഷേപിക്കാം:

പ്രസ്തുത വകുപ്പു് അംഗീകരിച്ചിട്ടുള്ള പൗരാവകാശങ്ങൾ അപരിത്യാജ്യങ്ങളാകുന്നു. അവയില്ലെങ്കിൽ ഭരണഘടന നിർജ്ജീവമായ പ്രമാണമായിരിക്കുകയേയുള്ളു. അങ്ങനെയിരിക്കെ അവയെ ഭാവിഗവമ്മെൻറുകളുടെ നിയന്ത്രണത്തിനും നിയമസഭകളുടെ ഹിതാഹിതങ്ങൾക്കും വിട്ടുകൊടുക്കുവാൻ പാടുള്ളതല്ല. ഇക്കാലത്തുതന്നെ പല പ്രവിശ്യകളിലും പബ്ളിക് രക്ഷാനിയമങ്ങൾ നിലവിലിരിക്കുന്നു. അവയനുസരിച്ചു് നീതീകരണമൊന്നും കൂടാതെ അറസ്റ്റുകളും പരിശോധനകളും നടക്കുന്നു. അടിയന്തിരമായ ഒരു കാലഘട്ടമാണു് നാം തരണംചെയ്തുകൊണ്ടിരിക്കുന്നതെന്നും തീർച്ചതന്നെ. എന്നുവരികിലും അടിയന്തിരമായ സാഹചര്യങ്ങളെ പരിഗണിച്ചുകൊണ്ടുള്ള വ്യവസ്ഥകൾ ഭരണഘടനയിൽ ഉൾപ്പെടുത്തിക്കൂടാ. യോഗം കൂടുന്നതു് സമാധാനപരമായിരിക്കണമെന്നും ആയുധം ധരിക്കാതെ വേണമെന്നുമുള്ള വ്യവസ്ഥ ധാരാളം മതി അടിയന്തിരഘട്ടങ്ങൾക്കെതിരായ പരിരക്ഷയായിരിക്കുവാൻ. നിയമസഭകൾ മൗലികാവകാശങ്ങളെ ആക്രമിക്കുകയും, തദ്വാരാ മൗലികാവകാശങ്ങളുടെ ഉദ്ദേശത്തെ മുഴുവനും വിഫലീഭവിപ്പിക്കുകയും ചെയ്തേക്കാമെന്നുള്ളതിനു് യാതൊരു സംശയവുമില്ല. അമേരിക്കൻ ഭരണഘടന ഈ വാദത്തിനു താങ്ങായി നിൽക്കുന്നുണ്ടു്. മൗലികാവകാശങ്ങളുടെ വ്യാഖ്യാനം പിന്നാലെ പിന്നാലെ അധികാരത്തിൽ വരുന്ന വിവിധ രാഷ്ട്രീയ കക്ഷികൾക്കല്ല, പ്രത്യുത സുപ്രീം കോടതിക്കാണു് വിട്ടുകൊടുക്കേണ്ടതെന്നു് ആ ഭരണഘടനയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടു്.

## വിമർശനങ്ങൾക്കു മററുമെമ്പറന്മാരുടെ മറുപടി

പ്രസ്തുത ഭേദഗതികളേയും തൽസംബന്ധമായ വിമർശനങ്ങളേയും എതിർത്തുകൊണ്ടും ഭരണഘടനയിൽ കൊള്ളിച്ചിട്ടുള്ള നിയന്ത്രണവ്യവസ്ഥകൾ ആവശ്യകമാണെന്നു വാദിച്ചുകൊണ്ടും മററു ചില സാമാജികന്മാർ പ്രസംഗിച്ചു. അതിൻെറ സംക്ഷേപം ഇങ്ങനെയാണു്:

ഒരു രാജ്യത്തിലെ നിയമങ്ങൾ എല്ലായ്പോഴും രൂപീകരിക്കപ്പെടുന്നതു് അതിൽ നിലവിലിരിക്കുന്ന സാഹചര്യങ്ങളനുസരിച്ചാണു്. ബ്രിട്ടീഷ് ഭരണത്തിനുശേഷം അനിയന്ത്രിതമായ അവകാശങ്ങളായിരിക്കും നാം സ്വാഭാവികമായി ആഗ്രഹിക്കുക. എന്നാൽ സ്വാതന്ത്ര്യത്തിൻെറ ഉദയത്തോടുകൂടി സാമുദായികവിരുദ്ധമായ ചില ഘടകങ്ങളും ആവിർഭവിച്ചിരിക്കുന്നു. ഈ ഘടകങ്ങൾ നമ്മുടെ സ്വാതന്ത്ര്യത്തെ അപകടത്തിലാക്കുന്നതുകൊണ്ടു് അവയെ അമർച്ച ചെയ്യുവാനുള്ള അധികാരങ്ങൾ ഗവമ്മെൻറിനു നൽകേണ്ടതു് ആവശ്യകമാണു്. ഈ അധികാരം നിയമസഭകളിൽത്തന്നെയാണു് നി[illegible]പിക്കപ്പെടേണ്ടതു്. കോടതികൾക്കു നിയമം വ്യാഖ്യാനിക്കാനേ കഴിവുള്ളു. നിയമങ്ങളാകട്ടെ രാജ്യത്തിലെ സാഹചര്യങ്ങളുടെ ഭേദമനുസരിച്ചു ഭേദപ്പെടേണ്ടിവരും. അമേരിക്കൻ ഐക്യരാഷ്ട്രങ്ങളിൽ ഈ അവകാശങ്ങൾ നിരുപാധികമായ രൂപത്തിൽ നൽകപ്പെട്ടിരുന്നിട്ടും, അവയ്ക്കു പരിധി നിശ്ചയിക്കേണ്ടതും ആവശ്യകമാണെന്നാണു് സുപ്രീംകോടതി കണ്ടുവച്ചിരിക്കുന്നതു്. അവിടെ സുപ്രീം കോടതിയുടെ അധികാരത്തിനു വിട്ടുകൊടുത്തിരിക്കുന്ന നിയന്ത്രണം ഇവിടെ ഭരണഘടനയിൽത്തന്നെ കൊള്ളിച്ചിരിക്കുന്നുവെന്നുമാത്രമേ വ്യത്യാസമുള്ളു. ചില സാഹചര്യങ്ങളിൽ ചിലരീതിയിൽ കുറെ നിയന്ത്രണംകൂടാതെ നിരുപാധികമായി അവകാശമുണ്ടായിരിക്കുക സാദ്ധ്യമല്ല. തങ്ങൾ സൃഷ്ടിക്കുന്ന രാഷ്ട്രം നിർബാധം തുടരുന്നതിനും വളരുന്നതിനും അത്തരം നിയന്ത്രണം ആവശ്യകമാണു്. ഈ നിയന്ത്രണങ്ങൾ ഭരണഘടനയിൽ കൊള്ളിക്കണമോയെന്ന പ്രശ്നത്തിൽ ഡ്റാഫ്റ്റിംഗ് കമ്മിററി ഒരു സുവർണ്ണമദ്ധ്യമാർഗ്ഗമാണു സ്വീകരിച്ചിരിക്കുന്നതു്. ആകയാൽ ഡ്റാഫ്റ്റിംഗ് കമ്മിററിയും അതിൻെറ അദ്ധ്യക്ഷനായ ഡാക്ടർ അമ്പദ്കറും കൃതജ്ഞതാർഹരാണു്.

## പാസാക്കപ്പെട്ടനിയന്ത്രണവ്യവസ്ഥ

ഭേദഗതികൾക്കെതിരായി, ചർച്ചകൾക്കുശേഷം, കൊൺസാംബ്ളി പാസാക്കിയതും ഭരണഘടനയിൽ കൊള്ളിച്ചിരിക്കുന്നതുമായ പ്രധാനപ്പെട്ട നിയന്ത്രണവ്യവസ്ഥ താഴെ ചേർക്കുന്നു:

“നിലവിലിരിക്കുന്ന ഏതെങ്കിലും നിയമത്തിൻെറ പ്രവർത്തനത്തിനു് ഈ വകുപ്പിലെ യാതൊന്നും ബാധകമായിരിക്കുന്നതല്ല; അപകീർത്തി (Libel), പരദൂഷണം (Slander), മാനഹാനി (Defamation) എന്നിവയെ സംബന്ധിക്കുന്നതോ, സഭ്യതയ്ക്കോ സാന്മാർഗ്ഗികതയ്ക്കോ വിപരീതമായ ഏതെങ്കിലും കാര്യത്തെ സംബന്ധിക്കുന്നതോ, രാഷ്ട്രത്തിൻെറ സുരക്ഷിതാവസ്ഥയുടെ അടിമാന്തുന്നതോ, രാഷ്ട്രത്തെ തകിടംമറിക്കുവാൻ ഇടയാക്കുന്നതോ ആയ ഏതെങ്കിലും കാര്യത്തെ സംബന്ധിച്ച ഏതെങ്കിലും നിയമമുണ്ടാക്കുവാൻ രാഷ്ട്രത്തെ ഈ വകുപ്പിൽ യാതൊന്നും തടസ്സപ്പെടുത്താവുന്നതല്ല.”

പാസാക്കപ്പെട്ട ഈ നിയന്ത്രണവ്യവസ്ഥയ്ക്കു ഒരു മെമ്പർ ഒരു ഭേദഗതി അവതരിപ്പിച്ചു. സ്വാതന്ത്ര്യങ്ങളിന്മേൽ രാഷ്ട്രം ചെലുത്തുന്ന നിയന്ത്രണങ്ങൾ “യുക്തിപൂർവ്വകങ്ങൾ” (Reasonable) ആയിരിക്കണമെന്നായിരുന്നു അതു്. ഈ പദം കൂടി വ്യവസ്ഥയിൽ ചേർത്താൽ, ഭരണകർത്താക്കൾ ചെലുത്തുന്ന നിയന്ത്രണങ്ങൾ യുക്തിപൂർവ്വകങ്ങളാണോ അല്ലയോയെന്നു നിർണ്ണയിക്കുവാനുള്ള അവകാശം കോടതികൾക്കുണ്ടായിരിക്കുമെന്നും, അങ്ങനെ അവയ്ക്കു പൗരന്മാരുടെ അവകാശങ്ങൾ പരിരക്ഷിക്കുവാൻ കഴിയുമെന്നുമായിരുന്നു അദ്ദേഹം പറഞ്ഞ ന്യായം. ഈ ഭേദഗതി സ്വീകരിക്കപ്പെട്ടു.

“നിലവിലിരിക്കുന്ന ഏതെങ്കിലും നിയമത്തിൻെറ പ്രവർത്തനത്തിനു് ഈ വകുപ്പിലെ യാതൊന്നും ബാധകമായിരിക്കുന്നതല്ല” എന്നു നിയന്ത്രണവ്യവസ്ഥയിൽ കൊള്ളിച്ചിട്ടുള്ള ഭാഗത്തെ പരാമർശിച്ചു ഡാക്ടർ അമ്പദ്കർ ഒരു വിശദീകരണം നൽകി. “നിലവിലിരിക്കുന്ന നിയമം” എന്ന പ്രയോഗത്തെപ്പററി വളരെയധികം തെററിദ്ധാരണകളുണ്ടെന്നു് അദ്ദേഹം പറഞ്ഞു. ആ പ്രയോഗം വ്യാഖ്യാനിക്കണമെന്നു പരിചയം സിദ്ധിച്ചിട്ടുള്ള ഏതെങ്കിലും അഭിഭാഷകനോടു് ആവശ്യപ്പെട്ടാൽ “മൗലികാവകാശങ്ങൾക്കു വിപരീതമല്ലാത്തവിധത്തിൽ നിലവിലിരിക്കുന്ന നിയമം” എന്നേ അദ്ദേഹം വ്യാഖ്യാനിക്കുകയുള്ളുവെന്നു് തനിക്കു നിശ്ചയമുണ്ടെന്നാണു് അമ്പദ്കർ പ്രസ്താവിച്ചതു്. അതുകൊണ്ടാണു് പ്രസ്തുത പ്രയോഗം വിശേഷാൽ വിശദീകരണം കൂടാതെ ഡ്റാഫ്റ്റിംഗ് കമ്മിററി പ്രസ്തുതവകുപ്പിൽ ചേർത്തിരിക്കുന്നതു്. ഭരണഘടന നടപ്പിൽ വരുന്ന ദിവസത്തിൽത്തന്നെ നിലവിലിരിക്കുന്ന സകല നിയമങ്ങളും റദ്ദാക്കപ്പെടണമെന്നു വിമർശകന്മാർ ഉദ്ദേശിക്കുന്നുണ്ടോയെന്നു് അദ്ദേഹം ചോദിച്ചു. നിലവിലിരിക്കുന്ന നിയമങ്ങൾ ഭരണഘടനയ്ക്കു വിപരീതമായിരിക്കുന്നേടത്തോളം റദ്ദാക്കപ്പെട്ടതന്നെയിരിക്കുമെന്നു് ഭരണഘടനയിൽ പ്രസ്താവിച്ചിട്ടുണ്ടു്. ഇന്നു നിലവിലിരിക്കുന്ന നിയമങ്ങൾ ഇന്നു പ്രയോഗക്ഷമമായിരിക്കുന്നതുകൊണ്ടാണല്ലോ രാജ്യത്തിൻെറ ഭരണം നടന്നുകൊണ്ടിരിക്കുന്നതു്. നിയമങ്ങൾ പരിപൂർണ്ണമായും റദ്ദാക്കപ്പെടുന്നപക്ഷം ഭരണയന്ത്രം ശിഥിലീകൃതമാകുമെന്നു് അദ്ദേഹം അനുസ്മരിപ്പിച്ചു. മാത്രമല്ല, പാർലമെൻറു് പാസാക്കാത്ത യാതൊരു നിയമവും ഇനിമേലിൽ പ്രവർത്തനത്തിൽ വന്നുകൂടെന്നു ഭരണഘടന പ്രസ്താവിച്ചാൽ, കേന്ദ്രത്തിലേയും പ്രവിശ്യകളിലേയും നിയമസഭകൾ ഇതിനു മുൻപു് ഏർപ്പെടുത്തിയിട്ടുള്ള നിയമങ്ങൾക്കു സാധുത്വമുണ്ടാകുന്നതുമല്ല. ആകയാൽ ഭരണഘടനയ്ക്കു വിപരീതമായ നിയമങ്ങൾ മാത്രമേ റദ്ദാക്കപ്പെട്ടതായിരിക്കുകയുള്ളുവെന്നൊരു വ്യവസ്ഥ ഭരണഘടനയിൽ ആവശ്യകമാണെന്നു അദ്ദേഹം സമർത്ഥിച്ചു. ഈ വിശദീകരണത്തെ സഭാവാസികൾ ഹർഷാരവത്തോടുകൂടി സ്വീകരിക്കുകയാണുണ്ടായതു്.

## തള്ളപ്പെട്ട പ്രധാനഭേദഗതികൾ

തള്ളപ്പെട്ട ഭേദഗതികളിൽ മൂന്നെണ്ണത്തെക്കുറിച്ചു ഡാക്ടർ അമ്പദ്കർ വിശദീകരണങ്ങൾ നൽകുകയുണ്ടായി. ആ ഭേദഗതികളിലൊന്നു് പ്രസിദ്ധീകരണത്തിൻെറ (press) സ്വാതന്ത്ര്യം സ്പഷ്ടമായി ഭരണഘടനയിൽ കൊള്ളിക്കണമെന്നായിരുന്നു. ആ ഭേദഗതി തള്ളിക്കളയുവാനുള്ള ന്യായം അമ്പദ്കർ വിശദീകരിച്ചതിങ്ങനെയാണു്: വ്യക്തിയേയൊ പൗരനേയൊ പോലെ പ്രസ്സും വേറൊരു സത്വംമാത്രമാണു്. ഒരു പൗരനു് അവൻെറ വ്യക്തിപരമായ നിലയിൽ പ്രയോഗിക്കുവാൻ പാടില്ലാത്ത പ്രത്യേക അവകാശങ്ങളൊന്നും പ്രസ്സിനില്ല. ഒരു പ്രസിദ്ധീകരണത്തിൻെറ അധിപരും ഉടമസ്ഥനും മാനേജരും എല്ലാം പൗരന്മാരാണല്ലോ. തന്മൂലം അവർ പത്രങ്ങളിലെഴുതുമ്പോൾ അഭിപ്രായപ്രകടനത്തിൻെറ അവകാശം പ്രയോഗിക്കുകമാത്രമാണു ചെയ്യുന്നതു്. ആകയാൽ പ്രസിദ്ധീകരണത്തിൻെറ സ്വാതന്ത്ര്യത്തെക്കുറിച്ചു പ്രത്യേകമായ പ്രസ്താവം ആവശ്യകമായിരിക്കുന്നില്ല.

രണ്ടാമത്തെ ഭേദഗതി ആയുധങ്ങൾ ധരിച്ചു നടക്കുവാനുള്ള സ്വാതന്ത്ര്യത്തെപ്പററിയായിരുന്നു. ആ ഭേദഗതി തള്ളിക്കളയുവാനുള്ള ന്യായം ഡാക്ടർ അമ്പദ്കർ ഇങ്ങനെ വിശദീകരിച്ചു: ആയുധങ്ങൾ ധരിച്ചുനടക്കുവാനുള്ള അവകാശത്തെക്കുറിച്ചു കോൺഗ്രസ്സുപാർട്ടി ദീർഘകാലം പ്രക്ഷോഭണം നടത്തിയിരുന്നുവെന്നുള്ളതു വാസ്തവംതന്നെ. എന്നാൽ ആ പ്രക്ഷോഭണം നടന്നകാലത്തെ സാഹചര്യങ്ങൾക്കു് ഇനിമേലിൽ അസ്തിത്വമില്ലെന്നു നാം മറന്നുകളയരുതു്. ഇന്ത്യയിലെ ജനങ്ങൾ ആയുധം ധരിച്ചു നടക്കരുതെന്നു വിരോധിച്ചതു് ബ്രിട്ടീഷ് ഗവമ്മെൻറായിരുന്നു. അതിനുള്ള ന്യായം ക്രമസമാധാനങ്ങൾ പാലിക്കപ്പെടണമെന്നുള്ളതായിരുന്നില്ല; പ്രത്യുത പിടിച്ചടക്കപ്പെട്ട ജനങ്ങൾക്കു് വിദേശഗവമ്മെൻറിനെതിരായി ആയുധം ധരിച്ചു നടക്കുവാൻ അവകാശം ഉണ്ടായിരിക്കരുതെന്നായിരുന്നു. ഈ സാഹചര്യങ്ങൾ എന്നേക്കുമായി നീങ്ങിയിരിക്കുകയാണല്ലോ. ഓരോ വ്യക്തിക്കും രാഷ്ട്രത്തിൻെറ യാതൊരു നിയന്ത്രണവും കൂടാതെ ചന്തകളിൽച്ചെന്നു ഏതുതരം സമരായുധങ്ങളും വാങ്ങിക്കാമെന്നുവച്ചാൽ രാഷ്ട്രത്തിനു ഭരണം നടത്തുവാൻ സാധിക്കുന്നതെങ്ങനെയെന്നു് ഊഹിക്കുവാൻതന്നെ പ്രയാസം. പ്രസ്തുത വ്യവസ്ഥ ആയുധം ധരിക്കുന്നതിനെ നിയന്ത്രിക്കുകയേ ചെയ്യുന്നുള്ളു; അതിനുള്ള പൗരന്മാരുടെ അവകാശത്തെ റദ്ദാക്കുന്നില്ല.

മൂന്നാമത്തെ ഭേദഗതി ചില മുസ്ലീംമെമ്പർമാർ പ്രത്യേകിച്ചും അവതരിപ്പിച്ചതായിരുന്നു. പ്രത്യേക ഗ്രൂപ്പുകൾക്കും സമുദായങ്ങൾക്കും അവരവരുടെ പ്രത്യേകങ്ങളായ നിയമങ്ങളെ (Personal laws) അനുഷ്ഠിക്കുന്നതിനുള്ള സ്വാതന്ത്ര്യം ഭദ്രമായിരിക്കണമെന്നുള്ളതായിരുന്നു ആ ഭേദഗതി. അതു തള്ളിക്കളയുവാനുള്ള ന്യായം ഡാക്ടർ അമ്പദ്കർ താഴെക്കാണും വിധം വിശദീകരിച്ചു: വ്യക്തികളുടെ പ്രത്യേകമായ നിയമങ്ങൾ രാഷ്ട്രത്തിൻെറ അധികാരത്തിൽ

നിന്നു് ഒഴിവാക്കപ്പെടണമെന്നുള്ള വാദം അചിന്ത്യമാണു്. ഈ വിഷയത്തിൽ രാഷ്ട്രം അവകാശപ്പെടുന്നതു് നിയമനിർമ്മാണം ചെയ്യുവാനുള്ള അധികാരം മാത്രമാകുന്നു. വ്യക്തികളുടെ നിയമങ്ങളെ നിഷ്കാസനം ചെയ്യുവാനുള്ള ചുമതലയൊന്നും രാഷ്ട്രത്തിനില്ല. നിയമനിർമ്മാണം ചെയ്യുവാനുള്ള അധികാരം രാഷ്ട്രത്തിനുണ്ടെന്നുള്ളതുകൊണ്ടുമാത്രം ആരും ഭയപ്പെടേണ്ട ആവശ്യമില്ല. മുസ്ലീമങ്ങൾക്കോ ക്രിസ്ത്യാനികൾക്കോ ഇൻഡ്യയിലെ മറേറതു സമുദായത്തിനോ നിഷിദ്ധമായിരിക്കുന്ന വിധത്തിൽ പ്രസ്തുതാധികാരം പ്രയോഗിക്കുവാൻ രാഷ്ട്രം ഉടനടി പുറപ്പെടുമെന്നു് ആരും ഉൽക്കണ്ഠരാകേണ്ട. ഭരണാധികാരം അനിയന്ത്രിതമാണെന്നു പ്രസ്താവിക്കപ്പെട്ടാൽത്തന്നെയും അതു് എല്ലായ്പോഴും നിയന്ത്രിതമായിരിക്കുന്നു. പരമാധികാരത്തിന്റെ പ്രയോഗം വിവിധ സമുദായങ്ങളുടെ വികാരങ്ങൾക്കു് ഒത്തിണങ്ങിയിരുന്നേ മതിയാവൂ. മുസ്ലീമങ്ങളേയൊ മറേറതു സമുദായങ്ങളേയൊ വിപ്ലവമുണ്ടാക്കുവാൻ പ്രകോപിപ്പിക്കുന്ന വിധത്തിൽ അധികാരം പ്രയോഗിക്കുന്നതിനു് ഒരു ഗവർമ്മെൻറിനും കഴിവുള്ളതല്ല. അങ്ങനെ ചെയ്യുന്ന ഗവമ്മെൻറു് ഭ്രാന്തുള്ളതുതന്നെയായിരിക്കും.

### സ്വാതന്ത്ര്യപ്രഖ്യാപനം
### അഭിനന്ദനീയം

"ക്രിസ്തുമതസിദ്ധാന്തങ്ങളും വ്യക്തിസ്വാതന്ത്ര്യവും" എന്ന തലക്കെട്ടിൽ ഇക്കഴിഞ്ഞ ജാനുവരി 12-ാംനു- ഞങ്ങൾ പ്രസിദ്ധീകരിച്ചിരുന്ന മുഖപ്രസംഗത്തിൽ പറഞ്ഞിരുന്നപോലെ "ക്രിസ്തീയതത്വശാസ്ത്രം മനുഷ്യവ്യക്തിയുടെ പുരുഷാത്മകമായ മാഹാത്മ്യത്തെ വിളിച്ചു പറയുന്നു. ക്രിസ്തീയ വേദശാസ്ത്രം ആ മാഹാത്മ്യത്തിനു മാററുകൂട്ടി മനുഷ്യവ്യക്തിയെ ദൈവപുത്രന്റേയും ക്രിസ്തുസഹോദരന്റേയും പദവിയിലേക്കു് ഉയർത്തിവച്ചിരിക്കുന്നു." തദനുസരണമായ സ്വാതന്ത്ര്യങ്ങൾ ഓരോ വ്യക്തിക്കും ഇൻഡ്യയിൽ ഉണ്ടായിരിക്കുന്നതാണെന്നു ഭരണഘടന പ്രസ്തുതവകുപ്പിൽ ഉറപ്പു നൽകിയിരിക്കുന്നതു് യഥാർത്ഥക്രിസ്ത്യാനികളുടെ ദൃഷ്ടിയിൽ എത്രമാത്രം അഭിനന്ദനീയമാണെന്നു പറഞ്ഞറിയിക്കുവാൻ പ്രയാസം. പ്രസ്തുത സ്വാതന്ത്ര്യങ്ങളെ നിയന്ത്രിക്കുന്ന ചില വ്യവസ്ഥകൾ ഭരണഘടനയിൽ കൊള്ളിച്ചിട്ടുള്ളതിനെപ്പററി ഞങ്ങൾക്കുള്ള അഭിപ്രായം "ഹിന്ദു"പ്പത്രത്തിന്റെ വാക്കുകളിൽ പ്രകാശിപ്പിക്കാം:

"വ്യക്തിയുടെ സ്വാതന്ത്ര്യവും അവകാശങ്ങളും നിരുപാധികങ്ങളല്ലെന്നുള്ളതു് പ്രാഥമികമായ തത്വമാണല്ലോ. അവ എല്ലായ്പോഴും ക്രമീകൃതമായ സമുദായത്തിന്റെ ആവശ്യങ്ങൾക്കും ആകാംക്ഷകൾക്കും വിധേയങ്ങളായിരിക്കുന്നു. ഈ അവകാശങ്ങളെ ഉൾക്കൊള്ളുന്ന ഭരണഘടനയിൽ സാഹചര്യങ്ങൾക്കു് അനുയോജ്യമായവിധം അവയെ നിയന്ത്രിക്കുവാനുള്ള വ്യവസ്ഥകളും അവശ്യം ഉൾക്കൊണ്ടിരിക്കേണ്ടതാണു്. പ്രസ്തുത നിയന്ത്രണങ്ങൾ കഴിവുള്ളിടത്തോളം കുറഞ്ഞിരിക്കണമെന്നും അവ യുക്തിഹീനങ്ങളായിരിക്കരുതെന്നും മാത്രമേ വാദിക്കാൻ പാടുള്ളൂ. യഥാർത്ഥ പ്രജായത്ത രാഷ്ട്രത്തിൽ, അവിടത്തെ ഗവമ്മെണ്ടു് സാമാന്യജനങ്ങളോടു് ഉത്തരവാദം വഹിക്കുന്നതാകയാൽ, നിയന്ത്രണത്തിന്റെ പ്രയോഗത്തിൽ ഈ ഉപാധികൾ യഥാർത്ഥീകരിക്കപ്പെടുമെന്നു് വിശ്വസിക്കാവുന്നതാണു്."

## പ്രസാധകക്കുറിപ്പുകൾ

### വിധിപ്രസ്താവം

അന്ധകാരത്തിന്റെ ശക്തികൾ അനന്യസാധാരണമായ പാടവത്തോടെ അവയുടെ കൃത്യം നിർവ്വഹിച്ചുകഴിഞ്ഞിരിക്കുന്നു. ഹംഗറിയിലെ കമ്മ്യൂണിസ്റ്റു് ഗവമ്മെണ്ടിനാൽ അറസ്റ്റുചെയ്യപ്പെട്ട കാർഡിനൽ മിൻഡ്സെൻറിക്കു് എന്തു ശിക്ഷയാണു് കൊടുക്കുന്നതെന്നു് അറിവാനായി ലോകം ഉൽക്കണ്ഠയോടെ പാർത്തിരിക്കുകയായിരുന്നു. ഇപ്പോഴിതാ അദ്ദേഹത്തെ വിസ്തരിച്ച പ്രത്യേകകോടതി രാജ്യദ്രോഹക്കുററം ചുമത്തി അദ്ദേഹത്തെ ജീവപര്യന്തം തടവിനു വിധിച്ചു കഴിഞ്ഞിരിക്കുന്നു. അദ്ദേഹത്തിന്റെ പൗരാവകാശങ്ങളെല്ലാം നഷ്ടപ്പെട്ടിരിക്കുന്നതിനുപുറമെ, അദ്ദേഹത്തിന്റെ വസ്തുക്കളെല്ലാം ഗവമ്മെണ്ടു കണ്ടുകെട്ടുകയും ചെയ്തിരിക്കുന്നു. കർദ്ദിനാൾ തിരുമേനിയോടൊപ്പം വിസ്തരിക്കപ്പെട്ട ഹംഗറിയിലെ കത്തോലിക്കാപ്രവർത്തനസംഘ സെക്രട്ടറിക്കു മൂന്നു വർഷത്തേയും, തിരുമനസ്സിലെ സെക്രട്ടറിക്കു് 6 വർഷത്തേയും കത്തോലിക്കാ സർവ്വകലാശാലാ പ്രഫസർ ജസ്റ്റിൻ ബരനായിക്കു് 5 കൊല്ലത്തേയും തടവുശിക്ഷ വിധിച്ചിട്ടുണ്ടു്. ഫാദർ ബേല ഇസ്ലാക്കി എന്ന വൈദികനു നൽകിയിരിക്കുന്ന ശിക്ഷ ജീവപര്യന്തം തടവാണു്. സുപ്രീം കോടതി കേസ് പുനർവിചാരണ നടത്തുമെന്നു പ്രതീക്ഷിക്കപ്പെടുന്നു.

### ചഞ്ചലചിത്തരാകാതിരിപ്പിൻ

ഹംഗറിയിലെ മെത്രാന്മാർ ജാനുവരി 10-ാംനു- പ്രസിദ്ധീകരിച്ചതും ആ രാജ്യത്തിലെ എല്ലാപള്ളികളിലും വായിക്കപ്പെട്ടതുമായ ഒരു സംയുക്തപ്രസ്താവനയിൽ, ദുഃഖകരവും ഉൽക്കണ്ഠാജനകവുമായ ഏതൽക്കാലസന്ധിയിൽ ചഞ്ചലചിത്തരാകാതിരിപ്പാനും ദൈവപരിപാലനയിലും ഹംഗറിയുടെ മദ്ധ്യസ്ഥയായ പരിശുദ്ധകന്യകാമാതാവിലുമുള്ള വിശ്വാസം അഭംഗമായി പാലിപ്പാനും ഉദ്ബോധിപ്പിച്ചിരിക്കുന്നു. പ്രസ്താവന ഇങ്ങനെ തുടരുന്നു: "നിങ്ങൾ നിങ്ങളുടെ കത്തോലിക്കാവിശ്വാസത്തിലും സഭയുടെ നേർക്കുള്ള ഭക്തിയിലും സ്ഥിരമായി നില്പിൻ. ഹംഗറിയുടെ യഥാർത്ഥസന്താനങ്ങളായും പൊതുനന്മയ്ക്കു് മനഃപൂർവ്വം പിന്തുണ നൽകുന്നവരായും വർത്തിക്കുവിൻ. ഹംഗറിയിലെ മെത്രാന്മാരായ ഞങ്ങൾ മതസിദ്ധാന്തങ്ങളിലും ദൈവത്തിന്റെ അവകാശങ്ങളിലും കത്തോലിക്കാസഭയുടെ നിയമങ്ങളിലും യാതൊരു വിട്ടുവീഴ്ചയും ചെയ്യുകയില്ലെന്നും, ഞങ്ങൾക്കു് അവയെ തിരസ്കരിക്കാൻ നിവൃത്തിയില്ലെന്നും, അവയെ സ്ഥാപിക്കുന്നതിനായി മനുഷ്യശക്തിയിൽ പെട്ടതെല്ലാം ഞങ്ങൾ ചെയ്യുമെന്നും ഞങ്ങൾ നിങ്ങൾക്കു ഉറപ്പുതരുന്നു. സഭയുടെ നിയമങ്ങൾ അനുസരിക്കണമെന്നും, അതിന്റെ ശിക്ഷണത്തിനു വിധേയരായി വർത്തിക്കണമെന്നും ഞങ്ങൾ നിങ്ങളോടു ആവശ്യപ്പെടുന്നു. പ്രക്ഷോഭകരമായ യാതൊരു കൃത്യത്തിലും നിങ്ങൾ വ്യാപൃതരാകരുതു്. ക്ലേശങ്ങളുടേയും പീഡനങ്ങളുടേയും സമയത്തു ദൈവത്തിലുള്ള നിങ്ങളുടെ വിശ്വാസത്തെ നിങ്ങൾ പ്രസ്പഷ്ടമാക്കണം. ദൈവികമായ പ്രസ്തുതഗുണങ്ങൾ ലോകത്തിലുള്ള എല്ലാ കത്തോലിക്കരുമൊരുമിച്ചുള്ള പരിശുദ്ധവും സുസ്ഥിരവുമായ ഐക്യത്തിൽ നിങ്ങളെ ബന്ധിക്കണം."

### ബ്രിട്ടന്റെ പ്രതിഷേധം

കർദ്ദിനാൾ തിരുമേനിയെ ശിക്ഷയ്ക്കു വിധിച്ചതിൽ പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ടു് ബ്രിട്ടൻ ഹംഗേറിയൻ ഗവമ്മെണ്ടിനു ഒരു സന്ദേശമയച്ചിരിക്കുന്നു. വിസ്താരസമയത്തു ബ്രിട്ടീഷ് നിരീക്ഷകന്മാർക്കു കോടതിയിൽ പ്രവേശനം അനുവദിക്കാതിരുന്നതിനു ഹംഗേറിയൻ ഗവമ്മെണ്ടു നൽകിയ സമാധാനം തൃപ്തികരമല്ലെന്നു അതിൽ ചൂണ്ടിക്കാണിച്ചിരിക്കുന്നു. ഹംഗേറിയൻ ജനാധിപത്യത്തിന്റെ ഫസിസ്റ്റു് ശത്രുക്കളെ ബ്രിട്ടൻ സഹായിക്കുന്നുവെന്ന ആരോപണത്തെ ബ്രിട്ടൻ പാടെ നിഷേധിക്കുന്നുവെന്നും പ്രതിഷേധസന്ദേശത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്. ഐക്യരാഷ്ട്രസംഘടനമുഖേനയോ, ഹംഗേറിയൻ ഗവമ്മെൻറിനോടു് നേരിട്ടോ ബ്രിട്ടൻ വീണ്ടും പ്രതിഷേധം പ്രകടിപ്പിക്കുവാൻ ഇടയുണ്ടെന്നു വിശ്വസിക്കപ്പെടുന്നു.

### ട്രൂമന്റെ അഭിപ്രായത്തിൽ

"ഹീനം" എന്നാണു് കർദ്ദിനാൾ മിൻഡ്സെൻറിയോടു് ഹംഗേറിയൻ ഗവമ്മെൻറ് അനുവർത്തിച്ച നയത്തെ അമേരിക്കൻ പ്രസിഡണ്ടു് ട്രൂമൻ മുദ്രയടിച്ചതു്. കർദ്ദിനാൾ തിരുമേനിയോടുള്ള പെരുമാററം ഹംഗറിയുടെ ചരിത്രത്തിൽ കരിതേച്ച ഒരു സംഭവമാണെന്നും അതു ഹംഗേറിയൻ രാഷ്ട്രത്തിനു തീരാകളങ്കം വരുത്തിവച്ചിരിക്കുന്നെന്നും അദ്ദേഹം വിശദമാക്കി. സ്വേച്ഛാധികാരം പ്രയോഗിക്കുന്ന ഹംഗേറിയൻ ഗവമ്മെൻറാണു് ഈ നീചകൃത്യത്തിനു് ഉത്തരവാദിത്വം വഹിക്കേണ്ടതെന്നും ഈദൃശകാര്യങ്ങളിൽ യാതൊരു സ്വാധീനശക്തിയും ചെലുത്താൻ സാധിക്കാത്ത ഹംഗേറിയൻ ജനതയെ പഴിക്കേണ്ടതില്ലെന്നും അദ്ദേഹം തുടർന്നു പ്രസ്താവിച്ചു.

### നേരത്തെ തീരുമാനിച്ചിരുന്നതാണു്

മദ്രാസ് ആർച്ചുബിഷപ്പു് ഡോക്ടർ എൽ. മത്തിയാസ് തിരുമേനിയും ബാംഗ്ലൂർ ബിഷപ്പു് ഡോക്ടർ പി. തോമസ് തിരുമേനിയും കൂടി പുറപ്പെടുവിച്ചിരിക്കുന്ന ഒരു പ്രസ്താവനയിൽ ഇങ്ങനെ പറയുന്നു:—"സോവ്യററു മേധാവിത്വത്തിലുള്ള ഹംഗേറിയൻ ഗവമ്മെണ്ടു നടത്തിയ വിചാരണപ്രഹസനത്തെത്തുടർന്നു് കർദ്ദിനാൾ മിൻഡ്സെൻറിയെ ജീവപര്യന്തം ശിക്ഷിച്ചുകൊണ്ടുള്ള വിധി നേരത്തെ തീർച്ചപ്പെട്ടിരുന്ന കാര്യമാണു്. ചാർജ്ജുകൾ വകഞ്ഞുകെട്ടിയുണ്ടാക്കണമെന്നു് സോഫിയായിൽവച്ചു് കഴിഞ്ഞ ഡിസംബർമാസത്തിൽ നടന്ന കോമിൻഫോമിന്റെ രഹസ്യസമ്മേളനത്തിൽ തീരുമാനപ്പെടുത്തിയതായി "ടൈംസ്"എന്ന അമേരിക്കൻ മാസികയിൽ 1949 ജാനുവരി 10-ാംനു- യിലെ ലക്കത്തിൽ പ്രസ്താവിച്ചിരുന്നു.

കർദ്ദിനാളിനെതിരായുള്ള ആരോപണപത്രികയുടെ നക്കൽ സന്നിഹിതരായിരുന്ന കമ്മ്യൂണിസ്റ്റു് പ്രതിനിധികളെല്ലാം ശരിവച്ചു. ഹാപ്സ്ബർഗ് വംശക്കാരുമായി ഗൂഢാലോചന നടത്തിയെന്നും ഏററവും കഠിനമായ ശിക്ഷ നൽകണമെന്നും പ്രസ്താവിക്കപ്പെട്ടു. മൂന്നു പരിഹാരമാർഗ്ഗങ്ങളാണു് കമ്മീഷൻ നിർദ്ദേശിച്ചതു്. 1) കർദ്ദിനാളിനെ നാടുകടത്തുക; 2) അദ്ദേഹം "അപകട"ത്തിൽ കൊല്ലപ്പെടുവാനിടയാക്കുക; 3) അറസ്റ്റു് ചെയ്യുക. ആദ്യത്തെ നിർദ്ദേശം അസാദ്ധ്യമാണെന്നു് സമ്മതിക്കപ്പെട്ടു. രണ്ടാമത്തേതു പ്രയാസംനിറഞ്ഞതായി തോന്നി. ആകയാൽ അവശേഷിച്ച മാർഗ്ഗം അറസ്റ്റു് തന്നെ സ്വീകരിക്കാൻ ഉറച്ചു

### ഏററുപറച്ചിൽ നിരർത്ഥകങ്ങൾ

മേൽപ്പറഞ്ഞ പ്രസ്താവന തുടരുന്നു:

"വിചാരണയിൽ കർദ്ദിനാൾ ചെയ്തതായി പറയുന്ന ഏററുപറച്ചിലുകളേയും അദ്ദേഹം സ്വമനസ്സാലെ ഹംഗേറിയൻ നീതിന്യായമന്ത്രിക്കു എഴുതിയിട്ടുള്ളതായി പറയപ്പെടുന്ന കത്തിനേയും സംബന്ധിച്ചു പറയുകയാണെങ്കിൽ തന്റെ അറസ്റ്റിനുമുമ്പു് കർദ്ദിനാൾ തന്റെ കീഴിലുള്ള മെത്രാന്മാർക്കും വൈദികർക്കും താഴെ കാണുന്നവിധം മുന്നറിയിപ്പു നൽകി:— "ഞാൻ രാജിവയ്ക്കുകയോ കുററം ഏററുപറയുകയോ ചെയ്തതായി നിങ്ങൾ കേൾക്കാനിടവന്നാലും, അവ എന്റെ കൈയൊപ്പിനാൽ അധികൃതമാക്കപ്പെട്ടിരുന്നാലും, അതു് മാനുഷികദൗർബല്യതയുടെ ഫലമായി നിങ്ങൾ പരിഗണിക്കണം. അതു് അസാധുവായിരിക്കുമെന്നു ഞാൻ പ്രഖ്യാപിക്കുന്നു."

### വിഷസാധനം

ആക്ടിഡ്റൺ എന്ന വിഷസാധനം പ്രയോഗിച്ചാണു് ഗവമ്മെൻറധികാരികൾ ആഗ്രഹിക്കുന്ന പ്രകാരം കുററങ്ങൾ ഏററു പറയുന്നതിനുള്ള സന്നദ്ധത കർദ്ദിനാളിൽ സംജാതമാക്കിയതെന്നുള്ളതു് ഇപ്പോൾ പരസ്യമായ ഒരു രഹസ്യമാണല്ലോ. ഏതത്സംബന്ധമായി തിരുമേനിമാർ പുറപ്പെടുവിച്ചിട്ടുള്ള പ്രസ്താവനയിൽ പറഞ്ഞിരിക്കുന്നതിങ്ങനെയാണു്:— രാഷ്ട്രീയപോലീസിന്റെ നടപടികളെയും ഈ വിഷസാധനം സേവിക്കുന്നതിനു സ്വീകരിക്കുന്ന മാർഗ്ഗങ്ങളെയും പററി ഒരു മാസം മുൻപു് ലണ്ടനിലെ ടാബ്ലററ് പത്രം ചില വിവരങ്ങൾ പ്രസിദ്ധപ്പെടുത്തിയിരുന്നു. തടവുകാരനെ രണ്ടുദിവസം പട്ടിണിയിട്ടശേഷം ഒന്നു രണ്ടു ആഴ്ചത്തേക്കു് ഉപ്പിട്ട മത്സ്യം മാത്രം നൽകും. വെള്ളം കൊടുക്കുകയേയില്ല. ദാഹംകൊണ്ടു് മരിക്കാറാകുമ്പോൾ നാഡീബലം ശിഥിലീകരിക്കുന്ന ആക്ടിഡ്റൺ കലർത്തിയ വെള്ളം കൊടുക്കും. നാഡീകേന്ദ്രത്തെ ഈ വിഷസാധനം നശിപ്പിച്ചുകളയുന്നു. ആളെ ആകെ കൊല്ലുകയില്ല; ഞരമ്പുകളുടെ ബലം കുറച്ചു് ആളെ തളർച്ചയ്ക്കു വിധേയനാക്കുകയേയുള്ളൂ. വിവേചനാശക്തിയൊ ഓർമ്മശക്തിയൊ ഒന്നും പിന്നെ പ്രവർത്തിക്കുകയില്ല. എത്ര നിസ്സാരമായ ആജ്ഞപോലും അനുസരിക്കാനുള്ള വാസന ഉദ്ദീപ്തമാകും. എന്തു ചോദിച്ചാലും "ഇല്ല" എന്നുത്തരം നൽകാനുള്ള മനോവൃത്തിയിലായിരിക്കും അയാൾ. കർദ്ദിനാൾ കുററംചെയ്തുവെന്നു ഏററുപറഞ്ഞുവെന്നും പ്രോസിക്യൂഷൻ ചാർജ്ജുകൾ സമ്മതിച്ചുവെന്നും പറയുന്നതിനു് ഈ പശ്ചാത്തലം മതിയായ സമാധാനം നൽകുന്നുണ്ടു്. "തന്റെ വക്കീൽ ഉന്നയിച്ച ആക്ഷേപങ്ങളോടെല്ലാം താൻ യോജിക്കുന്നുവെന്നു് സമ്മതിച്ചതായി" കർദ്ദിനാൾ സാക്ഷിക്കൂട്ടിൽനിന്നു മൊഴി കൊടുത്തതായി ബുഡാപ്പെസ്റ്റിൽനിന്നു ഫെബ്രുവരി 8-ാംനു- അയച്ച കേബിളിൽ പ്രസ്താവിച്ചിട്ടുണ്ടെന്നുള്ളതും വിചിത്രമെങ്കിലും ശ്രദ്ധാർഹമായിരിക്കുന്നു.

### ഇവയുടെയെല്ലാം രഹസ്യം

ഹംഗേറിയൻ ഗവമ്മെൻറു് കർദ്ദിനാളിന്റെ നേർക്കെടുത്ത മർദ്ദനപരമായ നടപടികളുടേയും, നീതിന്യായനിർവ്വഹണമെന്ന ഭാവത്തിൽ അഭിനയിച്ച പ്രഹസനത്തിന്റേയുമെല്ലാം രഹസ്യം ഒരു കമ്മ്യൂണിസ്റ്റു് ഗവമ്മെൻറു് പ്രതിപക്ഷകക്ഷികൾ നാട്ടിൽ വാഴാൻ അനുവദിക്കയില്ലെന്നും, തദർത്ഥം എന്തു കഠോരകൃത്യവും ചെയ്യാൻ മടിക്കയില്ലെന്നുമാണു്. പൗരസ്വാതന്ത്ര്യം, വ്യക്തിസ്വാതന്ത്ര്യം, അഭിപ്രായസ്വാതന്ത്ര്യം, മൗലികാവകാശങ്ങൾ, ഡിമോക്രസി, എന്നിത്യാദിപദങ്ങൾക്കു് കമ്മ്യൂണിസ്റ്റു് നിഘണ്ടുവിൽ കല്പിച്ചിരിക്കുന്ന അർത്ഥം സാധാരണ ജനങ്ങൾ കല്പിക്കുന്ന അർത്ഥത്തിൽനിന്നും വ്യത്യസ്തമായിരിക്കാം. എങ്ങനെയായാലും കർദ്ദിനാൾ മിൻഡ്സെൻറിയുടെ അറസ്റ്റിന്റേയും കുററവിസ്താരത്തിന്റേയും വെളിച്ചത്തിൽ, കമ്മ്യൂണിസ്റ്റു് മേധാവിത്വമുള്ള രാഷ്ട്രങ്ങൾ ക്രിസ്ത്യാനികളുടെ നേർക്കു പൊതുവിലും, കത്തോലിക്കരുടെ നേർക്കു പ്രത്യേകിച്ചും, അനുവർത്തിക്കുന്ന നയത്തിന്റെ ജുഗുപ്സാവഹങ്ങളായ ചില പ്രായോഗികവശങ്ങൾ നമുക്കു നിഷ്പ്രയാസം കാണാൻ സാധിക്കും.

### പുത്തരിയല്ല

എന്നാൽ ക്രിസ്തുവിന്റെ സഭയെ സംബന്ധിച്ചിടത്തോളം ഈദൃശമർദ്ദനങ്ങൾ പുത്തരിയല്ല. "അവർ എന്നെ പീഡിപ്പിച്ചെങ്കിൽ, അവർ നിങ്ങളേയും പീഡിപ്പിക്കും", "ഭൃത്യൻ യജമാനനെക്കാൾ വലിയവനല്ല", എന്നെല്ലാം ദിവ്യരക്ഷകൻ അരുളിച്ചെയ്തിട്ടുള്ളതാണു്. തദനുസരണം, എല്ലാക്കാലങ്ങളിലും മർദ്ദനങ്ങളുടേയും പീഡനങ്ങളുടേയും വേലിയേററങ്ങൾ പത്രോസാകുന്ന പാറമേൽ വന്നു അലതല്ലിയിട്ടുള്ളതായി സഭാചരിത്രം ഘോഷിക്കുന്നു. ക്രിസ്തുവർഷം 68-ാമാണ്ടുമുതൽ 313-ാമാണ്ടുവരെയുള്ള കാലത്തു റോമാസാമ്രാജ്യത്തിലുണ്ടായ പത്തു മതപീഡനങ്ങളോടു് താരതമ്യപ്പെടുത്തി നോക്കുമ്പോൾ അധുനാതനങ്ങളായ പീഡനങ്ങൾ കേവലം നിസ്സാരങ്ങളാണെന്നേ പറയേണ്ടൂ. ആകയാൽ നാം ചഞ്ചലചിത്തരാകാതിരിക്കുന്നതിനു തിരുസ്സഭാചരിത്രം, വിശിഷ്യ മതപീഡനങ്ങളുടെ ചരിത്രം, ശ്രദ്ധാപൂർവ്വം പഠിക്കുന്നതു പ്രയോജനപ്രദമായിരിക്കും. അതേസമയംതന്നെ, പീഡിതരാകുന്ന സഭാംഗങ്ങൾക്കുവേണ്ടി അനുദിനം പ്രാർത്ഥിക്കാൻ നമുക്കുള്ള കടമയെ നാം നിറവേററുകയുംവേണം. ഈ അവസരത്തിൽ പ്രത്യേകിച്ചും, കർദ്ദിനാൾ മിൻഡ്സെൻറി തിരുമേനിക്കും അവിടുത്തോടൊപ്പം കാരാഗൃഹത്തിലടയ്ക്കപ്പെട്ടിരിക്കുന്നവർക്കുംവേണ്ടി, മാത്രമല്ല അവരെ പീഡിപ്പിക്കുന്നവർക്കുവേണ്ടിക്കൂടിയും, നാം പ്രാർത്ഥിക്കുകയും പ്രായശ്ചിത്തപ്രവൃത്തികളനുഷ്ഠിച്ചു് ദൈവസമക്ഷം സമർപ്പിക്കുകയും ചെയ്യണമെന്നു ഉൽബോധിപ്പിച്ചുകൊള്ളട്ടെ.

## മുട്ടുചിറ

സൊഡാലിററിവകയായി പണികഴിപ്പിച്ചിരിക്കുന്ന ഗ്രോട്ടോയിൽ ലൂർദ്ദുമാതാവിന്റെ തിരുനാൾ സാഡംബരം കൊണ്ടാടിയിരിക്കുന്നു.

കുടുംബപംക്തി

# കുടുംബധർമ്മം

(കുടുംബബന്ധു)

നമ്മുടെ പ്രിയഭവനം അതിന്റെ ശരിയായ രൂപത്തിൽ ഇന്നു നാം കാണുന്നുണ്ടോ? വല്ല കുഗ്രാമങ്ങളിലോ, പരിഷ്കാരത്തിന്റെ ദുഷിച്ച പിടിയിൽ പെടാത്ത നഗരങ്ങളുടെ മൂലയിലോ ഗൃഹാങ്കണം അതിന്റെ തനിരൂപത്തിൽ കണ്ടെത്തിയെന്നുവരാം. എന്നാൽ, പരിഷ്കൃതങ്ങളെന്നു് അഭിമാനിക്കുന്ന നഗരമധ്യത്തിൽ വീടിന്റെ ആസ്വാദ്യത തീർത്തും അപ്രത്യക്ഷമായിരിക്കുന്നു. കുടുംബാംഗങ്ങൾ കരുപ്പിടിപ്പിക്കുന്നതനുസരിച്ചാണു ഭവനം രൂപപ്പെടുക്കുന്നതു്. പരിതഃസ്ഥിതികളാണു പ്രായേണ കുടുംബാംഗങ്ങളെ സംസ്കരിക്കുന്നതു്.

ചലച്ചിത്രങ്ങൾ, സഞ്ചാരസൗകര്യങ്ങൾ, ആകർഷകങ്ങളായ പൊതുജനസമ്മേളനങ്ങൾ, പൂർവ്വാചാരത്തെ ചോദ്യം ചെയ്യുന്ന സാഹിത്യപ്രസിദ്ധീകരണങ്ങൾ, പരിധിവിട്ട സ്ത്രീസ്വാതന്ത്ര്യചിന്ത ആദിയായ അഭിനവപ്രശ്നങ്ങളിൽ കുഴഞ്ഞു് അംഗങ്ങളും കുടുംബവുമായുള്ള ബന്ധം ശിഥിലമായിവരികയാണു്. സ്വാതന്ത്ര്യവും സുഖാസക്തിയും മനുഷ്യജീവിതത്തിന്റെ ചരടു പിടിച്ചതോടെ കുടുംബജീവിതത്തിന്റെ പവിത്രതയും സൗകുമാര്യവും പൊതുദൃഷ്ടിയിൽനിന്നു ക്രമേണ തേഞ്ഞുമാഞ്ഞുവരുന്നു. ഇനിയും പരിഷ്കരണത്തിന്റെ ഒളിവീശാത്ത, പതിന്നാലാം നൂറ്റാണ്ടിലെ കുടുംബജീവിതത്തെ പുനർജീവിക്കുവാൻ പരിഷ്കൃതാശയരായ ബഹുജനം മുന്നോട്ടു വരുമോ?

നവീനത്വത്തിനെതിരായ ഒരു പോർവിളിയല്ല ഇതു്; അഥവാ, ഒന്നാകെ പുതുമയെ നിഷിദ്ധമായി മുദ്രകുത്തിവിടുകയല്ല ഇതു്. മുമ്പോട്ടു കുതികൊള്ളുന്ന മനുഷ്യസഞ്ചയത്തിന്റെ വികാസങ്ങളാണു പരിഷ്കാരം. എന്നാൽ, ഈ പരിവർത്തനദശയിൽ കുടുംബജീവിതം പരിഷ്കാരത്തെപ്രതി ഇത്ര ഭീമമായി ഒരു കപ്പം കൊടുക്കേണ്ടിവന്നതിലേ എനിക്കു വിരുദ്ധാഭിപ്രായമുള്ളു.

കുടുംബമാണു സമുദായത്തിന്റെ അസ്ഥിവാരം. എന്നാൽ, നവീനാദർശങ്ങൾ ജനതാമദ്ധ്യത്തിൽ കുടിയേറിയതോടെ സമുദായം അതിന്റെ ഉൽപത്തിസ്ഥാനത്തെ വിസ്മരിച്ചതുപോലെ തോന്നിപ്പോകുന്നു. അപഥസഞ്ചാരണം പൊതുവിഹാരമായും, അസാന്മാർഗ്ഗികകൃത്യങ്ങൾ സ്വാതന്ത്ര്യമായും, ഔദ്ധത്യം ധീരതയായും പരിഗണിക്കുക വിശാലമനസ്സുകളുടെ ലക്ഷണമായി എണ്ണപ്പെട്ടുവരുന്നു. ഇന്നു ഗോപ്യമായ ഒന്നിനും നിലയില്ലാതായി; വേഷഭൂഷാദികളിലുള്ള അടക്കവും മിതത്വവും ജനങ്ങൾ മറന്നു കഴിഞ്ഞു.

ജീവിതം വ്യവസായത്തിന്റെ തോതിൽ എണ്ണപ്പെട്ടുവരുന്നു. രാവും പകലും വ്യവസായശാലകളിൽ ജോലി മുറയ്ക്കു നടക്കുന്നു. തന്മൂലം കുടുംബജീവിതത്തിലെ സ്വച്ഛതയ്ക്കു, സമയത്തും അസമയത്തുമുള്ള അംഗങ്ങളുടെ പോക്കുവരവു ഭംഗംവരുത്തുന്നു. കുടുംബാംഗങ്ങൾക്കു പൊതുവായി സമ്മേളിച്ചു ഉല്ലസിക്കുവാനും, പരസ്പരസ്നേഹവിശ്വാസങ്ങൾ പകരുവാനും ഇന്നു സമയമില്ല. കുടുംബാംഗങ്ങൾ തമ്മിലുള്ള ഐക്യശൃംഖലയുടെ കണ്ണി മുറിഞ്ഞതു്, മനുഷ്യൻ യാന്ത്രികജീവിതം തുടങ്ങിയതോടെയാണു്.

ഏതായാലും ഈ വ്യവസായമനഃസ്ഥിതിക്കു പരിഹാരമില്ല. തന്മൂലം ഇനി അതിനെ പഴിച്ചതുകൊണ്ടു പ്രയോജനമില്ല. ഏതു മാർഗ്ഗത്തിൽക്കൂടെ ഈ വ്യവസ്ഥിതിയിൽനിന്നു് ഉയരുവാൻ കഴിയുമെന്നാണു് ഇനി ആരായേണ്ടതു്. ഈ വിരുദ്ധസാഹചര്യങ്ങളെ എത്രകണ്ടു നമ്മുടെ ജീവിതവുമായി ഒട്ടിച്ചു കുടുംബജീവിതത്തിലെ ഭദ്രതയും പവിത്രതയും പുനഃസ്ഥാപിക്കുവാൻ സാധിക്കുമെന്നു ചിന്തിക്കയാണു് അടുത്തതായി കരണീയം. ഇതു ക്ഷിപ്രസാദ്ധ്യമല്ലെങ്കിലും, അസാദ്ധ്യമല്ലതന്നെ.

ആദ്യമായി, നമ്മുടെ കുടുംബജീവിതത്തിൽ വന്നുകൂടിയിരിക്കുന്ന വ്യതിയാനത്തെ നാം അംഗീകരിക്കണം. രോഗി തന്റെ രോഗാവസ്ഥയെ അംഗീകരിക്കയാണു ചികിത്സയിലെ ആദ്യവിജയം. അവൻ തന്റെ ശരീരാസ്വാസ്ഥ്യത്തെ അവഗണിച്ചു മുന്നോട്ടുപോയാൽ, പക്ഷേ വിദഗ്ദ്ധമായ ചികിത്സപോലും ഫലിച്ചില്ലെന്നുവന്നേക്കാം. കുടുംബജീവിതത്തെ തകിടം മറിക്കുന്ന ഘടകങ്ങൾ അംഗങ്ങളിൽ സ്ഥലം പിടിക്കുന്നുണ്ടെന്നു നാം സമ്മതിച്ചേതീരൂ. ഈ സന്ധിയിൽ നാം എന്തു ചെയ്യണം?

ഒരു യുദ്ധനിരയ്ക്കുനേരായി അതിശക്തമായ ശത്രുസൈന്യം തള്ളിക്കൂട്ടുന്നതായി കണ്ടാൽ അവർ എന്തുചെയ്യും? അവർ ഒത്തുചേർന്നു ശത്രുവിനെ ചെറുത്തുനില്ക്കും. സൈന്യത്തിലെ ഓരോ അംഗവും പരസ്പരസഹായത്തിന്റെ ആവശ്യകതയെ മനസ്സിലാക്കി ഒരുമിക്കുന്നു. ചില്ലറ ഭിന്നതകൾ വിസ്മരിച്ചു് അവർ ഏകയോഗമായി തോളോടുതോൾ ചേർന്നു നിൽക്കുന്നു. സേനാനിയുടെ ആധിപത്യം അപ്രതിഷേധ്യമായിത്തീരുന്നു. സർവ്വകഴിവുകളും കേന്ദ്രീകൃതമാകുന്നു. ഫലമോ? അവരെ ഗ്രസിക്കുവാൻ അടുത്ത ആപത്തുതന്നെ, അവരെ വിജയത്തിലേക്കും യശസ്സിലേക്കും നയിക്കുന്നു.

ഈ ക്രമംതന്നെയാണു് കുടുംബത്തെ സംബന്ധിച്ചിടത്തോളവും പാലിക്കേണ്ടതു്. ആധുനികജീവിതഗതികൾ പലതും കുടുംബജീവിതത്തെ വിലങ്ങടിക്കുന്നവയാണു്. മുൻപു പ്രസ്താവിച്ചതുപോലെ, ദേശാടനം, ചലച്ചിത്രങ്ങൾ, ഭോഗാസക്തി, സ്വാതന്ത്ര്യകാംക്ഷ ആദിയായ പല കാരണങ്ങളാലും കുടുംബജീവിതത്തിന്റെ നേരിയ ശൃംഖല തേഞ്ഞുതേഞ്ഞു പോകുന്നു. ഈ പൊതുശത്രുവിനെതിരായി കുടുംബത്തലവന്മാരായ മാതാവും പിതാവും, സുശിക്ഷിതരായ സേനാനികളെപ്പോലെ പടനിരത്തേണ്ടതാണു്. കുടുംബത്തിലെ ആസ്വാദ്യതയും അഭികാമ്യതയും കുടുംബത്തലവന്മാരെ ആശ്രയിച്ചാണു് സ്ഥിതിചെയ്യുന്നതു്.

കൃത്യാന്തരബാഹുല്യതയിൽപ്പെട്ട കുടുംബാംഗങ്ങൾ അവരുടെ കൊച്ചുവീടിനെ വിട്ടകന്നു വിവിധ ജീവിതത്തിൽ സ്ഥിരീകൃതരായിപ്പോയെങ്കിൽ, അതിൽനിന്നു മോചനം ആശിക്കാവതല്ല. ഈ സന്ധിയിൽ യുദ്ധത്തിനു സ്ഥാനമില്ല. ശത്രു പാളയം പിടിച്ചുകഴിഞ്ഞു. ശത്രുവിന്റെ കൈപ്പത്തിയിൽ അമരാത്തതായി ഏതാനും അംഗങ്ങൾ അവശേഷിച്ചിട്ടുണ്ടെങ്കിൽ, അവരെ ഒരു രക്ഷാകേന്ദ്രത്തിലേക്കു മാറ്റുകമാത്രമേ കരണീയമായുള്ളു.

(തുടരും)


## ഈശോമിശിഹായുടെ

ജീവചരിത്രം (5-ാം പതിപ്പ്)

(പരിഭാഷകൻ:- പെ. ബ. മോൺ. ജേക്കബ് നടുവത്തുശ്ശേരി അവർകൾ)

വില്പനയ്ക്കു് തയ്യാറായിരിക്കുന്നു

വില 12ണ. മാത്രം അഞ്ചൽ ചിലവ് പുറമെ.

കച്ചവടക്കാർക്കു പ്രത്യേക കമ്മീഷൻ.

മാനേജർ,

മാർ ലൂയിസ് മെമ്മോറിയൽ പ്രസ്,

എറണാകുളം.


# ഇടവകഗ്രന്ഥാലയങ്ങൾ

(സി പി. റാഫേൽ ബി. എ. ബി. എൽ)

ലോകത്തെ പൊതുവായും കത്തോലിക്കാസഭയെ പ്രത്യേകമായും അലട്ടിക്കൊണ്ടിരിക്കുന്ന, ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഒരു സംഘം ജനങ്ങൾ ഇന്നു ഭൂതലത്തുണ്ടു്. "കമ്മ്യൂണിസ്റ്റുകാർ" എന്നത്രെ അവരുടെ സംജ്ഞ. നാട്ടുരാജ്യങ്ങളായ കൊച്ചിയിലോ തിരുവിതാംകൂറിലോ മാത്രമല്ല, വൻകിടയിൽ നിലകൊള്ളുന്ന രാഷ്ട്രങ്ങൾ എന്നു് സ്വയം അഭിമാനിക്കുന്ന ഇന്ത്യയിലോ റഷ്യയിലോ മാത്രമല്ല, ലോകത്തിന്റെ ഏതുമുക്കിലും തുരുമ്പിലും ഇക്കൂട്ടർ എത്തിയിട്ടുണ്ടു് എന്നു് പത്രപംക്തികൾ നമ്മെ മനസ്സിലാക്കുന്നു. ലോകസമാധാനത്തെ കൂടുതൽ സുരക്ഷിതമാക്കുന്നതിനുപകരം കണ്ണിൽ കരടെന്നപോലെ സമാധാനഭംഗം വരുത്തുവാനാണു് ഇവർ പരിശ്രമിക്കുന്നതു്. സമാധാനത്തെ അവർ വെറുക്കുന്നു; വിപ്ലവത്തെ അവർ സ്വാഗതം ചെയ്യുന്നു. "ഇൻക്വിലാബ് സിന്ദാബാദ്" (വിപ്ലവം ജയിക്കട്ടെ) എന്ന കാഹളവും മുഴക്കിക്കൊണ്ടാണു് അവർ രംഗപ്രവേശം ചെയ്തിട്ടുള്ളതു്.

കമ്മ്യൂണിസത്തിന്റെ അകവും പുറവും നമുക്കൊന്നു പരിശോധിച്ചു നോക്കാം. എന്താണു് കമ്മ്യൂണിസ്റ്റുകാർ ഉൽഘോഷിക്കുന്നതു്? എന്താണു് അവർ ഉപദേശിക്കുന്നതു്? നിലവിലിരിക്കുന്ന ഭരണകൂടത്തെ, ഏതായാലും വേണ്ടതില്ല, തട്ടിത്തരിപ്പണമാക്കി തൽസ്ഥാനത്തു പുതുതായൊരു ഭരണസമ്പ്രദായത്തെ കെട്ടിപ്പടുക്കുവാനാണു് അവർ അശ്രാന്തം പരിശ്രമിക്കുന്നതു്. ആ ഭരണത്തിൻകീഴിൽ മുതലാളിയെന്നോ തൊഴിലാളിയെന്നോ കുബേരനെന്നോ കുചേലനെന്നോ, അവർണ്ണനെന്നോ സവർണ്ണനെന്നോ ഉള്ള വ്യത്യാസങ്ങൾ ഉണ്ടായിരിക്കുകയില്ല. എല്ലാവരും എല്ലാ കാര്യത്തിലും സമന്മാരായിരിക്കുമത്രെ. സ്വകാര്യസ്വത്തുടമ എന്നു് ഇന്നറിയപ്പെടുന്നതു്, കമ്മ്യൂണിസ്റ്റു് പരിപാടിയിലില്ല. ഒരുവൻ എത്ര സമർത്ഥനാകട്ടെ, എത്ര ബുദ്ധിവൈഭവമുള്ളവനാകട്ടെ, എത്ര അദ്ധ്വാനശീലനാകട്ടെ അവനു് മറ്റുള്ളവരെപ്പോലെയുള്ള ജീവിതരീതിയല്ലാതെ അതിൽ കൂടുതൽ അനുവദിക്കപ്പെടുകയില്ല എന്നു അവർ പറയുന്നു. ഒരാൾ അവനു് ആവശ്യമുള്ളതു് കൊടുക്കുന്നതിൽനിന്നും അല്പംമാത്രം ചിലവു ചെയ്തു് ബാക്കി സമ്പാദിച്ചു എന്നിരിക്കട്ടെ. ആ സമ്പാദ്യം അവനിൽനിന്നും മാറ്റിവെക്കുന്നു. "ഒരുവനിൽനിന്നും അവന്റെ ശേഷിയനുസരിച്ചു്; ഒരുവനു് അവന്റെ ആവശ്യമനുസരിച്ചു്" (From him according to his ability; To him according to his needs) എന്നാണു് കമ്മ്യൂണിസ്റ്റു് സിദ്ധാന്തം. ഇപ്രകാരമുള്ള ഒരു ഭരണം നടപ്പിൽ വരുത്തുന്നതിനു് കമ്മ്യൂണിസ്റ്റുകാർ എടുത്തിട്ടുള്ള ഏകമാർഗ്ഗം വിപ്ലവമാണു്. വിപ്ലവം മാത്രമാണു് കമ്മ്യൂണിസ്റ്റുപരിപാടിയോടുകൂടിയ ഭരണത്തിലേക്കു വഴിതെളിക്കുന്നതു് എന്നഭിപ്രായപ്പെടുന്നവരാണു് "കാറൽ മാർക്സു്" "ഏംഗൽസു്" തുടങ്ങിയവർ.

കത്തോലിക്കാമതസിദ്ധാന്തങ്ങൾക്കു കടകവിരുദ്ധമാണു് കമ്മ്യൂണിസ്റ്റു് സിദ്ധാന്തങ്ങൾ എന്നു് പ്രത്യേകം പ്രസ്താവിക്കേണ്ടതില്ല. പ്രകൃതിവിരുദ്ധമാണതു് എന്നു പറഞ്ഞാലും അതിൽ തെറ്റുണ്ടാകയില്ല. എന്നിരുന്നാലും അകത്തോലിക്കരെന്നല്ല ശതക്കണക്കിനു കത്തോലിക്കർപോലും ഇന്നു് നമ്മുടെ ചുറ്റുപാടും കമ്മ്യൂണിസ്റ്റു് സിദ്ധാന്തങ്ങൾക്കു് അടിമപ്പെട്ടു ജീവിക്കുന്നുണ്ടു്. മതവിശ്വാസത്തെ മറന്നു് കമ്മ്യൂണിസത്തെ സ്വാഗതംചെയ്യുവരാണു് ഇവരെല്ലാം എന്നു പറയുവാൻ ഞാൻ തയ്യാറില്ല. കമ്മ്യൂണിസ്റ്റു് സിദ്ധാന്തങ്ങളുടെ പുറംപൂച്ചിൽ മയങ്ങി, അവരുടെ മനം മയക്കുന്ന വാക്കുകളിൽ തൃപ്തരായി അതിൽ അകപ്പെട്ടു എന്നല്ലാതെ കമ്മ്യൂണിസത്തിന്റെ അകവും പുറവും മനസ്സിലാക്കി, ഗുണദോഷവിവേചനം ചെയ്തു് അതിനെ സ്വീകരിച്ചവരല്ല മിക്കവരും. ഇപ്രകാരമുള്ള അജ്ഞതയെ ജനാവലിയിൽനിന്നും നീക്കം ചെയ്യേണ്ട ചുമതല കത്തോലിക്കാ തിരുസ്സഭയ്ക്കുണ്ടു്. കമ്മ്യൂണിസ്റ്റു് സിദ്ധാന്തങ്ങൾ പ്രകൃതിവിരുദ്ധമാണെന്നും, കത്തോലിക്കാ വിശ്വാസങ്ങളേയും ആദർശങ്ങളേയും ഒററിക്കൊടുക്കുന്നവയാണെന്നും, ലോകത്തെ ഒന്നാകെ അസമാധാനത്തിലേക്കു വലിച്ചുകൊണ്ടുപോകുന്നവയാണെന്നും ജനങ്ങൾക്കു് വെളിവാക്കി കൊടുക്കേണ്ട കടമയും കർത്തവ്യവും കത്തോലിക്കാ തിരുസ്സഭാ നേതാക്കന്മാർക്കുണ്ടു് എന്നു തീർത്തു പറയാവുന്നതാണു്.

പാരിഷ് ലൈബ്രറികളുടെ സ്ഥാപനം ഇക്കാര്യത്തിൽ ഒരു മാർഗ്ഗമായി സ്വീകരിക്കാവുന്നതാണു്. ഇടവകതോറും ഓരോ വായനശാല സ്ഥാപിക്കേണ്ട കാര്യത്തെപ്പററി സഭാനേതാക്കന്മാർ കുറെനാൾ മുമ്പു് ആലോചിക്കയുണ്ടായിട്ടുണ്ടു് എന്നുള്ളതുതന്നെ അതിന്റെ പ്രാധാന്യത്തെയും ആവശ്യകതയേയും ചൂണ്ടിക്കാണിക്കുന്നു. എന്നാൽ ഇതുവരേയും യാതൊന്നുംതന്നെ ചെയ്തുകാണാത്തതിൽ ഖേദം രേഖപ്പെടുത്തേണ്ടിയിരിക്കുന്നു. ഓരോ ഇടവകയിലും ഇപ്പോഴത്തെ നിരക്കനുസരിച്ചു് 2000—3000 ജനങ്ങൾ ഉണ്ടാകും. ഇവരിൽ ധനികന്മാർ എന്നു് കണക്കാക്കാവുന്നവർ അംഗുലീപരിമിതമാണു്. മററുള്ളവർ സാധാരണരീതിയിൽ "നെററിയിലെ വിയർപ്പു്"കൊണ്ടു് ജീവിതം നയിച്ചുപോരുന്നവരാണു്. ദൈനംദിനകഷ്ടപ്പാടുകളിൽ പെട്ടുഴലുന്ന സാധുജനങ്ങൾക്കു് കമ്മ്യൂണിസ്റ്റു് സിദ്ധാന്തങ്ങൾ വളരെ ആശ്വാസപ്രദായകമായിരിക്കും, കമ്മ്യൂണിസ്റ്റു് മുദ്രാവാക്യങ്ങൾ ഉന്മേഷജനകമായിരിക്കും. ക്രമേണ അവർ അവരറിയാതെ അതിനടിമപ്പെടുന്നു. ഇപ്രകാരമുള്ള അനിഷ്ടസംഭവങ്ങളെ തടയുവാനും, കമ്മ്യൂണിസത്തിനു് അജ്ഞതയാൽ അടിമപ്പെട്ടുപോയവരെ വിജ്ഞാനദീപം പ്രദാനംചെയ്തു് ശരിയായവഴിക്കു തിരിച്ചുവിടുന്നതിനും, കമ്മ്യൂണിസത്തിന്റെ വളർച്ചയെ അമർത്തി അതിനെ ഭൂമുഖത്തുനിന്നും ഉന്മൂലനം ചെയ്യുന്നതിനും പാരിഷ് ലൈബ്രറികളുടെ സ്ഥാപനം അത്യന്താപേക്ഷിതമാണു്.

ഈ വസ്തുതകളെല്ലാം അറിഞ്ഞിട്ടും യാതൊന്നുംതന്നെ ഇക്കാര്യത്തിൽ ചെയ്തുകാണാത്തതു് ശോചനീയംതന്നെ. പാറമേൽ പണിതീർത്ത കെട്ടിടമെന്നിരുന്നാലും അതിനെ അതിന്റെ ഉടമസ്ഥൻ കാത്തു സൂക്ഷിക്കുന്നു. കൊടുങ്കാററിനെ മല്ലിടുവാൻ ശക്തിയുള്ളതാണു് ആ മഹാപ്രാസാദമെന്നു് ഉടമസ്ഥൻ അറിയായ്കയല്ല. വൻതോക്കിൽനിന്നും ഒഴിക്കപ്പെടുന്ന ഉണ്ടകൾ, ആനയുടെ മേൽ വികൃതിക്കുട്ടികൾ കല്ലെറിഞ്ഞാൽ എന്നപോലെ മാത്രമെ അതിന്റെ ഭിത്തികൾക്കുള്ളു എന്നു് ഉടമസ്ഥനു് അറിയായ്കയല്ല, പക്ഷെ അടിയിൽക്കൂടെ തുളച്ചു് അസ്ഥിവാരത്തെ ഇളക്കുവാൻ മാത്രം കെല്പുള്ള ചില "തുരപ്പന്മാർ" അടുത്തുകൂടുന്നുണ്ടോ എന്നു് ഉടമസ്ഥൻ ദിനേന സൂക്ഷിച്ചുകൊണ്ടിരിക്കുന്നു. കമ്മ്യൂണിസ്റ്റുകാർ അത്തരത്തിലുള്ള 'തുരപ്പന്മാരാ'ണു്. അവരെ സൂക്ഷിക്കണം.

ഗ്രന്ഥാലയങ്ങൾക്കായി ചെലവുചെയ്യുന്ന പണം ഒരിക്കലും നഷ്ടമായി കണക്കാക്കാവുന്നതല്ല. ഓരോ ഇടവകയിലും ലൈബ്രറികൾ സ്ഥാപിക്കണം. കമ്മ്യൂണിസത്തിന്റെ ദോഷവശങ്ങളെ ചൂണ്ടിക്കാണിച്ചുകൊണ്ടുള്ള ലഘുലേഖകൾ സൗജന്യമായി വിതരണം ചെയ്യണം. കത്തോലിക്കാമതത്തെപ്രതിപാദിക്കുന്ന "സത്യദീപം" തുടങ്ങിയ പത്രങ്ങൾ സൗജന്യമായി ജനങ്ങൾക്കു് വായിക്കുവാൻ സൗകര്യപ്പെടുത്തണം. അതുപോലെ തന്നെ ഉത്തമമതഗ്രന്ഥങ്ങളും ശേഖരിച്ചുകൊടുക്കണം. ജനങ്ങളുടെ മനസ്സിൽ കുത്തിച്ചെലുത്തിയിട്ടുള്ള വിഷത്തെ പുറത്താക്കുവാൻ ഇതിലും ഉത്തമമായ മാർഗ്ഗം ഉണ്ടോ എന്നു ഞാൻ സംശയിക്കുന്നു. അജ്ഞാനാന്ധകാരത്തിൽ അകപ്പെട്ടു് തപ്പിത്തടയുന്ന കത്തോലിക്കർക്കും അകത്തോലിക്കർക്കും ഇതൊരു കെടാവിളക്കായി നിലകൊള്ളുന്നതാണു്. ഏവരും ഒത്തൊരുമിച്ചു് പാരിഷ് ലൈബ്രറികളുടെ സ്ഥാപനത്തിൽ കാലവിളംബമെന്യേ പരിശ്രമിക്കുമെന്നു പ്രതീക്ഷിക്കുന്നു.

## അടുത്ത ആഴ്ചയിൽ

ഫെബ്രുവരി
20 ഞാ: 5-ാം ഞായർ
21 തി: ഫെലിക്സ്
22 ചൊ: പത്രോസിന്റെ അന്ത്യോഖ്യാസിംഹാസനം
23 ബു: പത്രോസ് ദമിയാനൂസ്
24 വ്യാ: മത്തിയാസ്
25 വെ: തോമ്മാക്കത്തയാ
26 ശ: തെക്കാസ്

## വിജ്ഞാപനം

Communism From The Inside എന്ന പുസ്തകം ആവശ്യപ്പെട്ടുകൊണ്ടുള്ള കത്തുകൾ പലതും അയച്ചവരിൽ അനേകർക്ക് അതിന്റെ ചാരിതാർത്ഥ്യമുണ്ട്. ഇവിടെ ഉണ്ടായിരുന്ന കോപ്പികൾ തീർന്നിരിക്കുന്നതിനാൽ പുതിയ സ്റ്റോക്ക് വരുന്നതുവരെ ആവശ്യക്കാർ സദയം ക്ഷമിക്കണമെന്നപേക്ഷ.

## പാവർട്ടി

സെന്റ് ജോസഫ്സ് ഹൈസ്കൂൾ, തൈനിംഗ്സ്കൂൾ എന്നിവയുടെ സംയുക്തവാർഷികം പ്രൊഫസർ കെ. ജെ. സിറിയക് എം. എ. ബി. എൽ. ന്റെ അദ്ധ്യക്ഷതയിൽ നടന്നിരിക്കുന്നു. തദവസരത്തിൽ മാതൃഭാഷയിൽക്കൂടി വിഷയപ്രദമാംവണ്ണം വിദ്യാഭ്യാസം നൽകുന്ന കാര്യത്തെപ്പറ്റി ശ്രീ പി. സി. ദേവസ്യാ എം. എ. പ്രസംഗിച്ചു യോഗാനന്തരം "സത്യത്തിന്റെ വിജയം" എന്ന പ്രഹസനം വിദ്യാർത്ഥികൾ തന്മയത്വത്തോടുകൂടി അഭിനയിക്കുകയുണ്ടായി.

## കൊച്ചിവാർത്തകൾ

### വാടകനിയന്ത്രണത്തിൽ

കെട്ടിടവാടക നിയന്ത്രണ ബില്ലിനെപ്പറ്റി അന്വേഷണം നടത്തുന്നതിനായി നിയമിതമായ സിലക്ട് കമ്മിററി സമർപ്പിച്ചിരിക്കുന്ന റിപ്പോർട്ടിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ അടങ്ങിയിരിക്കുന്നു: വാടകനിയന്ത്രണം 1125 കർക്കടകം വരെയെങ്കിലും തുടരണ്ടതും പിന്നീടും ആവശ്യമെങ്കിൽ തുടരുന്നതിനുള്ള അധികാരം ഗവണ്മെന്റിനുണ്ടായിരിക്കേണ്ടതുമാണ്. മാസത്തിനുള്ള കെട്ടിടങ്ങളുടെ വാടക വർദ്ധിപ്പിക്കണം. മിതമായ വാടക നിശ്ചയിക്കുന്നതിനുള്ള അപേക്ഷയുടെ തീയതിമുതൽ കൊടുത്തിട്ടുള്ള അധിതമായ വാടക തിരികെ ലഭിക്കാൻ അർഹതയുണ്ടായിരിക്കണം. വാടകയ്ക്ക് ഉടമസ്ഥർ രസീതു നൽകേണ്ടതാണ്. വാടകവീടുകൾ കെട്ടിടമൊഴിപ്പിക്കുന്നതിനുമുമ്പ് ഉടമസ്ഥർ രജിസ്റ്റർ നോട്ടീസു മുഖേന വിവരം അറിയിക്കേണ്ടതും പുന്നാൽ കുടിശിഖ ആകോകാൻ ശമാനം നഷ്ടപരിഹാരം താരും നോട്ടീസു കൂലിയോടുംകൂടി 153 ദിവസത്തിനകം തിർക്കുന്നപക്ഷം കെട്ടിടം ഒഴിപ്പിക്കാൻ പാടില്ലാത്തതുമാണ്. കെട്ടിടമുടമസ്ഥനും കുടിയാനും തമ്മിലുണ്ടാകുന്ന തർക്കങ്ങൾക്ക് തീരുമാനം ചെയ്യുന്നതിനു റെന്റു കൺട്രോളർക്ക് അധികാരമുണ്ടായിരിക്കണം.

### വാർഷികം

എറണാകുളം തിരുഹൃദയ പെററി സെമ്മിനാരിയിലെ സാഹിത്യ സമാജത്തിന്റെ വാർഷികം ഫെബ്രുവരി 11-ാംനു മെത്രാപ്പോലീത്താ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ നടന്നിരിക്കുന്നു.

### സെന്റാൽബർട്ട്സ് കോളേജുദിനം

സെന്റാൽബർട്ട്സ് കോളേജ് ദിനാഘോഷം ഫെബ്രുവരി 14-ാംനു തിരുവിതാംകൂർ ഹൈക്കോർട്ടിലെ റിട്ടയേർഡ് ചീഫ്ജസ്റ്റീസ് ശ്രീ പി. പത്മനാഭമേനോൻ എം. എ. ബി. എൽ. അവർകളുടെ അദ്ധ്യക്ഷതയിൽ നടന്നു. റവ. ഫാ. കാർട്ടി എസ്. ജെ. കോളേജിനു മംഗളാശംസിച്ചുകൊണ്ട് ഒരു പ്രസംഗം ചെയ്യുകയും പ്രൊഫസർ എ. പി. മത്തായി എം. എ. മറുപടി പ്രസംഗം നടത്തുകയും ചെയ്തു. തദനന്തരം നടന്ന അദ്ധ്യക്ഷപ്രസംഗത്തിൽ, സത്യത്തിന്റെ പന്ഥാവിൽക്കൂടി ചരിക്കണമെന്നും പ്രക്ഷോഭകാരികളുടെ മുദ്രാവാക്യങ്ങളാൽ വഞ്ചിതരാകാതെ സൂക്ഷിക്കണമെന്നും വിദ്യാർത്ഥികളെ ഉദ്ബോധിപ്പിച്ചു കാര്യമാത്രപ്രസക്തമായ ഒരു പ്രസംഗം ചെയ്യുന്ന

തിരുമനസ്സ് ദൈവദൃഷ്ടിയിൽ അതു ശരിയോ തെററോ എന്നു വിചിന്തനം ചെയ്യണമെന്നും അദ്ധ്യക്ഷനവർകൾ അനുസ്മരിപ്പിക്കുകയുണ്ടായി.

### തേവര കോളേജിലെ ആഘോഷം

തേവര കോളേജ്ദിനം കൊച്ചി മഹാരാജാവു തിരുമനസ്സിലെ സാന്നിദ്ധ്യത്തിൽ ഫെബ്രുവരി 13-ാംനു സാഘോഷം കൊണ്ടാടി. തിരുമനസ്സിലേക്ക് കോളേജധികൃതരും സ്ഥലത്തെ പൗരന്മാരും ചേർന്ന് ആഡംബരപൂർവ്വമായ ഒരു സ്വീകരണം നൽകുകയുണ്ടായി. മഹാരാജാവു തിരുമനസ്സുകൊണ്ട് നിയമസഭാപ്രസിഡണ്ട്, മന്ത്രിസഭാംഗങ്ങൾ, ചീഫ്സെക്രട്ടറി മുതലായവരാൽ അനുഗതനായി തേവരയിലെ സന്യാസാശ്രമം മുറിയിൽ നിന്ന് തൃക്കൺപാർത്തു. പൊതുയോഗത്തിൽ കൊച്ചി മെത്രാൻ തിരുമേനിയും ഉദ്യോഗസ്ഥാനുദ്യോഗസ്ഥന്മാരുൾപ്പെടെ പൗരപ്രമുഖരും സന്നിഹിതരായിരുന്നു. വെ. റവ. ഫാ. പ്രയർ മഹാരാജാവു തിരുമേനിക്കു കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ടുള്ള ഒരു മംഗളപത്രം വായിച്ചു സമർപ്പിച്ചു. അതിൽ ഈ രാജകീയ സന്ദർശനത്തിന്റെ ശാശ്വതസ്മരണക്കായി ബി. എ. ഡിഗ്രി പരീക്ഷയ്ക്ക് കോളേജിൽനിന്നും സംസ്കൃതത്തിൽ ഒന്നാമനായി പാസ്സാകുന്ന വിദ്യാർത്ഥിക്ക് നൽകുവാൻ "പരീക്ഷിത്തു രാമവർമ്മ പ്രൈസ്" എന്ന പേരിൽ ഒരു സമ്മാനം ഏർപ്പെടുത്തിയിരിക്കുന്ന വിവരം പ്രസ്താവിച്ചിരുന്നു. കോളേജിനു ഭാവുകമാശംസിച്ചുകൊണ്ട് ഡോ. പ്രസംഗം നടത്തിയതു മദ്രാസ് ലായോളാ കോളേജ് വൈസ് പ്രിൻസിപ്പൽ ശ്രീ എസ്. ഗോവിന്ദപിള്ള

## തിരുവിതാംകൂർ വാർത്തകൾ

### ബസ്സ് ചാർജ്ജ് വർദ്ധിപ്പിക്കുന്നു

തിരുവിതാംകൂർ സ്റ്റേറ്റ് ട്രാൻസ്പോർട്ട് ബസ്സുകളുടെ ചാർജ്ജ് ഫെബ്രുവരി 15-ാംനു മുതൽ വർദ്ധിപ്പിച്ചിരിക്കുന്നു. അതനുസരിച്ച് എക്സ്പ്രസ്സിനു മൈലൊന്നിനു ഒരു ചക്രം നാലുകാശും സാധാരണബസ്സുകൾക്ക് 14 കാശും ആയിരിക്കും ചാർജ്ജ്.

### വിമാനത്താവള ഏറ്റെടുത്തു

തിരുവനന്തപുരത്തെ വിമാനത്താവളം ഇൻഡ്യാഗവണ്മെന്റ് ഏറ്റെടുത്തേക്കാനിടയുള്ളതായറിയുന്നു.

### ആലുവാ റെയിൽവേപ്പാലം

ആലുവാ റെയിൽവേപ്പാലം പൊതുജനങ്ങൾക്കും വാഹനങ്ങൾക്കും സഞ്ചാരയോഗ്യമാകത്തക്കവിധം പരിഷ്ക്കരിക്കുന്നതിന് ആലോചനയുള്ളതായി മുൻപ്രസ്താവിച്ചിരുന്നല്ലോ. തൃശ്ശൂർ—എറണാകുളം റോഡു ഡെൽഹിയിൽനിന്നും കന്യാകുമാരിയിലേക്കുള്ള നാഷനൽ ഹൈവേയുടെ ഒരു ഭാഗമായിരിക്കുമെന്നതിനാൽ ആലുവാപ്പാലത്തിന്റെ വിപുലീകരണം പ്രസ്തുതറോഡിന്റെ പരിഷ്ക്കരണത്തോടുകൂടി നിർവ്വഹിക്കപ്പെടുന്നതാണെന്നറിയുന്നു.

### തീരുവ വർദ്ധിപ്പിച്ചു

കുരുമുളകുകയററുമതിച്ചുങ്കം കണ്ടിക്കു 10 ക. യായിരുന്നതു് 15 ക. യാക്കി മകരം 29-ാംനു മുതൽ വർദ്ധിപ്പിച്ചിരിക്കുന്നു.

കപ്പെട്ട പ്രതികൾക്ക് 15 ദിവസത്തിനകം അപ്പീൽ ബോധിപ്പിക്കാനുള്ള അവകാശമുണ്ടായിരിക്കുമെന്നും ജഡ്ജി പ്രസ്താവിക്കുകയുണ്ടായി.

### സംഖ്യ വർദ്ധിപ്പിക്കുന്നു

ഹൈദ്രബാദ് നൈസാം തന്റെ സ്വകാര്യ സ്വത്തായ 8.09 ചതുരശ്രമൈൽ വിസ്തീർണ്ണമുള്ള ഒരു എസ്റ്റേററ് വിട്ടുകൊടുക്കാമെന്ന് സമ്മതിച്ചതിനെത്തുടർന്ന് അദ്ദേഹത്തിനു പ്രതിവർഷം അനുവദിച്ചിട്ടുള്ള 50 ലക്ഷം ക. ഒന്നരക്കോടിയായി വർദ്ധിപ്പിക്കുവാൻ കേന്ദ്രഗവണ്മെന്റു തീരുമാനിച്ചിരിക്കുന്നു.

### ഭോപാൽ ലയിപ്പിക്കുന്നു

ഭോപാൾ നാട്ടുരാജ്യം മദ്ധ്യസംസ്ഥാനത്തിൽ ലയിപ്പിക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

### ദേശസാൽക്കരണത്തെപ്പററി

വ്യവസായക്കമ്പനികൾ ദേശീയമാക്കുന്നതിനുള്ള സാദ്ധ്യതകളെപ്പററി താൻ സംശയിക്കുന്നുവെന്നും ഇമ്പീരിയൽബാങ്ക് ദേശീയമാക്കുന്നതിനു പകരം ബാങ്കുകളിൻമേൽ ചില ഭേദഗതികൾ വരുത്തുന്നതായിരിക്കുമുത്തമമെന്നു താൻ വിചാരിക്കുന്നെന്നും ഫൈനാൻസ് മന്ത്രി ഡാക്ടർ ജോൺമത്തായി പാർലമെൻറിൽ പ്രസ്താവിച്ചിരിക്കുന്നു.


## വിദേശവാർത്തകൾ

### മഹാരാൻ

ഹംഗറിയിലെ കർദ്ദിനാളായ മിൻഡ്സെൻററി തിരുമേനിയുടെ കേസുവിസ്താരത്തിലും കുററാരോപണത്തിലും പങ്കെടുത്ത എല്ലാവർക്കും മാർപ്പാപ്പാ തിരുമേനി മഹറോൻ ശിക്ഷ നൽകിയിരിക്കുന്നു. നേരത്തെതന്നെ കർദ്ദിനാൾ തിരുമേനിയെ അറസ്റ്റ് ചെയ്തവർക്കെല്ലാം ഈ ശിക്ഷ നൽകിയിട്ടുള്ളതാണ്. ഫെബ്രുവരി 12-ാംനു പരിശുദ്ധ പിതാവ് ലോകത്തിലെ എല്ലാ കത്തോലിക്കാമെത്രാന്മാർക്കുമായി നൽകിയ ഒരു സന്ദേശത്തിൽ, "അധികാരത്തിന്റെ ശക്തികളും നിരീശ്വരന്മാരും മതവിദ്വേഷം സകലതും മുമ്പൊരിക്കലും ഇപ്പോഴത്തെപ്പോലെ ഉപദ്രവകാരികളും ധിക്കാരികളുമായി വർത്തിച്ചിട്ടില്ല" എന്നു പ്രസ്താവിച്ചിരിക്കുന്നു. നമ്മുടെ പ്രാർത്ഥനകൾ ഈ വിഷയത്തിൽ കേന്ദ്രീകരിപ്പിക്കണമെന്നും തിരുമനസ്സുകൊണ്ട് ഉദ്ബോധിപ്പിക്കുകയുണ്ടായി.

### ദിവ്യകാരുണ്യകോൺഗ്രസ്

കൊളമ്പിയായിൽ കാലി എന്ന സ്ഥലത്തുവച്ച് ബൊളീവിയ, കൊളംബിയ, ഇക്വേഡർ, പനാമാ, പെറു, വെനിസ്വേല എന്നീ ആറു രാജ്യങ്ങൾ സംയോജിച്ച് ഒരു ദിവ്യകാരുണ്യകോൺഗ്രസ് നടത്തിയിരിക്കുന്നു. അതിനോടനുബന്ധിച്ച് നടന്ന പ്രദക്ഷിണത്തിൽ ഒരു രാജകീയരഥത്തിലാണ ദിവ്യകാരുണ്യനാഥൻ സംവഹിക്കപ്പെട്ടിരുന്നതു്. തദവസരത്തിൽ ഉപയോഗിച്ചിരുന്ന അരുളിക്ക മൂന്നടി ഉയരമുള്ളതും സ്വർണ്ണനിർമ്മിതവും 800 രത്നങ്ങൾകൊണ്ടലംകൃതവുമായിരുന്നു. ഏകദേശം 30,000 തീർത്ഥകരും 50 മെത്രാന്മാരും കോൺഗ്രസിൽ സംബന്ധിച്ചിരുന്നു. റോമിലുകളുടെ തിരുസംഘത്തിന്റെ പ്രീഫക്ടായ കർദ്ദിനാൾ മികാറാ ആയിരുന്നു പരിശുദ്ധ പിതാവിന്റെ പ്രതിനിധിയായി സന്നിഹിതനായിരുന്നതു്.



മഹാരാജാവു തിരുമേനിയും മന്ത്രിമാരും തേവര പ്രിയോരും സേക്രഡ് ഹാർട്ട് കോളേജ് പ്രിൻസിപ്പാളും സ്റ്റാഫംഗങ്ങളും.

നായിഡു ബി. എ. ബി. എൽ. എൽ എൽ. ബി. ബാർ-അററ്-ലായായിരുന്നു. അതിനു പ്രൊഫസർ കെ. ജെ. സിറിയക് എം. എ. ബി. എൽ. സമുചിതമായ മറുപടി പറഞ്ഞു. മഹാരാജാവു തിരുമനസ്സിലെ അദ്ധ്യക്ഷപ്രസംഗത്തിൽ. 'ധനം നഷ്ടപ്പെട്ടാൽ യാതൊന്നും നഷ്ടപ്പെടുന്നില്ല; ആരോഗ്യം നഷ്ടപ്പെട്ടാൽ ആ നഷ്ടം നിസ്സാരമാണ്; എന്നാൽ സൽസ്വഭാവം നഷ്ടപ്പെട്ടാൽ സർവ്വവും നഷ്ടപ്പെടുന്നു"(When wealth is lost, nothing is lost; when health is lost, something is lost; but when character is lost, everything is lost) എന്ന ഗ്രീക്ക്പഴഞ്ചൊല്ലുദ്ധരിച്ചുകൊണ്ട് വിദ്യാർത്ഥിജീവിതത്തിൽ സർവ്വപ്രധാനമായ ശ്രദ്ധപതിയേണ്ടതു് സ്വഭാവരൂപവൽക്കരണത്തിലാണെന്നു സമർത്ഥിച്ചു.

### സെന്റ് മേരീസ് ഹൈസ്കൂൾ

എറണാകുളം സെന്റ് മേരീസ് കോൺവെന്റ് ഹൈസ്കൂൾ വാർഷികം ഫെബ്രുവരി 15-ാംനു പ്രധാനമന്ത്രി ശ്രീ ഇക്കണ്ടവാര്യർ ബി. എ. ബി. എൽ. അവർകളുടെ അദ്ധ്യക്ഷതയിൽ നടന്നു. തദവസരത്തിൽ റവ. ഫാ. തോമസ് നെടുങ്കല്ലേൽ എം. എ. ബി. ടി. പ്രജായത്തഭരണത്തിൽ ആദ്ധ്യാത്മിക മൂല്യത്തിനുള്ള സ്ഥാനത്തെപ്പററി ഒരു പ്രസംഗം ചെയ്യുകയുണ്ടായി.

### സെന്റ് അഗസ്റ്റിൻസ് സ്കൂൾ

എറണാകുളം സെൻറഗസ്റ്റിൻസ് സ്കൂൾ വാർഷികം നിയമസഭാ പ്രസിഡണ്ട് ശ്രീ എൻ. എം. പൈലീ എം. എ. ബി. എൽ. അവർകളുടെ അദ്ധ്യക്ഷതയിൽ ഫെബ്രുവരി 13-ാംനു നടന്നു. ശ്രീ സി. എൽ. ആന്റണി എം. എ. ആയിരുന്നു പ്രാസംഗികൻ.

## ഇന്ത്യാവാർത്തകൾ

### ഗാന്ധിവധക്കേസിലെ വിധി

ഗാന്ധിവധക്കേസിലെ വിധി ഫെബ്രുവരി 10-ാംനു സ്പെഷൽജഡ്ജി മി. ആത്മചരൺ പ്രസ്താവിച്ചിരിക്കുന്നു. കേസിലെ പ്രധാനപ്രതിയായ നാഥുറാം വിനായക് ഗോഡ്സെക്കും നാരായണൻ ആപ്തേക്കും വധശിക്ഷ വിധിച്ചിരിക്കുന്നു. വിഷ്ണു രാമചന്ദ്രകാർക്കരെ, മദനലാൽ, ദത്താത്രയപാർച്ചുർ, ശങ്കർ കിസ്തയ്യാ, ഗോപാൽ ഗോഡ്സേ എന്നീ അഞ്ചു പ്രതികളെ ജീവപര്യന്തം നാടുകടത്തുന്നതിനു വിധിച്ചിരിക്കുന്നു. നിരപരാധിയെന്നു തെളിഞ്ഞിരിക്കുന്നതിനാൽ ശ്രീ വി. ഡി. സവർക്കരേയും മാപ്പുസാക്ഷിയായ ബാഡ്ജെയേയും വെറുതെവിട്ടുവാൻ ഉത്തരവായിരിക്കുന്നു. ശിക്ഷയ്ക്കു വിധി

## നിങ്ങൾക്കറിയാമോ?

(3-ാം പേജ് തുടർച്ച)

(ഉത്തരങ്ങൾ)

1 അവരുടെ രൂപതാദ്ധ്യക്ഷന്റെ അംഗീകാരമുണ്ടെങ്കിൽ വായിക്കാം. അല്ലെങ്കിൽ പാടില്ല. (കാ. നി. 1399-5)
2 പാടില്ല. (കാ. നി. 1399 8)
3 സാധാരണമായി അകത്തോലിക്കർ എഴുതുന്ന മതഗ്രന്ഥങ്ങൾ വായിച്ചുകൂടെങ്കിലും, അവയിൽ കത്തോലിക്കാവിശ്വാസത്തിനെതിരായി യാതൊന്നുമില്ലെന്നു തീർച്ചയാണെങ്കിൽ വായിക്കാവുന്നതാണ്. (കാ. നി. 1399-4)
4 ഉവ്വ്.
5 ഇല്ല അതിരൂപതാദ്ധ്യക്ഷന്റെ അനുമതി വേണ്ടിയിരിക്കുന്നു.

സഖ്യപംക്തി

# മരിയാസഖ്യം

## പ്രവൃത്തിപഥത്തിൽ

(ഫാദർ സെറാഫിൻ ബനഡിക്ററ്)

### സഖ്യത്തിൻെറ സ്വഭാവവും ഉദ്ദേശ്യവും

നിത്യസ്മരണാർഹനായ 11-ാം പിയൂസ് പാപ്പാ തിരുമനസ്സുകൊണ്ട് കത്തോലിക്കാപ്രവർത്തനത്തിനായി അൽമായരെ ശക്തിയുക്തം ക്ഷണിച്ചതോടെ സംഘടനകൾ എല്ലാസ്ഥലങ്ങളിലും അപരിത്യാജ്യമായിട്ടാണ തീന്നിട്ടുള്ളത്. ഓരോ ഇടവകയിലും ഇടവകാവശ്യങ്ങൾ സാധിക്കുന്നതിനും, മതപരമായ ജ്ഞാനം അഭിവൃദ്ധമാക്കുന്നതിനും പര്യാപ്തങ്ങളായ സഖ്യങ്ങൾ ഏവയെന്നു കണ്ടുപിടിച്ച് അവയിൽ അംഗങ്ങളായി ചേന്ന് പ്രവത്തനങ്ങൾ നടത്തുന്നതിനു അനേകമാളുകൾ മുന്നോട്ടുവന്നിട്ടുമുണ്ട്. പ്രസ്തുതാവശ്യങ്ങൾ സുകരം സാധിക്കുന്നതിനു പര്യാപ്തമായ ഒരു സഖ്യം നമ്മുടെ നാട്ടുകളിലെ മിക്ക ഇടവകകളിലുമുണ്ട്. അതു് മരിയാസഖ്യമല്ലാതെ മറെറാന്നുമല്ല.

ഇങ്ങനെയൊരു പ്രത്യേക പര്യാപ്തത മരിയാസഖ്യത്തിനുണ്ടെന്നുള്ളതിന് അതിൻെറ അതീതകാലത്തെ നിരവധി നേട്ടങ്ങളും, ഇന്നു നാടിൻെറ നാനാഭാഗങ്ങളിലും അതു ചെയ്തുവരുന്ന പ്രശംസനീയ പ്രവൃത്തികളും ഉത്തമതെളിവുകളത്രെ. മരിയാസഖ്യം, ആത്മീയ പാലകന്മാക്ക് ഇടവകഭരണം വിജയകരമാക്കുന്നതിനു ഒരു പററിയ ഉപകരണമായിട്ടാണ് പരിലസിക്കുന്നതു്.

### അഭിമാനകരമായ ഒരു പാരമ്പര്യം

പൂവ്വകാലങ്ങളിൽ മരിയാസഖ്യം, മരിയാസ്തുതിഗീതങ്ങൾ ആലപിക്കുന്നതിനു മാത്രമായിട്ടുള്ള സമ്മേളനങ്ങളായിരുന്നില്ല; വെറും സാമുദായിക സമ്മേളനങ്ങളും ആയിരുന്നില്ല; മാസത്തിലൊരിക്കൽ പൊതുവായ ദിവ്യകാരുണ്യസ്വീകരണത്തിനു തയ്യാറായിവരുന്ന ഇടവകജനങ്ങളുടെ ഒരു കൂട്ടം മാത്രവുമായിരുന്നില്ല. ഇവയിലും ഉപരിയായ ഒരു സംഘമായിരുന്നു അതു്. നമുക്കു ആ പൂവ്വകാലത്തെ മരിയാസഖ്യങ്ങളെ തികച്ചും അഭിമാനപൂവ്വം സ്മരിക്കാവുന്നതാണ്. അതിനു നമുക്കു മതിയായ കാരണങ്ങളുമുണ്ട്. അവ തികച്ചും മഹിമയേറിയവയായിരുന്നു. അവയുടെ സാമാജികന്മാരിൽ പല മാപ്പാപ്പാമാരും മെത്രാന്മാരും, രാജാക്കന്മാരും സംസ്ഥാനത്തെ ഉന്നതോദ്യോഗസ്ഥന്മാരും അടങ്ങിയിരുന്നു. പ്രോട്ടസ്റ്റൻറുപരിവത്തനത്തിൽനിന്നു യൂറോപ്പുഖണ്ഡത്തെ രക്ഷിക്കുന്നതിനു അവ വളരെ സഹായിച്ചിട്ടുണ്ട്. ചൈതന്യമുള്ള ആത്മീയപാലകന്മാക്കു വിശ്വാസത്തെ സംരക്ഷിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും ഇവ ശക്തിയേറിയ ആയുധങ്ങൾ തന്നെയായിരുന്നു.

മരിയാസഖ്യത്തിൻെറ ചരിത്രം ചുഴിഞ്ഞു പഠിക്കുന്നവക്കു രണ്ടു സംഗതികളാണ് സ്പഷ്ടമായി കാണാൻ കഴിയുന്നതു്. ഒന്നു്, അവരെ പ്രവത്തനസന്നദ്ധരാക്കി രണാങ്കണത്തിലേക്കയക്കുന്ന തീവ്രമായ കത്തോലിക്കാചൈതന്യം. മറെറാന്നു്, സ്ഥലകാലങ്ങൾക്കനുസരണമായി സംഘടനകൾ രൂപവൽക്കരിക്കുന്നതിൽ അവർ പ്രദശിപ്പിച്ചിരുന്ന ഔത്സുക്യം. ഓരോ ഇടവകയിലേയും ഏററം അവശ്യം കരണീയമായ ജോലി അവർ സോത്സാഹം കയ്യേററു നടത്തിയിരുന്നതായി നാം കാണുന്നു. അവർ പ്രത്യക്ഷമായ വാദപ്രതിവാദങ്ങൾ നടത്തി വിശ്വാസത്തെ പരിരക്ഷിച്ചിരുന്നു. വായനശാലകൾ നടത്തിയിരുന്നു. മന്ദോഷ്ണജീവിതക്കാരായ കത്തോലിക്കരെ തീവ്രഭക്തിക്കു പ്രോത്സാഹിപ്പിച്ചിരുന്നു; കത്തോലിക്കാഗ്രന്ഥങ്ങളും പത്രമാസികകളും ലഘുലേഖകളും പ്രചരിപ്പിച്ചിരുന്നു; മിഷൻവേലകളെ സഹായിച്ചിരുന്നു; വ്യവസായപരമായ വേലകൾ ചെയ്തിരുന്നു; ബാങ്കുകൾ നടത്തിയിരുന്നു; ആതുരശാലകൾ സ്ഥാപിച്ചു രോഗികൾക്കു അഭയവും ആശ്വാസവും നൽകിയിരുന്നു; എന്നുവേണ്ട ജീവകാരുണ്യപരമായ ഏതൊരു തുറയിലും അവർ കടന്നു് അഭിമാനകരമായ ജോലികൾ ചെയ്തിരുന്നു.

### ഇന്നും മരിയാസഖ്യം പ്രവൃത്തിപഥത്തിൽ

മേല്പറഞ്ഞവയെല്ലാം മരിയാസഖ്യത്തിൻെറ അതീതകാലചരിത്രമാണ്. ഇന്നും യൂറോപ്പ്, അമേരിക്ക മുതലായ ഭൂഭാഗങ്ങളിൽ അവ ഓരോ രാജ്യക്കാരുടേയും ആവശ്യങ്ങൾ മനസ്സിലാക്കി, ഈദൃശമായ പ്രവൃത്തികൾ പ്രശസ്തമാംവണ്ണം തുടന്നുപോരുന്നുണ്ട്. ഇതരരാജ്യങ്ങളിൽ ഇവർ ഇന്നത്തെ ദുരിതസഹസ്രങ്ങൾക്കു പരിശാന്തി നൽകുന്നതിൽ ഭാഗഭാക്കുകളാകുന്നുണ്ടെങ്കിൽ ഇദ്ദേശത്തെ മരിയാസഖ്യങ്ങൾക്കും എന്തുകൊണ്ടു ഈദൃശകാര്യങ്ങളിൽ ദത്തശ്രദ്ധരായിക്കൂടാ? എന്തുകൊണ്ടു നമ്മുടെ രാജ്യത്തിൻെറ രക്ഷകരായിക്കൂടാ?

നമ്മുടെ രാജ്യങ്ങളിലും മരിയാസഖ്യങ്ങൾ സംസ്ഥാപിതങ്ങളായിട്ടുണ്ടെങ്കിലും തദംഗങ്ങൾ അതിൻെറ സ്വഭാവവും ഉദ്ദേശ്യവും വേണ്ടത്ര മനസ്സിലാക്കിട്ടില്ലെന്നും, തന്നിമിത്തമാണ് പലേടങ്ങളിലും പ്രവത്തനങ്ങൾ "തുടങ്ങിയും മുടങ്ങിയും" എന്ന മട്ടിൽ കിടക്കുന്നതെന്നുമാണ് ചുരുങ്ങിയ കാലത്തെ പരിചയംകൊണ്ടു എനിക്കു തോന്നിയിട്ടുള്ളതു്. ആകയാൽ ആദ്യമായി, മാതൃകാദ്യയോഗ്യമായ മരിയാസഖ്യത്തെക്കുറിച്ചുള്ള ഒരു സൂക്ഷ്മമായ ബോധം നമുക്കുണ്ടാകേണ്ടിയിരിക്കുന്നു. ആയതിനു് താഴെ ഉദ്ധരിക്കുന്ന വാചകങ്ങൾ സാവധാനത്തിലും അവധാനതയോടുംകൂടി വായിക്കുകയും നിങ്ങളുടെ സഖ്യം അങ്ങനെയുള്ളതാണോ എന്നു പരിശോധിക്കുകയും ചെയ്‌വാൻ എല്ലാവരേയും ഞാൻ ക്ഷണിക്കുന്നു.

"മരിയാസഖ്യം, തദംഗങ്ങളിൽ പരിശുദ്ധ കന്യകാമേരിയുടെ നേക്കു തീവ്രമായ ഭക്തിയും, സാക്ഷാത്തായ ബഹുമാനവും, പുത്രനിർവ്വിശേഷമായ സ്നേഹവും വർദ്ധിപ്പിക്കുവാനായിക്കൊണ്ടു് സ്ഥാപിതമായിരിക്കുന്ന ഒരു ഭക്തസംഘമാകുന്നു. ഈ ഭക്തിവഴിയായും, അതിവ കാരുണ്യവതിയായ ആ കന്യകാമാതാവിൻെറ പ്രത്യേകസംരക്ഷണയോടുകൂടിയും പ്രസ്തുതസംഘം നല്ല കത്തോലിക്കാവിശ്വാസികളെ — ഓരോരുത്തൻെറയും ജീവിതാന്തസ്സിനൊത്തവണ്ണം തങ്ങളെത്തന്നെ വിശുദ്ധീകരിക്കയും, തങ്ങളുടെ അയൽക്കാക്കു പുണ്യജീവിതത്തേയും ആത്മരക്ഷയേയും പ്രദാനം ചെയ്യണമെന്നും, കത്തോലിക്കാസഭയെ, അവളുടെ ദുഷ്ടരായ ശത്രുക്കളുടെ ആക്രമണങ്ങളിൽനിന്നു സംരക്ഷിക്കണമെന്നും നിസ്സ്വാത്ഥമായി അഭിലഷിക്കുകയും ചെയ്യുന്ന വിശ്വാസികളെ—മരിയനാമത്തിൽ സംഘടിപ്പിക്കുവാൻ സവ്വദാ സന്നദ്ധമായിരിക്കുന്നു."

മേല്പറഞ്ഞതു് ഏതൊരു മരിയാസഖ്യത്തിൻെറയും നിയമാവലിപ്പുസ്തകത്തിൽ കാണാവുന്ന ആദ്യനിയമമാണ്. അതു സഖ്യത്തിൻെറ സ്വഭാവത്തെയും പ്രധാനതാല്പര്യങ്ങളെയും പ്രസ്പഷ്ടമാക്കുന്നുണ്ട്. അതിൻെറ പ്രധാനോദ്ദേശ്യങ്ങൾ സ്വയം വിശുദ്ധീകരണവും കത്തോലിക്കാപ്രവത്തനവുമാകുന്നു. ഇവയിൽ രണ്ടാമത്തേതിനു് അഥവാ ക. പ്രവത്തനത്തിനു രണ്ടു അവാന്തരവിഭാഗങ്ങളുണ്ട്. ഒന്നാമത്തേതു് അയൽക്കാരൻെറ വിശുദ്ധീകരണത്തേയും നിത്യരക്ഷയേയും കുറിച്ചുള്ള ശ്രദ്ധ. രണ്ടാമത്തേതു് തിരുസ്സഭയുടെ പരിരക്ഷണവും പ്രചാരണവും.

ഈ നിയമം നാം വായിക്കുമ്പോൾ, പൂവ്വകാലത്തിൽ മരിയാസഖ്യങ്ങൾ ഇത്ര മഹനീയമായിരുന്നതിൻെറ കാരണമെന്തെന്നും, അൽമായപ്രേഷിതവൃത്തിക്കു ഒരു ഉത്തമോപകരണമായി പരിശുദ്ധപിതാക്കന്മാർ ഇതിനെ മുക്തകണ്ഠം പ്രശംസിച്ചിരുന്നതിൻെറ രഹസ്യമെന്തെന്നും നമുക്കു മനസ്സിലാകുന്നതാണ്.

ഈ നിയമപ്രകാരം മരിയാസഖ്യം കേവലം ഒരു ഭക്തസംഘം മാത്രമല്ല എന്നു എവക്കും കാണാവുന്നതാണ്. "ഓരോരുത്തൻെറയും അന്തസ്സിനൊത്തവണ്ണം തങ്ങളെത്തന്നെ വിശുദ്ധീകരിക്കുവാനും നല്ല കത്തോലിക്കവിശ്വാസികളെ സംഘടിപ്പിക്കുവാനും...സവ്വദാ സന്നദ്ധമായിരിക്കുന്ന ഒരു സംഘമാണതു്". അതെ, അതിൻെറ അംഗങ്ങൾ വ്യക്തിപരമായ വിശുദ്ധീകരണം സംബന്ധിച്ചു തീവ്രയത്നം ചെയ്യണമെന്നു ആ സംഘം അനുശാസിക്കുന്നു. തന്നിമിത്തം അവരുടേതു് കേവലം ഒരു സാധാരണ ക്രിസ്ത്യാനിയുടെ ജീവിതമായാൽ പോരാ എന്നാണ് സംഘത്തിൻെറ നിശ്ചയം. സാധാരണ ക്രിസ്ത്യാനികൾക്കുള്ള കടമകൾമാത്രം നിറവേററിയാൽ പോരാ മരിയാസഖ്യത്തിൻെറ സജീവാംഗങ്ങൾ. ഉപരിപരിപൂണ്ണമായ ഒരു ജീവിതമാതൃകയാണ് അവരുടെ കൺമുമ്പാകെ വയ്ക്കപ്പെട്ടിരിക്കുന്നതു്. ക്രിസ്തുവിനെയും അവിടുത്തെ മാതാവിനെയും ബഹുമാനിക്കയും അനുകരിക്കയും ചെയ്യേണ്ടതിനു അവർ തങ്ങളെത്തന്നെ വിശുദ്ധീകരിക്കേണ്ടിയിരിക്കുന്നു. അങ്ങനെ അവരുടെ രാജാവിൻെറയും രാജ്ഞിയുടെയും ശുശ്രൂഷയിൽ ധീരഭടന്മാരായിത്തീരണമെന്നുള്ളതാണ് അവരുടെ ഉന്നം. ഒരു യഥാത്ഥമരിയാസഖ്യാംഗം അയാളുടെ ആത്മരക്ഷയുടെ കാര്യം വളരെ ഗൗരവമായ ഒന്നായി കരുതുകയും, ആന്തരികമായ ജീവിതത്തെ ഉത്തരോത്തരം പുണ്യപരിപൂണ്ണവും അഭിവൃദ്ധവുമാക്കിത്തീക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. ഇതു് ഏററം ശ്രേഷ്ഠമായ ഒരു ലക്ഷ്യംതന്നെ, സംശയമില്ല. പക്ഷെ, വളരെ ശ്രമസാധ്യമായിട്ടുള്ളതാകുന്നു എന്നുകൂടിയും ധരിച്ചിരിക്കേണ്ടതുണ്ട്.

# *ഫിലോമിനാ ഇരുട്ടറയിൽ

(ജയിംസ് കെ. സി., മണിമല)

(ഇരുട്ടറ. ദിവ്യപ്രഭാവൃതയായി ഫിലോമിനാ മുട്ടിന്മേൽനിന്നു പ്രത്യക്ഷപ്പെടുന്നു.)

ഫി:- ഗാനം:— (രഘുപതിരാഘവ... എ. മ.)

ജഗദധിനായിക ശ്രീമേരി
പരമപാവനമാതാവേ!
പാപഹീന പരിപൂതാംബേ!
താപഹീനപരമേശാംബേ!
സുചരിതകന്യകമാർചൂട്ടും
മകുടഭൂഷണശ്രീലാംബേ...... (ജഗ)

നാഥാ! ഇവൾ പാപിനി, പ്രപഞ്ചത്തിൻെറ പ്രലോഭനങ്ങളെ ചെറുത്തു നിൽക്കാൻ കരുത്തില്ലാത്ത മഹാ പാപിനി! സ്നേഹമൂത്തേ, എന്നെ വലയം ചെയ്തിരിക്കുന്ന ഈ കരാളബന്ധനത്തെ— അയെ നശ്വരമായ ഈ ശാരീരികബന്ധത്തെ അങ്ങറുത്തകററണേ! ഇനിയും ഈ ദുർവഹഭാരത്തെ പേറുവാൻ എൻെറ തളന്ന ചേതനയ്ക്കു കരുത്തില്ല.

(ചിന്താധീനയാകുന്നു)

ഹാ, സ്നേഹം, ത്യാഗം, സഹനം. കണ്ടകകിരീടാലംകൃതനായ അങ്ങെ ഫാലസ്ഥലത്തിൽ കുങ്കുമച്ചാറവി തിളങ്ങുന്ന നിണകണങ്ങളിൽ ആ പദത്രയം ഞാൻ കാണുന്നു. അവ എൻെറ അന്തരാത്മാവിൽ അലിവിതസന്ദേശം പകരുന്നു. ത്യാഗാത്മൻ, ആഴിയുടെ അപാരതയിലും, അന്തരീക്ഷത്തിൻെറ അമേയതയിലും ഒതുങ്ങാത്ത അങ്ങെ വ്യക്തിത്വം വെറുമൊരു മരക്കുരിശിൽ ബന്ധിതമായിക്കാണുമ്പോൾ എൻെറ ഹൃദയഭിത്തികൾ തകരുന്നു. വായുമണ്ഡലത്തിലെ കണ്ണെത്താ വളവുകളിൽ വിരിഞ്ഞു പരക്കുന്ന ഒരു ധൂമശകലമായി ഞാൻ ആ തിരുമാറിൽ വിലയിച്ചുകൊള്ളട്ടെ. ഒരു മിന്നൽപ്പിണറിൻെറ ക്ഷണികതയെ തഴുകിക്കൊണ്ടു് ഞാൻ ആ തിരുമൗലിയിൽ വിരിഞ്ഞു വിരാജിക്കട്ടെയോ? സ്നേഹനാഥാ! നശ്വരമായ ഈ ജഡികബന്ധത്തെ അങ്ങു തകത്തരുളുക. ബ്രഹ്മാണ്ഡാതീതമായ അങ്ങെ ദിവ്യപ്രഭയായ ഈ പരമശൂന്യതയിൽ എങ്ങനെ ഒതുങ്ങും?

അംബികേ! കന്നിമേരീ, അങ്ങെ സ്മരിക്കുമ്പോൾ, കന്യാവ്രതത്തിൻെറ വിമലത്വം എന്നെ കോൾമയിർ കൊള്ളിക്കുന്നു. ആ പരമവിശുദ്ധിയുടെ സ്വർഗ്ഗീയകാഹളവുമായി അങ്ങെന്നെ സമീപിക്കുന്നുവോ എന്നു തോന്നിപ്പോകുന്നു. വരപ്രദായിനീ, അവിടുന്നു എൻെറ ഹൃദയത്തിൽ വിതച്ച ദിവ്യബീജം മുളച്ചു; ഇവൾ നനച്ചു; അതു തഴച്ചു. ഹാ, പല്ലവസുമാലംകൃതമായി, അതു വിലസണമെങ്കിൽ ഈ ശരീരം തകരണം. അമ്മേ, ഈ മതമദ്ധ്യാന്തരീക്ഷത്തിലെ പ്രചണ്ഡവാതപ്രവാഹത്തിൽ എൻെറ കന്യാവ്രതവല്ലി ഉലഞ്ഞടിഞ്ഞുപോയാൽ — ഈ ഭൗമികപ്രതാപങ്ങളുടെ കൊട്ടുംവെയിലത്തു് അതു വാടിക്കരിഞ്ഞാൽ......ഇല്ല—ഇല്ല— അനുഗ്രഹദായിനീ, എൻെറ വ്യത്ഥസംശയങ്ങൾക്കു മാപ്പുതരിക. കാലജ്ഞനായ ദിവ്യ കഷകൻ വിളവെടുപ്പിൻെറ കാര്യം വിസ്മരിക്കുമോ?

(സ്റ്റേജിൻെറ ഒരു മൂലയ്ക്കു് വൈദ്യുതദീപത്തിൻെറ തട്ടിൽ പ്രഭാപ്രസരം. ഫിലോമിനാ തെല്ലിടെ ഭക്തിപാരവശ്യത്തിൽ ലയിച്ചു സാഷ്ടാംഗപ്രണാമം ചെയ്തിട്ട്)

ഗാനം:-(ആദ്യത്തെ അടികളുടെതുടച്ച)

സുചരിതകന്യകമാർ ചൂട്ടും
മകുടഭൂഷണ ശ്രീലാംബേ!... (ജഗ)
വരഗുണദായിനി മാതാവേ!
വരിഷ്ഠ കന്യക മാതാവേ!... (ജഗ)

(ഗാനാന്ത്യത്തിൽ പരിശുദ്ധ കന്യകയുടെ പരിനിമ്മലസ്വരത്തിൽ അശരീരി:—)

"മകളേ ഫിലോമിനാ, ഭയപ്പെടേണ്ട. നിൻെറ സകല പീഡകൾക്കും വിരാമമിടുന്ന ആ സുന്ദരവിനാഴിക സമീപിച്ചിരിക്കുന്നു. നിനക്കിനി ഇവിടെ ശേഷിച്ചിട്ടുള്ള ദിനങ്ങൾ കേവലം മൂന്നു മാത്രം. പക്ഷെ അതിനിടയിൽ നിൻെറ സഹനത്തിൻെറ പാരമ്യം അതിക്രൂരമായി പരീക്ഷിക്കപ്പെടും. എങ്കിലും സ്വർഗ്ഗീയ ദൂതൻ നിന്നെ ആശ്വസിപ്പിക്കും, അനശ്വരമായ രക്തസാക്ഷിമകുടവുമണിഞ്ഞു് എൻെറ മകൾ ആനന്ദസാമ്രാജ്യത്തിലേക്കു പറന്നണയുകയും ചെയ്യും." (അഭൗമതേജസ്സു പൊലിയുന്നു. ഫിലോമിനാ വീണ്ടും മുൻപോലെ പ്രാത്ഥനാനിരതയായികാണപ്പെടുന്നു.)

ഫിലോ: ദിവ്യജനനീ അവിടുന്നെനിക്കു ദശനമരുളിയോ? ഹാ, പാപിനിയായ ഇവൾക്കോ അങ്ങു പ്രത്യക്ഷയായതു്? ഈ നശ്വരജീവിതബന്ധം തകരുന്ന വിനാഴിക അങ്ങെനിക്കു ചൂണ്ടിക്കാണിച്ചു. ഹാ! മൂന്നു ദിനരാത്രങ്ങൾക്കപ്പുറം! — ആ ശോഭനനിമിഷം ഞാൻ കാണുന്നു. യാതനകൾക്കിടയിലൂടെ എൻെറ അന്തരാത്മാവു് അവിടേക്കു പറന്നടുക്കുന്നു. നാരകീയശക്തികൾക്കു് അജയ്യമായ ഒരു വ്യക്തിത്വം— അതെ ഒരു ക്രിസ്തീയവ്യക്തിത്വം—എന്നിലുണ്ടെന്നു് ഈ കൊടിയ രക്ഷസ്സുകൾ മനസ്സിലാക്കുന്ന ആ നിസ്തുലനിമിഷത്തിൽ ഞാൻ നിർല്ലീനയാവുന്നു.

ദിവ്യനാഥാ! അവിടുത്തെ അദൃശ്യപരിപാലനയുടെ മുമ്പിൽ ആവലാതിപ്പെട്ട എൻെറ ഭീമമൗഢ്യത്തിനു മാപ്പുതരിക; നാളെ..., നാളെ, അതെ "നാളെ" കൾക്കപ്പുറത്തേക്കു ഞാൻ നടന്നണഞ്ഞുകൊള്ളട്ടെ.

ഗാനം: വരഗുണദായിനി മാതാവേ!
വരിഷ്ഠകന്യക മാതാവേ!
സ്നേഹ ശീല ഗുണമാതാവേ!
പാഹി, പാഹി മമമാതാവേ!
അതിശയരൂപിണി മാതാവേ!
സുമതി ശ്രീയുത മാതാവേ!
ലോകതാതനുടെ മാതാവേ!
ത്രാണകൻെറ തിരു മാതാവേ!...(ജഗ)

(യവനിക)

* അടുത്തുതന്നെ പ്രസിദ്ധീകരിക്കുന്ന "രക്തസാക്ഷിണി" എന്ന ചരിത്രനാടകത്തിലെ ഒരു രംഗം. പകപ്പവകാശവും, അഭിനയാവകാശവും സ്വായത്തം.

## ലൂർദ്ദിൽനിന്നും മടങ്ങുന്നതു്

ലണ്ടൻകാരിയായ ഹെലീൻലിനു് കാണുന്നതിനോ സംസാരിക്കുന്നതിനോ നടക്കുന്നതിനോ ശക്തിയില്ലായിരുന്നു. ലൂർദ്ദ് സന്ദശിച്ചപ്പോൾ ഈ ത്രിവിധശക്തികളും അവർക്കു് അത്ഭുതകരമായി ലഭിക്കയുണ്ടായി.

വിമർശനവീഥി

# പൗരസ്വാതന്ത്ര്യങ്ങളെ നിയന്ത്രിക്കുന്നതെന്തുകൊണ്ട്?

കമ്മ്യൂണിസ്റ്റ്, കെ. എസ്. പി., ഐ. എസ്. പി. മുതലായ ഇടതുപക്ഷക്കാർ ഇപ്പോഴത്തെ ഇന്ത്യാഗവണ്മെന്റിനെയും പ്രവിശ്യാഗവണ്മെന്റുകളെയും സ്റ്റേയിറ്റ് കോൺഗ്രസ്സ് ഗവണ്മെന്റുകളെയും ഏറ്റവും രൂക്ഷമായി ആക്ഷേപിക്കുന്നു, പൗരന്മാരുടെ സംസാരസ്വാതന്ത്ര്യവും സംഘടനാസ്വാതന്ത്ര്യവും ഗവണ്മെന്റുകൾ നിയന്ത്രിക്കുന്നുവെന്ന്. അനിയന്ത്രിതമായ സ്വാതന്ത്ര്യത്തിനായി ഇടതുപക്ഷക്കാർ എല്ലായിടത്തും വാദം മുഴക്കുകയും പ്രക്ഷോഭണം നടത്തുകയും ചെയ്യുന്നു. ഇവരിൽ പലരും അതിനുവേണ്ടി ചില പ്രത്യേകദിവസങ്ങൾ നിയന്ത്രണവിരുദ്ധദിനങ്ങളായി ആചരിക്കപോലും ചെയ്തിട്ടുണ്ട്. പൗരസ്വാതന്ത്ര്യങ്ങളെ ഇന്ത്യൻ ഭരണഘടനയിൽ കൊള്ളിക്കുന്ന വകുപ്പിനെപ്പറ്റി ഇന്ത്യൻ കോൺസാംബ്ലിയിൽ ചർച്ചനടന്നപ്പോൾ സ്വാതന്ത്ര്യനിയന്ത്രണം സംബന്ധിച്ചുള്ള വ്യവസ്ഥകൾ ഭരണഘടനയിൽ കൊള്ളിച്ചിട്ടുള്ളതിനെതിരായി വിമർശനങ്ങൾ ഉണ്ടായിരുന്നു. അതിനെപ്പറ്റി ഈ ലക്കത്തിലെ മുഖപ്രസംഗത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. ആ വിമർശനങ്ങളെ ഖണ്ഡിച്ചുകൊണ്ട്, നിയന്ത്രണവ്യവസ്ഥകളുടെ ആവശ്യകതയെ സമർത്ഥിച്ചുകൊണ്ട്, ചില മെമ്പർമാർ വാദിച്ചിട്ടുള്ളതും മുഖപ്രസംഗത്തിൽനിന്നു കാണാം. ഇന്ത്യയിലെ ഇപ്പോഴത്തെ സ്ഥിതിക്ക്, വിധ്വംസകങ്ങളായ പ്രസ്ഥാനങ്ങൾ വിപുലമായ തോതിൽ നടന്നുകൊണ്ടിരിക്കുന്ന സ്ഥിതിക്ക്, നിയന്ത്രണവ്യവസ്ഥകൾ ആവശ്യകമാണെന്നായിരുന്നു നിയന്ത്രണപക്ഷക്കാർ പറഞ്ഞ ന്യായം.

### നെഹ്റുവിന്റെ സാക്ഷ്യം

കഴിഞ്ഞ ഏപ്രിൽ 6-ാംനു ന്യൂഡൽഹിയിൽവച്ച് ഇന്ത്യൻ പ്രധാനമന്ത്രി പണ്ഡിറ്റ് നെഹ്റു ചെയ്ത പ്രസ്താവന ഈ പ്രകൃതത്തിൽ ഉദ്ധരണീയമാണ്.

"പടിഞ്ഞാറെ ബംഗാളിൽ കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ മേൽ ചുമത്തപ്പെട്ട നിരോധനവും ഇൻഡ്യയിലെ മററു ഭാഗങ്ങളിൽ കമ്മ്യൂണിസ്റ്റ് നേതാക്കന്മാരുടെ അറസ്റ്റുകളും കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ പ്രവർത്തനങ്ങളുടെ ഫലമായി അനുപേക്ഷണീയമായി തീർന്നിട്ടുള്ളവയാണ്. കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ പ്രവർത്തനങ്ങൾ ഇൻഡ്യയിലെ ഇപ്പോഴത്തെ ഗവണ്മെന്റിനെ അക്രമപരമായ മാർഗ്ഗങ്ങളാൽ നിഷ്കാസനം ചെയ്യുവാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണ്. നിയമരാഹിത്യത്തേയും അക്രമപ്രയോഗത്തേയും യാതൊരു ഗവണ്മെന്റിനും വകവച്ചുകൊടുക്കുവാൻ പാടുള്ളതല്ലല്ലോ. കമ്മ്യൂണിസ്റ്റ് പാർട്ടിയെയോ മറേറതു രാഷ്ട്രീയ പാർട്ടിയെയോ അവരുടെ അഭിപ്രായങ്ങൾ പ്രചരിപ്പിക്കുന്നതിൽനിന്നും ജനങ്ങളെ അവരുടെ അഭിപ്രായങ്ങൾക്കു വഴിപ്പെടുത്തുവാൻ ശ്രമിക്കുന്നതിൽനിന്നും തടയണമെന്നു കേന്ദ്രത്തിലേയൊ പ്രവിശ്യകളിലേയൊ ഗവണ്മെന്റിനു യാതൊരുദ്ദേശ്യവുമില്ല. എന്നാൽ ഒരു വിഭാഗം ജനങ്ങൾ അക്രമപരമായ മാർഗ്ഗങ്ങളാൽ നിലവിലിരിക്കുന്ന ഗവണ്മെന്റിനെ തകിടംമറിക്കുവാൻ വേണ്ടി ഗൂഢാലോചനകൾ നടത്തുന്നതു കണ്ടുകൊണ്ടിരിക്കുവാൻ യാതൊരു ഗവണ്മെന്റിനും, ആ പേരിനു അർഹതയുള്ളിടത്തോളം കാലം, സാദ്ധ്യമല്ലതന്നെ. കമ്മ്യൂണിസ്റ്റുകാരുടെ തത്വങ്ങളോടു എനിക്കു അനുഭാവമുണ്ട്. എന്നുവരികിലും ഞങ്ങൾക്കു അവരെ അമർച്ചചെയ്യുവാൻ ആവശ്യകമായിത്തീർന്നു. എന്തുകൊണ്ടെന്നാൽ ഇൻഡ്യയിലെ കമ്മ്യൂണിസ്റ്റുകാർ ജനങ്ങളുടെ ഇടയിൽ അസ്വസ്ഥത സൃഷ്ടിക്കുവാനും രാജ്യത്തിൽ കുഴപ്പമുണ്ടാക്കി അധികാരം പിടിച്ചെടുക്കുവാനും ഉദ്ദേശിക്കുകയാണ്."

### റഷ്യയിൽ പൗരസ്വാതന്ത്ര്യമില്ലെന്നു ലാസ്കി പറയുന്നു

ഇവിടത്തെ ഇടതുപക്ഷക്കാർ റഷ്യയെയാണല്ലൊ മാതൃകാരാഷ്ട്രമായി സ്വീകരിച്ചിരിക്കുന്നത്. അവരിൽ ചിലരുടെ ദേശഭക്തിയും റഷ്യയോടാണ്. റഷ്യയിലെ വ്യവസ്ഥിതി ഇന്നാട്ടിൽ കൈവരുത്തുവാൻ അവർ ശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. അങ്ങനെയുള്ള റഷ്യയിൽ അവർ ഇവിടെ വേണമെന്നു വാദിച്ചുകൊണ്ടിരിക്കുന്ന പൗരസ്വാതന്ത്ര്യങ്ങൾ കണികാണാൻ പോലുമുണ്ടോ? ബ്രിട്ടീഷ് ലേബർ പാർട്ടിയുടെ എക്സിക്യൂട്ടീവ് കമ്മിററി പ്രസിഡന്റായിരുന്ന പ്രൊഫസർ ലാസ്കി കഴിഞ്ഞ യുദ്ധകാലത്തു പാർട്ടിയുടെ ഒരു പ്രതിനിധിസംഘത്തിന്റെ നേതൃത്വം വഹിച്ചു മോസ്കോയിൽ പോയി മടങ്ങിയശേഷം, മദ്രാസിലെ "ഇൻഡ്യൻ എക്സ്പ്രസ്സ്" പത്രത്തിൽ എഴുതിയതിങ്ങനെയാണ്:—

"റഷ്യ ഒരേ ഒരു പാർട്ടി മാത്രമുള്ള രാഷ്ട്രമാണ്. അവിടെ ഒരുത്തർക്കും മറെറാരു രാഷ്ട്രീയകക്ഷി രൂപീകരിക്കുവാൻ ശ്രമിക്കാവുന്നതല്ല. അങ്ങനെ ചെയ്യുന്നതു, ഫലത്തിൽ, രാഷ്ട്രത്തിനെതിരായ ദ്രോഹമായി കുററാരോപണം ചെയ്യപ്പെടും. എന്നുവരികിലും അവിടെ ധാരാളം ചർച്ചകളും വിമർശനങ്ങളും നടക്കുന്നുണ്ട്. പക്ഷെ അവയെല്ലാം കമ്മ്യൂണിസ്റ്റ്പാർട്ടി ഏർപ്പെടുത്തിയിരിക്കുന്ന അവസാനപരിധികൾക്കുള്ളിൽ നിലകൊള്ളുന്ന ചട്ടക്കൂട്ടിൽ ഒതുങ്ങിയിരിക്കണം. രാഷ്ട്രത്തിലെ ജീവനാഡികളായ ഉദ്യോഗങ്ങൾ സമസ്തവും കമ്മ്യൂണിസ്റ്റ്പാർട്ടിയംഗങ്ങളാണ് വഹിക്കുന്നത്. ജീവനാഡികളായ സകല പ്രവർത്തനപദ്ധതികളും അവരാണ് നിർണ്ണയിക്കുന്നത്. പാർട്ടിയുടെ വിശ്വസ്തനേതാക്കന്മാരുടെ വലയത്തിനു പുറത്തുള്ള മററാർക്കും ആ പ്രവർത്തനപദ്ധതികളെ ചോദ്യം ചെയ്യാവുന്നതല്ല. റഷ്യയിലെ ഭരണാധികാരികൾ എന്ന നിലയിൽനിന്നും കമ്മ്യൂണിസ്റ്റ്പാർട്ടിയെ നൈയാമികമായി നീക്കം ചെയ്യാവുന്ന യാതൊരു പരിതസ്ഥിതിയും ഇപ്പോൾ അവിടെയില്ല.



ശ്രീ കെ. എം. ജോർജ്ജ് എം. എ. എൽ എൽ. ബി. എം. ബി. എ. (ന്യൂയോർക്ക്)

പാലാ സ്വദേശിയായ ഇദ്ദേഹം അമേരിക്കയിൽനിന്നും എം. ബി. എ. (മാസ്റ്റർ ഓഫ് ബിസിനസ് അഡ്മിനിസ്ട്രേഷൻ) എന്നബിരുദം സമ്പാദിച്ചശേഷം ഇയിടെ തിരിച്ചെത്തുകയുണ്ടായി.

"കമ്മ്യൂണിസ്റ്റുകാരനല്ലാത്ത ഒരാൾ സുപ്രീം സോവിയററിലേയും (ഹൈക്കമാൻഡ്) അതിന്റെ കീഴുള്ള രണ്ടു നിയമസഭകളിലേയും അംഗമായി തിരഞ്ഞെടുക്കപ്പെട്ടേക്കാം. എന്നാൽ കമ്മ്യൂണിസ്റ്റുകാർക്ക് അവിടെ എല്ലായ്പോഴും സ്ഥിരമായ ഭൂരിപക്ഷമുണ്ടായിരിക്കും. അവരുടെ വരുതിയിലാണ് ഭരണസമിതി ഇരിക്കുന്നതു. മന്ത്രിമാരുടെ "പോർട്ട്ഫോളിയോ"കളെല്ലാം അവരുടെകൈയിലാണ്. മന്ത്രിസഭ യഥാർത്ഥത്തിലും, കാര്യമായ സംഗതികളിലും കമ്മ്യൂണിസ്റ്റ്പാർട്ടിയിലെ എക്സിക്യൂട്ടീവ്കമ്മിററിയുടെ ഉപകരണമാകുന്നു. ഈ കമ്മിററിയിലാണ് റഷ്യൻഗവണ്മെന്റിന്റെ ജീവനാഡിയായ ശക്തി സ്ഥിതിചെയ്യുന്നതു.

"പാശ്ചാത്യലോകത്തിനു ഈ ഭരണസമ്പ്രദായം വിചിത്രമായി തോന്നുമെന്നു സ്പഷ്ടമാണല്ലോ. എന്നാൽ പ്രാഥമികപൗരാവകാശങ്ങളായി നാം ഗണിക്കുന്നവയുടെയെല്ലാം അഭാവം ഈ വിലക്ഷണതയെ വർദ്ധിപ്പിക്കുകയും ചെയ്യുന്നു. "ഹേബിയസ് കോർപ്പസ്" (Habeas Corpus) എന്ന ഉത്തരവു സമ്പാദിക്കാനൊന്നും ആർക്കും ഉറപ്പില്ല. പ്രസിദ്ധീകരണസ്വാതന്ത്ര്യത്തിന്റെയൊ സംഘടനാസ്വാതന്ത്ര്യത്തിന്റെയൊ അവകാശം ആർക്കുമില്ല. റഷ്യക്കുവെളിയിലുള്ളവരുമായോ അഥവാ റഷ്യയിൽത്തന്നെയുള്ള വിദേശികളുമായോ നേരിട്ടു സമ്പർക്കത്തിലേർപ്പെടുന്ന ആരേയും അവിടെ ആഴമായി സംശയിക്കുന്നതാണ്.

"സുപ്രീം സോവ്യററിലും അതിനു താഴെയുള്ള സകല സമിതികളിലും വാദപ്രതിവാദങ്ങളും നിവേദനങ്ങൾതന്നെയും നടക്കുന്നുണ്ട്. എന്നാൽ ആ വാദപ്രതിവാദങ്ങൾ വായിക്കുന്ന ആരും വിചാരിക്കുകയില്ല, ഇംഗ്ലണ്ടിലേയും അമേരിക്കയിലേയും രീതിയിൽ അവിടെ പ്രതിപക്ഷത്തിനവകാശമുണ്ടെന്നു. ഒരേ ഒരു കക്ഷിയുള്ള രാഷ്ട്രം എന്നതിന്റെ യഥാർത്ഥമായ അർത്ഥം, ജീവനാഡിയായ സകല കാര്യങ്ങളിലും പാർട്ടിതന്നെയാണു രാഷ്ട്രം എന്നാണല്ലൊ. ഇങ്ങനെ ഇവ രണ്ടും ഒന്നായിരിക്കുന്നതിന്റെ യുക്തിപൂർവ്വകമായ അനുമാനമായി, അധികാരത്തിലിരിക്കുന്ന പാർട്ടിയെ നീക്കംചെയ്യുവാനുള്ളശ്രമം യഥാർത്ഥത്തിൽ രാഷ്ട്രത്തെ തകിടംമറിക്കാനുള്ള ശ്രമമായി ഗണിക്കപ്പെടുന്നു."

### റഷ്യൻപിടിയിൽ സ്വാതന്ത്ര്യമില്ലെന്ന് ആററ്ലിയും സാക്ഷീകരിക്കുന്നു

റഷ്യയുടെ പൗരസ്വാതന്ത്ര്യഹനനനയം അതിന്റെ പിടിയിലമർന്നിരിക്കുന്ന രാജ്യങ്ങളിലും അനുഷ്ഠിച്ചുകൊണ്ടിരിക്കുകയാണ്. റഷ്യക്കുപുറത്തു അതിനോടു സമീപിച്ചുകിടക്കുന്നതും റഷ്യൻ സൈനികശക്തിയുടെ പിടിയിൽ പെട്ടിരിക്കുന്നതുമായ കിഴക്കെ യൂറോപ്പിലെ രാജ്യങ്ങളിൽ കമ്മ്യൂണിസ്റ്റുകക്ഷിക്കാണ് ആധിപത്യമെന്നു പ്രസിദ്ധമാണല്ലോ. ആ രാജ്യങ്ങൾ റഷ്യയുടെ പിടിയിൽ അമർന്നതിന്റെ ഫലമായിട്ടാണല്ലോ "കമിൻഫോറം" എന്ന പുതിയപേരിൽ ഒരു കമ്മ്യൂണിസ്റ്റ് ഐക്യസംഘടന രൂപീകരിച്ചിരിക്കുന്നതു. ആ സംഘടനയുടെ നാമത്തിൽ റഷ്യയിലെ വിദേശകാര്യമന്ത്രി മി. മൊളോട്ടോവ് പുറപ്പെടുവിച്ച ഭീഷണിപത്രങ്ങളിൽ നാം വായിക്കുകയും ചെയ്തല്ലൊ. കമ്മ്യൂണിസ്റ്റാധിപത്യമുള്ള ഈ രാജ്യങ്ങളെ "ജനാധിപത്യരാഷ്ട്രങ്ങൾ" എന്നാണ് മൊളോട്ടോവ് ആ ഭീഷണിപ്രഖ്യാപനത്തിൽ വിളിച്ചിരിക്കുന്നതു. എന്നാൽ ആററ്ലി പറയുന്നു, ആ രാജ്യങ്ങളിൽ സ്വേച്ഛാധിപത്യമാണുള്ളതെന്നു; അവിടങ്ങളിൽ പൗരാവകാശങ്ങൾ നിഷേധിക്കപ്പെട്ടിരിക്കുന്നുവെന്നു. 1947 ജൂൺ 1-ാംനു യോർക്ക്ഷയറിലെ ഖനനതൊഴിലാളികളുടെ പതിവനുസരിച്ചുള്ള ഭീമമായ പ്രകടനത്തിൽവച്ചു ചെയ്ത പ്രസംഗത്തിൽ മി. ആററ്ലി ഇപ്രകാരം പ്രസ്താവിച്ചു:—

"കിഴക്കെ യൂറോപ്പിലെ പല രാജ്യങ്ങളിലും മനുഷ്യരുടെ ജന്മാവകാശങ്ങൾ നിഷേധിക്കപ്പെട്ടിരിക്കുകയാണെന്നും ആ രാജ്യങ്ങളിലെ ഗവണ്മെണ്ടുകളെ ജനാധിപത്യങ്ങളെന്നു വിളിക്കുന്നതു ആ പദത്തിന്റെ പരിഹാസപരമായ പ്രയോഗമാണെന്നുമുള്ളതിൽ എനിക്കൊരു സംശയവുമില്ല. പ്രതിപക്ഷപാർട്ടിയുടെ അവകാശത്തെ എവിടെയൊക്കെ നിഷേധിക്കുന്നുവോ, തിരഞ്ഞെടുപ്പിനുള്ള സ്ഥാനാർത്ഥികളുടെ ഒരേ ഒരു പട്ടികമാത്രം സ്വീകരിക്കപ്പെടുന്ന തന്ത്രം എവിടെയൊക്കെ കാണുന്നുവോ, നിലവിലിരിക്കുന്ന ഗവണ്മെണ്ടിനെ ബാലാൽപെട്ടി തെരഞ്ഞെടുപ്പു വഴിയായി നീക്കം ചെയ്യുവാൻ സാദ്ധ്യമല്ലാത്തതു എവിടെയൊക്കെയാണോ, അവിടെയൊന്നും യഥാർത്ഥമായ പ്രജാധിപത്യമില്ല; യഥാർത്ഥമായ സ്വാതന്ത്ര്യവുമില്ല."

### ഇൻഡ്യയിലെ പണിമുടക്കുകൾ

1944 ജനുവരിയിൽ ഇൻഡ്യയിൽ ആകെ 48 പണിമുടക്കുകൾ നടന്നു. അതിൽ 7 മാത്രമേ വിജയിച്ചുള്ളു; 8 ഭാഗികമായി വിജയിച്ചു. ഫെബ്രുവരിയിൽ 66 പണിമുടക്കുകൾ ഉണ്ടായി. അവയിൽ 10 മാത്രം വിജയിച്ചു. 4 ഭാഗികമായി വിജയിച്ചു. മാർച്ചിൽ 58 പണിമുടക്കുകളുണ്ടായതിൽ 8 മുഴുവനായും 7 ഭാഗികമായും വിജയിച്ചു. ഏപ്രിലിൽ 52 പണിമുടക്കുകളാണുണ്ടായതു. അവയിൽ 7 മുഴുവനായും 6 ഭാഗികമായും വിജയിച്ചു. മേയിൽ 56-ം ജൂണിൽ 46-ം പണിമുടക്കുകൾ ഉണ്ടായി. അവയിൽ ആദ്യത്തേതിൽ 15-ം, രണ്ടാമത്തേതിൽ 3-ം മാത്രം വിജയിച്ചു. ഈ പണിമുടക്കുകളിൽ 353,569 തൊഴിലാളികൾ ഉൾപ്പെട്ടിരുന്നു. 2 436,402 പണിദിവസങ്ങൾ അവർക്കു നഷ്ടപ്പെടുകയും ചെയ്തു.

പണിമുടക്കുകൾ കുറയുന്നതിനുപകരം പലേടങ്ങളിലും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഉണ്ണാനും ഉടുക്കാനും ആവശ്യത്തിനുള്ളതില്ലാതെ മനുഷ്യർ രാജ്യത്തിലാകമാനം കഷ്ടപ്പെട്ടു കഴിയുന്ന ഈ വിഷമസന്ധിയിൽ പണിമുടക്കുകൾ നടക്കുന്നതു രാജ്യത്തിനു എത്ര മഹാവിപത്താണെന്നു ആർക്കാണ് ബോദ്ധ്യമാകാത്തതു. എന്നുവരികിലും കമ്മ്യൂണിസ്റ്റുകാരും സോഷ്യലിസ്റ്റുകാരും പണിമുടക്കുകൾ കഴിയുന്നതും പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുകയാണെന്നുള്ളതു ഒരു രഹസ്യമല്ലല്ലോ. കമ്മ്യൂണിസ്റ്റുകാരുടേയും സോഷ്യലിസ്റ്റുകാരുടേയും നേതൃത്വത്തിലുള്ള റെയിൽവേ തൊഴിലാളി ഫെഡറേഷനും, പോസ്ററു ടെലഗ്രാഫ് ഫെഡറേഷനും പണിമുടക്കുബാലററുകൾ, ഇതെഴുതുമ്പോൾ, എടുത്തുകൊണ്ടിരിക്കുകയാണ്. ഫെഡറേഷന്റെ പ്രസിഡന്റായജയപ്രകാശ് നാരായണൻ ഒരു ഒത്തുതീർപ്പിനായി ഗവണ്മെന്റുമായി ആലോചിക്കുകയാണെന്നുള്ള കാരണത്തിന്മേൽ അദ്ദേഹത്തിന്റെ നേതൃത്വം ബഹിഷ്കരിക്കുവാൻപോലും ഫെഡറേഷനിലെ കമ്മ്യൂണിസ്റ്റ് നേതാക്കന്മാർ ശ്രമിക്കുകയുണ്ടായി. പണിമുടക്കു നടത്തുവാൻ സമ്മതിച്ച തൊഴിലാളി യൂണിയനുകളുടെ എണ്ണം വാസ്തവത്തിൽ ഉള്ളതിലധികം വർദ്ധിപ്പിച്ചു കാണിച്ചു ഫെഡറേഷനിലെ കമ്മ്യൂണിസ്റ്റ് നേതാക്കന്മാർ പബ്ലിക്കിനെ വഞ്ചിക്കുവാൻപോലും മുതിർന്നു. ഇവ സംബന്ധിച്ചു ഫെഡറേഷന്റെ നേതാക്കന്മാരിൽത്തന്നെ ഭിന്നിപ്പുണ്ടായിരിക്കുന്നെന്നും റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നു. ഇതിന്റെയൊക്കെ അർത്ഥം പണിമുടക്കുകൾമുഖേന രാജ്യമാകെ വിപ്ലവം കുത്തിയിളക്കണമെന്നതല്ലാതെ മറെറന്താണ്?

### പണിമുടക്കു വേണമെന്നു കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ

കമ്മ്യൂണിസ്റ്റുകാരും മാർക്സ്യൻ സോഷ്യലിസ്റ്റുകാരും ഇങ്ങനെ പണിമുടക്കുകളെ പ്രോത്സാഹിപ്പിക്കുന്നതു അവർ പ്രമാണമായി സ്വീകരിച്ചിട്ടുള്ള കമ്മ്യൂണിസ്റ്റ്മാനിഫെസ്റ്റോയിലെ നിർദ്ദേശമനുസരിച്ചാണ്. മാനിഫെസ്റ്റോയുടെ നിർദ്ദേശം കേട്ടാലും:—

"പണിമുടക്കുകൾ വിപുലമായും ആഴമായും വർദ്ധിപ്പിക്കപ്പെടണം; അവയെ സർവ്വസാമാന്യങ്ങളും സമരപരങ്ങളുമാക്കണം; അവയുടെ വിപ്ലവാത്മകമായ സ്വഭാവം വികസിപ്പിക്കുവാൻ ശ്രമങ്ങൾ ചെയ്യണം. പണിമുടക്കുകൾ നടത്തപ്പെടേണ്ടതു സാമ്പത്തികങ്ങളായ അവശതകൾക്കു പരിഹാരം നേടുവാനുള്ള മാർഗ്ഗമായിട്ടു മാത്രമല്ല; പ്രത്യുത, അവമുഖേന നിലവിലിരിക്കുന്ന ഗവണ്മെന്റിനെ പിടിച്ചെടുക്കുവാനും നശിപ്പിക്കുവാനുമുള്ള മാർഗ്ഗമായിട്ടാണ്."

ഇങ്ങനെയിരിക്കെ പൗരസ്വാതന്ത്ര്യങ്ങളുടെ നാമത്തിൽ വിധ്വംസകശക്തികൾക്കു അനിയന്ത്രിതമായ വിഹാരം അനുവദിക്കുന്ന ഗവണ്മെന്റ് ഭ്രാന്തൻ ഗവണ്മെന്റായിരിക്കുകയില്ലേ?

Sathya Deepam

Vol. 22 Ernakulam February 16: 1949 No. 26

ചോദ്യോത്തരപംക്തി
(1-ാം പേജ് തുടച്ച)

രനാകുന്നതിനുമുമ്പ് ആംഗ്ലിക്കൻസഭയിലെ ഒരു മിനിസ്റ്ററായിരുന്നു. ഇംഗ്ലണ്ടിലെ ബാപ്റ്റിസ്റ്റ് സഭ ഉണ്ടായതു് 1611-ലാണ്. യൂറോപ്പിലുണ്ടായതു് 1521-ലാണ്. അതിനുമുമ്പു ആ സഭയില്ലായിരുന്നു.

ചോ: ഒരുവൻ ക്രിസ്തുവിൻെറ സത്യാനുയായിയായി തീരണമെങ്കിൽ അവൻ ശാബെതു മിഷനിൽ ചേരേണ്ടയോ?

## സൗജന്യവിതരണ ഫണ്ട്

Mr. C. T. Antony, Clerk, District Munsiff's Court, Chonghat Rs. 3—4—0

ഉ: ഒരുവൻ ക്രിസ്തുവിൻെറ സത്യാനുയായി ആയി തീരണമെങ്കിൽ ശാബതുമിഷനിൽ ചേരേണ്ടാ. ക്രിസ്തുവിനെ നാം വിശ്വസിക്കുന്നുണ്ടെങ്കിൽ അദ്ദേഹം തൻെറ വാക്കു പാലിക്കുമെന്നും വിശ്വസിക്കണം: ഞാൻ എൻെറ സഭയെ പണിയും, പാതാളവാതിൽ അതിനെ വിജയിക്കയില്ല എന്നു് അദ്ദേഹം കല്പിച്ചിട്ടുണ്ടു്. തദനുസരണം അദ്ദേഹം ഒരു സത്യസഭയെ പണുതിട്ടുമുണ്ടു്. അതു് തെററായിട്ടുമില്ല; തെററുകയുമില്ല. എന്നാൽ ശാബതുമിഷൻ ആരു് എപ്പോൾ സ്ഥാപിച്ചു? നിശ്ചയമായും ക്രിസ്തു അങ്ങനെ ഒരു സഭ സ്ഥാപിച്ചിട്ടില്ല. 19-ാംനൂററാണ്ടിലാണ് ശാബതു് മിഷൻ തുടങ്ങിയതു്. അതു ക്രിസ്തു സ്ഥാപിച്ചതാണെന്നു പറവാൻ പത്തൊൻപതു നൂററാണ്ടിൻെറ അകലം വലിയ ഒരു അകലമല്ലയോ? 1831-ൽ ഒരു പുതിയ ഉപദേശം പ്രസംഗിച്ച വില്യം മില്ലറിൻെറ അനുയായികളിൽ ഒരു വിഭാഗക്കാരാണ് ഈ മിഷൻകാർ. വില്യംമില്ലർ 1782-ൽ അമേരിക്കായിൽ ജനിച്ചു. ദാനിയേൽ ദീർഘദർശിയുടെ പുസ്തകവും മററും പഠിച്ചു. ക്രിസ്തുവിൻെറ രണ്ടാമത്തെ വരവിൻെറ തീയതി അറിവാനദ്ദേഹം ശ്രമിച്ചു. ഒടുവിൽ കണക്കുകൂട്ടി 1843 ഒക്ടോബർമാസത്തിൽ കർത്താവിൻെറ രണ്ടാമത്തെ വരവാണെന്നു പറഞ്ഞു് പ്രസംഗിച്ചു. മനുഷ്യരെല്ലാം ഇളകിവശായി. എന്നാൽ അക്കൊല്ലും കർത്താവു വന്നില്ല, അതിനാൽ കണക്കുവീണ്ടും ശരിപ്പെടുത്തി. 1844 മേടം ഇടവത്തോടുകൂടെ വരുമെന്നു പറഞ്ഞു. അന്നും ലോകമവസാനിച്ചില്ല. ഒടുവിൽ ചിങ്ങത്തിനും തുലാത്തിനും ഇടയ്ക്കു് അതു സംഭവിക്കുമെന്നും അദ്ദേഹം ഖണ്ഡിതമായി പറകയും തുലാം 22-ാം നു- ക്കപ്പുറം പോകയില്ലെന്നു് ഉറപ്പായി പ്രസംഗിക്കുകയും ചെയ്തു. ഒടുവിലതും തെററി. വില്യംമില്ലർ തൻെറ ഗണിതം പാടെ ഉപേക്ഷിച്ചു് രംഗത്തുനിന്നും മാറി. എന്നാൽ എല്ലൻ ജി. വൈററു് എന്നൊരു മദാമ്മ വില്യംമില്ലറിൻെറ പിന്നാലെ പോയവരെയെല്ലാം ശേഖരിച്ചു് ശാബതു് ആചരിക്കണമെന്നുള്ള ഉപദേശവുംകൂടി അതോടു ചേർത്തു് ഉണ്ടാക്കിയതാണ് ശാബതു് മിഷൻ. എല്ലൻ ജി. വൈററു് എന്ന മദാമ്മ പറയുന്നതു് ഒരു ദിവസം അവർ സ്വർഗ്ഗത്തിലേക്കു് എടുക്കപ്പെട്ടു എന്നും അവിടെ വച്ചു് ക്രിസ്ത്യാനികൾ എല്ലാവരും ഞായാഴ്ച ആചാരത്താൽ തെററിൽ നിപതിച്ചുപോയി എന്നും നീ ചെന്നു് അവർക്കു് സത്യം വെളിപ്പെടുത്തി ശനിയാഴ്ചയാണ് ആചരിക്കേണ്ടതെന്നു് ഉപദേശിക്കണമെന്നും ദൈവം അവരോടു് കല്പിച്ചു എന്നും പറഞ്ഞു. അതനുസരിച്ചു് അവരുടെ അനുയായികൾ 845-ൽ ശാബതു് മിഷൻ Seventh Day Adventist സ്ഥാപിച്ചു. വില്യംമില്ലറിൻെറ വേറെ ചില അനുയായികൾ ചേന്നു് The life and Advent Union' എന്നൊരു സഭ 1865-ൽ സ്ഥാപിച്ചു. വേറെചിലർ ചേന്നു് Church of God in Christ Jesus എന്നൊരു സഭ 1888-ൽ സ്ഥാപിച്ചു.

ചോ: പ്ളീമത്തു് ബ്രദർ സഭ സ്ഥാപിച്ചതാരാണ്?

ഉ: അയർലണ്ടിലെ ഒരു ആംഗ്ളിക്കൻ പട്ടക്കാരനായിരുന്ന റവ: ജോൺ നെൽസൻ ഡർബി എന്നയാളാണ് ഇതിൻെറ ജനയിതാവു്. ഒരു ലോചർച്ചു് കാരനായിരുന്നു അദ്ദേഹം. പ്രോട്ടസ്ററൻറിൻെറ അങ്ങേ അററമാണ് കൈക്കൊണ്ടിരുന്നതു്. കത്തോലിക്കാസഭയെന്നു കേട്ടാൽ അദ്ദേഹത്തിനു വലിയ വെറുപ്പായിരുന്നു. അപ്പോഴാണ് ഹൈചർച്ചുകാർ ആംഗ്ളോ കത്തോലിക്കരാകാൻ തുനിഞ്ഞതു്. അതിനാൽ തനിക്കു ആംഗ്ളിക്കൻസഭപോലും വേണ്ടെന്നുവച്ചു. വേദപുസ്തകത്താൽമാത്രം ജീവിക്കുക എന്നു തീർച്ചപ്പെടുത്തി. സഭകളെല്ലാം വിടണമെന്നും പുരോഹിതവർഗ്ഗത്തെ മുഴുവനായി ഉപേക്ഷിക്കണമെന്നും അദ്ദേഹം പ്രസംഗിച്ചു. 1830-ൽ അദ്ദേഹം പ്ലീമത്തു് എന്ന സ്ഥലത്തേക്കുപോയി. അവിടെവച്ചു് "പ്ലീമത്തു് ബ്രദർസഭ" തുടങ്ങി.

അദ്ദേഹത്തിൻെറ പേരിൻപ്രകാരം ഡർബീസ്റ്റർ എന്നും ഇവരെ വിളിച്ചുവരുന്നുണ്ടു്. ഇവരുടെ കൂട്ടംകൂടുമ്പോൾ അവരിൽ ആർക്കും പ്രാർത്ഥന നടത്തുകയും പ്രസംഗിക്കുകയും ചെയ്യാം. എന്നാൽ "വചനത്തിൻെറ വെളിപാടു"ള്ളവർക്കാണ് മുൻഗണന. ഡർബി ഉപദേശിച്ചിട്ടുള്ളതിനെതിരായി വല്ലവരും പറഞ്ഞാൽ അവരെ അവരുടെ സഭയിൽനിന്നും മുടക്കി ബഹിഷ്കരിക്കും. അതുമൂലം ഇവർ നാലുതരം ബ്രദർസഭയായി പിരിഞ്ഞിരിക്കുകയാണ്. (സ. കാ.)

പുസ്തകാഭിപ്രായം


## നവമാലിക

Puthenpeedika Parish Hall Souvenir
(പൗരൻപ്രസ്സ്, എറണാകുളം, വില 1ക. 8ണ.)

തൃശ്ശൂർ രൂപതയിൽപ്പെട്ട പുത്തൻപീടികയിടവകയിൽ ഒരു പുത്തൻ പാരിഷ്ഹോൾ നിർമ്മിതമായതിൻെറ ശാശ്വതസ്മരണയ്ക്കായി പ്രതിഷ്ഠിതമായിരിക്കുന്ന ഒരു നവീനഗ്രന്ഥമാണ് "നവമാലിക". ഇടവകജനങ്ങൾക്കു് ഒന്നിച്ചുകൂടുന്നതിനും സാമുദായികവും സാമ്പത്തികവും സാഹിത്യപരവുമായ വിവിധ കാര്യങ്ങളെപ്പററി ആശയവിനിമയം ചെയ്യുന്നതിനും ഇടവകയോഗങ്ങളും മററു പൊതുയോഗങ്ങളും കൂടുന്നതിനും ഗ്രന്ഥശാലകൾ നടത്തുന്നതിനും മററും അത്യധികം ഉപകരിക്കുന്നതാണ് പാരിഷ്ഹാൾ. ആകയാൽ നിരവധി ക്ലേശങ്ങളും ത്യാഗങ്ങളും സഹിച്ചു് താദൃശമായ ഒരു ശാല സ്ഥാപിച്ച പുത്തൻപീടികനിവാസികളെ അഭിനന്ദിക്കേണ്ടിയിരിക്കുന്നു. അതിൻെറ സ്മരണയെ ഇത്തരമൊരു സാഹിത്യഗ്രന്ഥംവഴി നിലനിർത്തുന്നതിനു നിശ്ചയിച്ചതും സമുചിതമായിരിക്കുന്നു. പുത്തൻപീടികയുടെ ചരിത്രം, പരേതനായ വാഴപ്പിള്ളി മെത്രാൻേറയും അഭിനവമെത്രാൻേറയും ചരിത്രം, ദൈവത്തിൻെറ മുൻനിശ്ചയം, ഐക്യകേരളം, കത്തോലിക്കാ വിദ്യാഭ്യാസത്തിൻെറ വശീകരണരഹസ്യം, വിൻസെൻറ് ഡി പോൾ സംഘം, സ്ത്രീകളും കത്തോലിക്കാപ്രവത്തനവും, മാർക്ക്സിസം ആദിയായ വിഷയങ്ങളെപ്പററി പ്രസിദ്ധ സാഹിത്യകാരന്മാർ എഴുതിയിട്ടുള്ള ലേഖനങ്ങളും, വിദഗ്ദ്ധ തൂലികകളിൽനിന്നുതന്നെ നിർഗ്ഗമിച്ചിട്ടുള്ള മൂന്നുനാലു ചെറുകഥകളും, ആറേഴു കവിതകളുമാണ് ഗ്രന്ഥത്തിലെ ഉള്ളടക്കം. കമനീയങ്ങളായ അനേകം ബ്ളോക്കുകൾ ഗ്രന്ഥത്തെ മോടിപിടിപ്പിക്കുന്നുണ്ടു്. കേവലം പ്രാദേശികമായ പ്രാധാന്യം മാത്രമല്ല ഈ കൃതിക്കുള്ളതു്. ഒരു സാഹിത്യഗ്രന്ഥമെന്ന നിലയിൽ സാർവ്വത്രികമായ സ്വാഗതം ലഭിക്കുന്നതിനും ഇതിനർഹതയുണ്ടു്. Souvenir എന്നതിൻെറ ഉച്ചാരണം "സോവനീർ" എന്നല്ല, "സൂവനീർ" എന്നാണ് എന്ന ഒരു സംഗതി ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. ഗ്രന്ഥത്തിനു പ്രചുരപ്രചാരമാശംസിക്കുന്നു.

## നിര്യാതനായി

വാകക്കാടു സ്വദേശിയായ വാഴയിൽ കുഞ്ഞച്ചൻ അവർകൾ ഫെബ്രുവരി 1-ാംനു- കോട്ടയം ഡിസ്ട്രിക്ട് ആശുപത്രിയിൽ വച്ചു് നിര്യാതനായിരിക്കുന്നു.



പണിചെയ്യുവരുന്ന സെൻറ് അഗസ്റ്റിൻസ് ഇംഗ്ലീഷ് ഹൈസ്കൂൾ, മൂവാററുപുഴ

## On Paying Debts

Much can be learned about people's characters from their attitude toward debts. The modern world offers innumerable opportunities to all for making debts; indeed, through high-pressure advertising it even urges and begs people to buy on the installment plan, to accept loans "on their signature", to borrow money on their property and possessions, and to accept services that they can pay for only in the future. As a result, three classes of people may be identified on the basis of their attitude toward debts.

1. The first class, consisting of the strongest and most dependable characters, includes all who have resisted the popular trend toward going into debt, and who therefore contract no debts except such as are necessary (e. g., for doctor's services) or are clearly within their future means to pay. They seldom buy "on time", preferring to save their money and buy what they want for cash. If they do find it necessary or reasonable to go into debt for something, they do not rest until the debt is paid, and will make any sacrifice to meet the payments.

2. The second class consists of those who carelessly go into debt beyond their means, and who are prone to buy themselves new comforts and conveniences even when old debts still remain unpaid. Such persons may owe large sums to their doctor, grocer, butcher, etc., yet you will see them making a down payment on a new car, knowing that this will simply put off indefinitely the payment of their other debts. Of course they seldom have anything to give to charity or religion, and they complain when they are asked to give to such causes. They are the shiftless and undependable. They are numerous too, as the unpaid accounts of doctors, grocers, parishes, etc., would reveal.

3. The third class consists of those who are known as dead-beats. They contract debts and then deliberately scheme to get out of paying them. They simply forget creditors who do not press or prosecute them; and they escape others by moving from place to place and leaving no trace, or by lies and misrepresentations concerning the goods received. Such persons not only possess base characters; they should be in jail.

Every God-fearing, justice-loving human being should try to be a member of the first class here described; not of the second or the third.

*The Liguorian*

* *

I know of nothing that reveals the kind of people we are, more than the way we speak of others. What handle do you give to the name of one you are describing?

Do his good qualities and good deeds describe him, or something wrong that he has done? You speak of him as honest, reliable, neighbourly, or just the opposite.

And those who listen: do they leave you only with the picture you have drawn of another? No indeed; it is your portrait that is carried away to stay with them.

The one of whom you spoke is forgotten, but you are remembered in the light of your words.

*The Open Window*

* *

An Irishman is rarely at a loss for a reply. One was asked what was the difference between Cherubim and Seraphim. After thinking a moment he answered, "Yes, let me see, there was a difference—but they made it up!"

*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam